പിന്നീടുള്ള നടത്തത്തിൽ യാതൊന്നും പറയുകയുണ്ടായില്ല.

രാത്രിയിൽ നല്ല മഴയുണ്ടായിരുന്നു ഉറക്കം വരാത്തതിനാൽ വാതിൽ തുറന്ന് പുറത്തേക്ക് നോക്കിയിരി

ക്കുമ്പോൾ പലതും ഓർമ്മ വന്നു.

ആദ്യമായി ആലിപ്പഴം പെയ്യുന്നത് കണ്ടത്..... ഓടിന്റെ പുറത്ത് മഞ്ഞുകട്ടകൾ കല്ലെറിയുന്നതുപോലെ വീഴുന്നതറിഞ്ഞ് ഞാനും ഏട്ടനും മനുവും കൂടി ഓടി മഴയത്തിറങ്ങിയത്.....
മഞ്ഞുകട്ടകൾ ജൂവലറി ബോക്സിൽ സൂക്ഷിച്ചുവച്ചിട്ട് പിന്നീട് അവ അലിഞ്ഞതറിഞ്ഞ് വിഷമിച്ചത്...
കണ്ണുകെട്ടി കളിക്കിടയിൽ നടക്കല്ലിൽ വീണു മനുവിന്റെ നെറ്റി പൊട്ടിയത്.

മാങ്ങ ചെത്തുന്നതിനിടയിൽ ഏട്ടന്റെ കൈമുറിഞ്ഞതുകണ്ട് പേടിച്ചു തലചുറ്റിയത്.... എല്ലാം....എല്ലാം...
മഴയിലേക്ക് നോക്കിയിരിക്കുമ്പോൾ പലതും ഓർമ്മവന്നു.
മഴത്തുള്ളികൾ നടക്കല്ലിൽ വീണ് ചിതറി തെറിച്ചുകൊണ്ടിരുന്നു.

"മുമ്പ് ആളും ബഹളവുമൊഴിഞ്ഞ നേരം ഉണ്ടായിരുന്നില്ല. എപ്പഴും ചിരിയും കളീം വിരുന്നുകാരും. ഇപ്പൊ ഓണത്തിനും വിഷുവിനും പോലും ആരൂല്യാണ്ടായി."

പാറുവമ്മ തുടർന്നു ചോദിച്ചു : "ഇക്കുറിം മോള് വിഷുവിനുണ്ടാവില്ല അല്ലേ ?"
"ഇല്ല പാറുവമ്മേ. വിഷു ഏട്ടന്റൊപ്പമാണ് കുറച്ച് വർഷങ്ങളായുള്ള പതിവ്."

പാറുവമ്മ വീണ്ടും ഗതകാലസ്മരണകളിൽ മുഴുകി; ഞാനും .

ദിവസങ്ങൾ ഓടിയകന്നു. രണ്ടാഴ്ച കടന്നു പോയതറിഞ്ഞില്ല.

എല്ലാ ദിവസവും വൈകുന്നേരം അമ്പലത്തിൽ പോയി തിരികെയുള്ള നടത്തത്തിൽ ഉണ്ണിയുമുണ്ടായിരുന്നു. എന്നും.

ഉമ്മറത്തെ ഭിത്തിയിൽ തറച്ചിരുന്ന വലിയ ഫോട്ടോയിലെ കൃഷ്ണനോട് ദിവസവും പിണങ്ങേണ്ടി വരും. ഇത്രവർഷങ്ങളായിട്ടും നീ എന്നെ തിരിച്ചറിഞ്ഞില്ലല്ലോ.

മറുപടി ഞാൻ പ്രതീക്ഷിച്ചിരുന്നില്ല.

"ഞാൻ നാളെ മടങ്ങുകയാണ്." പതിവുപോലെ അമ്പലത്തിൽ നിന്നു മടങ്ങുമ്പോൾ ഞാൻ പറഞ്ഞു.

മറുപടിയായി ഉണ്ണിയുടെ മൂളൽ കേൾക്കാൻ പതിവിലും വൈകി.

വീട്ടുപടിക്കലെത്തിയപ്പോൾ ഞാൻ ഭയന്നു. കാരണം എന്റെ കണ്ണിൽ ഒരു കണ്ണുനീർത്തുള്ളി പിച്ചവയ്ക്കുന്ന പിഞ്ചുകുഞ്ഞിനെപ്പോലെ തെന്നിതെറിച്ചു നിൽക്കുന്നുണ്ടായിരുന്നു ; ഇപ്പോൾ വീഴുമെന്ന ഭാവത്തിൽ.

കൈകൊണ്ട് അതിനെ ഒപ്പിയെടുക്കാൻ ഞാൻ മടിച്ചു. കാരണം ഞാനതിനെ സ്നേഹിച്ചു പോയി.

"റെയിൽവേ സ്റ്റേഷൻ വരെ ഞാനും വരാം. കൂടുതലൊന്നും പറയാതെ ഉണ്ണി നടന്നു നീങ്ങി.

എല്ലാ തവണത്തെയും പോലെ വാതിലുകളും ജനലുകളും തഴുതിട്ട് ഉമ്മറവാതിൽ ചിത്രപ്പൂട്ടിട്ടു പൂട്ടി കൽപടവുകളിറങ്ങി വഴിയിലെത്തുമ്പോൾ കൃഷ്ണേട്ടനും പാറുവമ്മയും വത്സലേച്ചിയും ഉണ്ണിയുടെ അരികിലുണ്ട്.

കണ്ണുകൾ കവിഞ്ഞൊഴുകാതിരിക്കാൻ ശ്രമിച്ചുകൊണ്ട് താക്കോൽ വത്സലേച്ചിയെ ഏൽപ്പിച്ചു.

പാറുവമ്മയോടും കൃഷ്ണേട്ടനോടും മൗനമായി യാത്ര ചോദിച്ചു.

റെയിൽവേ സ്റ്റേഷൻവരെയുള്ള യാത്രയിൽ മൗനം ദുസ്സഹമായിരുന്നു.

ബാഗുകൾ ഉണ്ണി തന്നെ ഒതുക്കി വെച്ചു. യാത്ര പറയുവാൻ എനിക്ക് വാക്കുകളുണ്ടായിരുന്നില്ല. ഒരക്ഷരം കൂടി ശബ്ദിച്ചാൽ പൊട്ടിക്കരയുമെന്ന് തോന്നി.

"അടുത്ത വെക്കേഷൻ നമുക്ക് കാനഡയിൽ കൂടാം; മനുവിന്റെയൊപ്പം. ചിരിക്കാൻ ശ്രമിച്ചുകൊണ്ട് ഉണ്ണി പറഞ്ഞു.

ഉണ്ണിയുടെ കണ്ണുകളും എന്തോ നിറഞ്ഞിരുന്നു. ട്രെയിൻ വേഗതയെടുത്തു

ജനാലയിലേക്ക് തല ചായ്ക്കവേ ഞാനോർത്തു.

അടുത്ത വെക്കേഷൻ

അതേ, അടുത്ത അവധിക്കാലം !

ഓരോ വർഷവും നാട്ടിൽ നിന്നുള്ള ഈ മടക്കയാത്രയിൽ ഞാൻ ഓർക്കാറുള്ളതും അടുത്ത വർഷത്തെ അവധിക്കാലത്തെക്കുറിച്ചാണ്.
അടുത്ത അവധിക്കാലം............???

# My poem and a Tree



S. Arun
*Sopanam'05*

I know that I shall never see.
A poem as lovely as a tree.

A tree whose hungry mouth is pressed.
Against the earth's sweet flowing breast;

A tree that looks at God all day,
And lifts her leafy arms to pray;

A tree that may in Summer wear/
A nest of robins in her hair;

Upon whose bosom snow has lain;
A tree that intimately lives with rain.

Poems are made by fools like me.
But only God can make a tree.

# പരമ്പര

**കുമാരൻ**
(പ്ലാന്റേഷൻ ക്രോപ്സ് & സ്പൈസസ്
ഫാം മാനേജർ ഗ്രേഡ് 1

അന്തമില്ലാത്ത, അർത്ഥമില്ലാത്ത
പരമ്പര കണ്ട് കണ്ട് പമ്പര
വിഡ്ഢികളാകുമോ എന്റെ പരമ്പര
എന്നോർത്തമ്പരക്കുന്നു ഞാൻ.

പരമ്പരക്കാധാരമേതുമാകാം
അല്ലെങ്കിലാധാരമേ വേണ്ട
നിർബന്ധമൊന്നുമാത്രമതനന്ത-
മായിരിക്കണം കഥ
ആയതിനാലാധരക്കാനും (ആധാരമെഴുത്തുകാരൻ)
ഇവിടെ പരമ്പരക്കഥാകാരനാകാം
പരസ്യക്കാരനെ 'പാട്ടി'ലാക്കിയാൽ മതി

ജാരസന്തതിക്കാലം കഴിഞ്ഞു
അവിഹിതവും കണ്ണീരുമിനിവേണ്ട
ദൈവങ്ങളേക്കാളാൾ ദൈവങ്ങൾ-
ക്കാരാധകരേറെയുള്ളൊരിടം.

ഇവിടെ ഭക്തി 'മൂത്തോർ'ക്കിഷ്ടം
ഇല്ലാത്ത റിയാലിറ്റിയാണി-
ളയ പരമ്പരക്കിഷ്ടം-
റിയലെസ്റ്റേറ്റാണല്ലോ നേട്ടം.

ഇനി പാരമ്പര്യമേതും പറയുവാ
നില്ലാത്തോർക്കന്തമില്ലാത്തൊരീ
പരമ്പര കണ്ടതിൽ പാരമ്പര്യ
മോർത്തിട്ടന്തസ്സായ് അന്ത്യംവരിക്കാം.

ഇങ്ങനെ, പറയുവാനേറെയുണ്ട്
പരമ്പര പുരാണമെങ്കിലു
മധികമായാലതുമിതു(പരമ്പര) പോ
ലായാ, ലായതിനാൽ ശുഭം.

# Nostalgia....

The Campus Diary



ഒരുമയുടെ ഒരു കുടക്കീഴിൽ സൽക്കാരമോതുമ്പോൾ;
സൗഹൃദത്തിൻെറ തളിരിളം നാമ്പുകൾ മനസിൽ പൊട്ടി വിടരുമ്പോൾ....
പ്രണയത്തിൻെറ നനുത്ത സ്പർശം യുവഹൃദയങ്ങൾ തരളിതമക്കുമ്പോൾ ....
മാറിവരുന്ന ഓരോ ഋതുവിനും വിരുന്നൊരുക്കി.....
പാലക്കാടൻ കാറ്റിൻെറ തലോടലിൽ കളികൾ പറഞ്ഞ് ....
സുസ്മേര വദനയായ്, മനോഹരിയായ് ഹോർട്ടിയുടെ
ഹരിത സുന്ദര ഭൂമിയിൽ പുഷ്പോത്സവമൊരുക്കി ഈ ക്യാംപസ്

# memoirs of tours



# UNION ACTIVITIES



Crib Competition

Christmas celebration

Noopura '07 -Mime

Drama

Ona Sadya

Feliciting the JRF Winners

Foot ball team -ready to beat

Audiance attending a talk in Seminar hall

# Onam celebrations....





# learnig through experiences...






RAWE '07- VASANTHAM
RAWE EXHIBITION


VEGETABLE PLOT
RICE WORK EXPERIENCE




Tapioca harvesting festival





Chemind
Authorised Stokist of Olympus Microscope
Chemind HOUSE
1. Wide Range of Lab Products From MERCK LIMITED
2. BOROSIL R Glasswares.
3. QUALIGENS Fine Chemicals.
4. SRL Fine Chemicals.
5. Nice Fine Chemicals.
6. AGAPPE Diagnostics.
7. ELICO Instruments.
8. ROTEK Instruments.
9. TARSONS Plasticwares.
10. JOHNSON & JOHNSON
11. Arkray Piramal Medical Pvt Ltd Diabetes Care Division.
12. BANGALORE GENEI Biologicals & Research Products.
13. SPAN Diagnostics
14. Thermo Fisher Scientific
The One - Stop Shop for Laboratory Products
MERCK
GENEI
ELICO
SPAN
BOROSIL
Qualigens
SRL
AGAPPE
NICE
TARSONS

# നിങ്ങളെന്നെ അത്‌ലെറ്റാക്കി ?



അഷിത. [illegible]
സോപാനം' 05



L. H. ഉറങ്ങിയിട്ടുണ്ടായിരുന്നില്ല. കാരണം നാളെ Agronomy Quiz exam ആണ്. പതിവുകാഴ്ചകൾ ഈ രാത്രിക്കും ആവർത്തനവിരസത ഉളവാക്കി. തുറന്നുകിടക്കുന്ന വാതിലുകൾ, അണയാത്ത ദീപങ്ങൾ നടുമുറ്റത്ത് ഈയാംപാറ്റകളെപ്പോലെ പാറിപ്പാറി തലയിൽ എന്തെങ്കിലും കുത്തികയറ്റുന്നവർക്കും ആശ്വസിക്കാൻ എന്നും പറയാറുള്ളതുപോലെ ഒരു വാചകം. "നീ ടെൻഷ നടിക്കാതിരി, exam തുടങ്ങാൻ (9 മണി) 10 - 12 മണിക്കൂർ ഇനിയും ബാക്കിയുണ്ട്."

പുസ്തകത്താളുകളിലെ ഉറങ്ങിക്കിടന്നിരുന്ന വരികളെ ഉറക്കമുണർത്തി കൂട്ടിനിരുത്തി ശിവരാത്രി ആഘോഷിക്കുന്ന യുവവൃന്ദങ്ങൾക്കിടയിലേക്ക് കൊടുങ്കാറ്റുപോലെ, പേമാരിപോലെ ഒരു ഫോൺ നാദം. M.H ൽ നിന്നാണ്. Quiz exam പൊങ്ങിയതും സുനാമി പോലെ വന്ന സ്പോർട്സ് മീറ്റുമായിരുന്നു വിഷയങ്ങൾ. ഉടൻ G.B. വിളിച്ചു കൂട്ടുക CRP യുടെ ആജ്ഞ - ആജ്ഞമാറി, ആജ്ഞ G.B യായി അത്‌ലെറ്റുകളുടെ list പിറന്നു, ഒരുക്കങ്ങളെല്ലാം പൂർത്തിയായി.

പുതിയ പ്രഭാതത്തോട് രാത്രി വിടപറയുന്ന വേളയിൽ LH ന്റെ അടഞ്ഞുകിടന്ന ഗേറ്റ് തുറന്നതും കൂട്ടിൽ നിന്ന് പറന്നു പോകുന്ന കിളികളെപ്പോലെ ഒരുപറ്റം നാലുപാടും ഓടിനോക്കി. മരങ്ങൾ പറഞ്ഞു, പക്ഷികൾ പറഞ്ഞു, അവരെ അനുഗമിച്ച ശുനകന്മാരും പറഞ്ഞു - "അവർ ജോഗിംഗിലാണ്. സെൻട്രൽ ലൈബ്രറി സാക്ഷി, സെൻട്രൽ ഓഡിറ്റോറിയം സാക്ഷി. Ground ന് ചുറ്റും പന്തലിച്ച ഡിവിഡിവി മരങ്ങളും സാക്ഷി.

L.H ൽ തിരിച്ചെത്തിയ അത്‌ലെറ്റുകളെല്ലാം സ്വന്തം കഴിവിൽ തികഞ്ഞ ആത്മവിശ്വാസമുള്ളവരായിരുന്നു. റെക്കോർഡുകൾ തകർത്തെറിയപ്പെട്ടേക്കുമെന്ന് കരുതി പലരും ലിസ്റ്റിലെ പേരുകൾ തിരുത്തി എഴുതി. ഒരുകൂട്ടം ഊർജ്ജം മുഴുവൻ ഒരു നിമിഷത്തേക്ക് കരുതിവെച്ച് പുതപ്പിനുള്ളിൽ ചുരുണ്ടു കൂടിക്കിടന്നു, ലിസ്റ്റിലെ പേരുകൾ മാറ്റി [illegible] മായി ഉണർന്നിരുന്നു.

കൃത്യം 8 മണിക്ക് പച്ചയും പച്ചയുമണിഞ്ഞ് ഇല്ലാതെ പോയ ട്രാക്സ്യൂട്ടിനെ ഓർത്ത് ഞങ്ങൾ പിന്നിട്ട വഴി എത്തിച്ചേർന്നത് ഒരു പാട് പുല്ലുകൾ നിറഞ്ഞ Ground ലേക്കായിരുന്നു.

Ground ന്റെ ഒരുമൂലക്ക് [illegible] കണക്കെ ഉയർന്ന പന്തലിൽ നിന്ന് 'കോളാമ്പി ഗീതങ്ങളെ' ഓർമ്മിപ്പിക്കുമാറ് സംഗീതം അലയടിച്ചുയരുന്നുണ്ടായിരുന്നു.

ടീം അംഗങ്ങളെല്ലാം തയ്യാറായി. അവർ ഓപ്പണിംഗ് സെറിമണിക്ക് മുഴുപ്പേകാനുള്ളതെല്ലാം ചർച്ച ചെയ്യുന്നതിരക്കിലായിരുന്നു. പൊങ്ങിപ്പറന്ന പതാകയ്ക്കു പുറകിൽ അനുസരണയോടെ നിന്നപ്പോഴേക്കും സൂര്യൻ വെയിൽ കൊണ്ട് മൂടിത്തുടങ്ങിയിരുന്നു.

അത്‌ലെറ്റുകളെല്ലാം നമ്പർ വാങ്ങാനുള്ള അനൗൺസ്മെന്റ് വന്നു. ആദ്യം ഓട്ട മത്സരങ്ങളാണ്. എനിക്ക് പ്രത്യേകിച്ചൊന്നും ചെയ്യാനുണ്ടായിരുന്നില്ല. ഡിവിഡിവിയുടെ ചുവട്ടിൽ എല്ലാവരെയുംപോലെ പ്രോൽസാഹനകമ്മറ്റിയിൽ കൂടി കൂകി വിളിച്ചപ്പോഴാണ് പെട്ടെന്നൊരു ഉൾവിളിയുണ്ടായത്. "അരുത് നിന്റെ ഊർജ്ജം പാഴാക്കരുത്. ഇനി വരുന്ന മൂന്നോ നാലോളം item മത്സരങ്ങളിൽ നിന്ന് ഒരു ചാമ്പ്യൻ - സ്ത്രീലിംഗം ചാമ്പ്യ എന്ന് പറയാമോ? അറിയില്ല- ജനിക്കേണ്ടതായിട്ടുണ്ട് [illegible]

ഹനകമ്മറ്റിക്ക് അല്പനേരം വിട. കുറച്ചങ്ങോട്ട് മാറിയിരുന്നാൽ LRP യുണ്ട്. LRP യുടെ കയ്യിൽ ഗ്ലൂക്കോസുണ്ട്. സോപ്പിട്ടാൽ ഒരല്പം ഒപ്പിക്കുകയുമാവാം. ഭാവി ചാമ്പ്യ LRP യുടെ അടുത്തേക്ക് നീങ്ങാൻ കാലതാമസമുണ്ടായില്ല.

പൊരിവെയിലിൽ മത്സരങ്ങൾ തുടർന്നു. എന്റെ മത്സരങ്ങളിൽ ആദ്യത്തേത് long jump ആണ്. വെറുതെ ഒന്ന് ചാടിനോക്കിക്കളയാം. കാറ്റ് അനുകൂലമാവുകയാണെങ്കിൽ പുതിയ റെക്കോർഡ് സൃഷ്ടിക്കുകയുമാവാം.



ഒരുപാടൊരുപാട് [illegible]ളുകട്ടലുകളോടെ മത്സരസ്ഥാനത്തെത്തി. മത്സരത്തിനുമുമ്പ് ചാടിനോക്കി ഊർജ്ജം കളയരുതെന്ന് മനസ്സ് പറഞ്ഞു. എങ്കിലും വെറുതെ ഒന്നു ചാടിനോക്കി. ഇളകിക്കിടന്ന മണൽത്തരികൾക്ക് സ്ഥാനഭ്രംശം സംഭവിക്കാതെ, ഒരിളക്കം പോലും പറ്റാതെ അരമീറ്റർ ദൂരം ഞാൻ ചാടിത്താണ്ടിക്കഴിഞ്ഞിരിക്കുന്നു. കണ്ടുനിന്നുവരെല്ലാം പറഞ്ഞു 'ഇവർ ചാമ്പ്യ, ഭാവി വാഗ്ദാനം.' വീണ്ടുമൊരുപ്രാവശ്യം കൂടി ഞാൻ long jump ചാടാതെ നോക്കാൻ അവരുടെയെല്ലാം ഈ പ്രശംസാവചനങ്ങൾക്ക് കഴിഞ്ഞു. നന്ദി. എല്ലാവർക്കും.

Long jump പോകട്ടെ, ഒരു high jump ആയിക്കളയാം. high jump ചാടാൻ തയ്യാറെടുത്ത് കഴിഞ്ഞിരിക്കുന്നു. അപ്പോഴാണ് ഇടിമുഴക്കം പോലെ ഒരു വാർത്ത വന്നത്. High Jump ന് മറ്റു മത്സരാർത്ഥികളില്ലാത്തതിനാൽ അതു ക്യാൻസൽ ചെയ്തിരിക്കുന്നു. നിരാശയായിരുന്ന മനസ്സു നിറയെ. ജീവിതത്തിലാദ്യമായി ന് ചാടാനുള്ള എല്ലാ ആശകളും ഒരു നിമിഷം കൊണ്ട് തകർന്നു.

ഇനിയുമുണ്ട് രണ്ട് മത്സരങ്ങൾ ജാവലിൻ ത്രോയും ഷോട്ട്പുട്ടും മത്സരം തുടങ്ങാറായി. എല്ലാ ചലന നിയമങ്ങളെയും മനസാസ്മരിച്ചുകൊണ്ട് പരിശീലനം നടത്തി 45 അളക്കാൻ പ്രൊട്രാക്ടർ കൊണ്ടുവരാൻ രണ്ടു സുഹൃത്തുക്കളെ ഹോസ്റ്റൽവരെ ഓടിച്ച വിവരം രഹസ്യമാക്കി വയ്ക്കുന്നില്ല. പ്രൊട്രാക്ടറിലെ ഒരു കഷ്ണം ഒടിഞ്ഞു പോയതുകൊണ്ട് Angle കൃത്യമായി എടുക്കാൻ കഴിയാതെ പോയതു തന്നെയാണ് എന്റെ പരാജയകാരണമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

അടുത്ത മത്സരം തുടങ്ങാൻ സമയമിനിയും ബാക്കി അല്പനേരം വിശ്രമത്തിനായി ചെലവിടുന്നതിൽ കുഴപ്പമില്ല എന്നുകരുതിയതുകൊണ്ട് ഡിവിഡിവിയുടെ തണലിൽ അഭയം പ്രാപിച്ചു.

തിളങ്ങുന്ന മത്സരങ്ങളെല്ലാം നടന്നുകൊണ്ടിരിക്കുന്നു. ആയിരം, രണ്ടായിരം മീറ്ററുകളിൽ ഓട്ടമത്സരം. താരങ്ങൾ പറന്നുകൊണ്ടിരിക്കുന്ന കാഴ്ച ഒരു വശത്ത്. ദാഹം തീർക്കാനായി നാരങ്ങവെള്ളത്തിന് ക്യൂ നിൽക്കുന്ന പ്രോത്സാഹനകമ്മറ്റി മറ്റൊരു വശത്ത്. പ്രോത്സാഹനകമ്മറ്റി മുഴുവൻ ക്യൂവിലാണ്. നാരങ്ങാവെള്ളം കുടിച്ചു കഴിഞ്ഞാൽ കൈയടികൾക്ക് ശക്തിയും ശബ്ദവും കൂടുമെന്ന് പറഞ്ഞതാരാണ് ? അറിയില്ല.

ടീച്ചേഴ്സിന്റെ നടത്തമത്സരം. കാലിൽ ചക്രം ഘടിപ്പിച്ചിട്ടെന്നപോലെ എല്ലാവരും നടക്കാൻ തുടങ്ങി. ചില സാങ്കേതിക കാരണങ്ങളാൽ മറ്റാർക്കും ഒന്നാം സ്ഥാനത്തെത്തിയ ആളുടെ മുൻപിൽ കയറാൻ സാധിച്ചില്ല എന്ന

തൊഴിച്ചാൽ എല്ലാം ശുഭം. മംഗളം.

എല്ലാവരും കാത്തിരുന്ന റിലേക്കുള്ള സമയമായി. റീലേക്കായ് ടീമംഗങ്ങളെ സംഘടിപ്പിക്കാനുള്ള ഓട്ടം ഒരു വശത്ത് തകൃതിയായി നടക്കുന്നു. എല്ലാത്തിനുമൊടുവിൽ ടീം അംഗങ്ങൾ റെഡിയായി - ഓൺ യുവർ മാർക്ക് - Go.......

ഇനി shotput മത്സരം. ഒരു ചാമ്പ്യനാകാനുള്ള അവസാന മോഹങ്ങൾ മനസ്സിൽ എരിഞ്ഞടങ്ങുകയായിരുന്നു. ഒരു മത്സരത്തിൽ മാത്രം വിജയിച്ചാൽ ചാമ്പ്യ ആവാൻ പറ്റില്ല. ഇത്രയേറെ വിഷമങ്ങൾ മനസ്സിൽ ഭാരമായപ്പോൾ കൂടുതലായി ഭാരം ചുമക്കാനോ എറിയാനോ കഴിയാത്ത വിധം കൈകൾ തളർന്നതുപോലെ.....

കൂടുതലൊന്നും പറയാനും ചെയ്യാനുമില്ലാതെ ഞാൻ ഷോട്ട്പുട്ടിൽ നിന്നും പിൻവലിഞ്ഞു. പ്രോത്സാഹനകമ്മറ്റിയിലപ്പോഴും സ്ഥാനം ഒഴിഞ്ഞുകിടക്കുന്നുണ്ടായിരുന്നു. ഡിവിഡിവിയുടെ ചുവട്ടിൽ നിന്ന് ദു:ഖഭാരത്തോടെയാണ് എഴുന്നേറ്റത്. സൂര്യൻ പടിഞ്ഞാറ് വിശ്രമിക്കാൻ പോകാനൊരുങ്ങുന്നു. ഗ്രൗണ്ടിൽ വരി വരിയായി നിൽക്കുന്ന പ്രോത്സാഹനകമ്മറ്റിക്കു മുമ്പിൽ സമ്മാനദാനം പൊടിപൊടിക്കുന്നു. അവസാനം ഏറ്റവുമവസാനം 'ചാമ്പ്യനും' 'ചാമ്പ്യ'ക്കുമുള്ള സമ്മാനം....... മനസ്സപ്പോഴെല്ലാം സ്വയം സമാധാനിപ്പിക്കുകയായിരുന്നു. സ്പോർട്സ് മീറ്റുകളിനിയും വരും...... !

❖

# मेरा कैम्पस

चार साल पहले की बात है,
याद अभी भी है ।
आया था, अकेले मैं इस बगीचे में,
मिले मुझे बहुत सारे संगी साथी ।

मिला मुझे फूलों का संग,
जिया यहाँ मैं जी भर के;
हसके - हँसके, कभी न रोके ।

दुलार देकर मुझे इसने पोसा,
दौड़ा मैं इसकी सड़कों पर;
जो भरे हुए थे लाल फूलों से।
दिया मुझे आराम इसको,
हर पेड़ की छाया ने ।
मिला मुझे ज्ञान यहाँ से,
जोशीले, ज्ञानपूर्ण गुरुजनों से।
दर्द बहुत होता है मन में,
जुदा होने की इस घड़ी में ।
जाऊँगा मैं तुझको छोड़कर,
यादें लेकिन ले जाऊँगा ।
याद रहेगा जीवन भर
तेरा स्नेह, तेरा आंगन.....
ओ मेरे कैम्पस ।

**M. SAFEER**
**Pegasus '04**




COMPUTER ARCADE
AMBIKA ARCADE M.G.ROAD,
THRISSUR -1 PHONE. 2321139,2322778
e-mail: compute@rarcadesancharnet.in
COMPAQ
acer
lenovo
hp
Computer Sales & Services, Networking.
Annual Maintanance, 0 % Loan Finance

# My memoirs on snake gourd



Divya Thomas
Pegasus '04

"Your crop is snakegourd"said our Work Experience teacher Nirmala Miss. I did not know whether to feel happy or sad, because I was not a big fan of the crop. But then I thought that I was better off than the poor souls who had got amaranthus & tomatoes. At least I won't have to transplant hundreds of seedlings. . . so there -it was my silver lining!

Then came the record submission regarding the POP of snakegourd. As I checked what my friends had written, I saw at the end-" harvested for 1-2 yrs"! thought"hey here is a point I missed out" and immediately copied it down.When we got our records back ,there -in big red letters were the words written- IS SNAKEGOURD PERENNAL ? Oh oh! I'm -in big trouble now -I thought. We got a sound scolding from Miss for being so careless. Next operation was the land preparation-we were thankful that we had only 1 cent of land . So only 9 pits had to be dug out. Alleluia! !

At the personal front, I had started eating the snakegourd dishes being doled out at the LH with great relish.. afterall, if I don't eat my crop, who will?!! So there I was eating my delicious crop.

On sowing the seeds , we discovered that it is a late starter, taking 7-10 days to germinate. Of the 27 seeds I had sown, only 3 had germinated, "OK, not so bad. At least some have germinated" I thought. But then I looked at my neighbours-oh my God The grass was definitely greener on the other side. They had almost complete germination DARN!! Just my luck! Thus began a series of comical events- I tried to raise it in polybags, replanted it, re re-planted it, said a lot of prayers. Promised God that I would light a packet of candles in the church. "Please let my crop germinate Lord... PLEASE!!!". Soon we had to leave for the North-India tour everyone else had a flourishing crop by this time, except me. I had only 3 plants,growing rather timidly-While others were applying the 1st dose of fertilizer , I was still praying hard for a miracle.I went to report my crop status to Miss before leaving for the north India tour. Miss was very supportive- "Don't worry. Enjoy your tour and come back.Then we will see what we can do"Ahhh... what a relief. I decided not to worry about my plot till the end of the tour. (I did sneak in a prayer or two once -in a while for the plot though)

After I month when we returned from the tour, it was with great trepidation and anxiety that I approached the plot. Just before reaching the plot I closed my eyes...then slowly opened one eye and peered at the pits.1,2,3,....7!!!0h God!! thank you soooo much!! I was the proud & rather relieved owner of 7 germinated plants!!!.I made a mental note to "light the candles -in the church on Sunday...

Thereafter we raised a pandal for the plot.We did get some help from the farm labourers.I learned the tradenames of different ropes tike Choodi. Muppiri. After that my Baby (Yes, the variety is also BABY) flourished and looked healthy, no more resembling babies in incubators, struggling for life After a few days, came a flower and a fruit set. This called for a celebration and some more hardwork-covering the fruits with paper to prevent fruitfly attack. This was not easy when the Palakkad winds started to resemble a cyclone. So we put

up the fruitfly traps. Then we realized that the fresh banana, jaggery & water had to be supplied every 2-3 days. Let me confess, while making the trap, even my mouth was watering. Can't blame the fruitflies for taking the bait.

Finally we got a good yield. Infact the yield was so good that the pandal fell down!" Oh man!! well, (I harvested whatever I could salvage from the plot and said the last prayers, bid goodbye to my baby, who had been a constant companion for 6 months.

So now I confess that I love snakegourd, though not its smell!!!

# കരിമ്പടം

വിരിയുന്നേറെ സൗരഭ്യസുന്ദര
മാർന്ന പൊൻപൂവുകളെൻ മിഴികൾ
ക്കാവൃതമായ് വന്യമാം സ്ഥലികളിൽ
നീരുറ്റ കടും ചെളിക്കുണ്ടിൽ
നിന്നല്ലയോ
വീറുറ്റ ചെന്താമരപ്പൂവുകൾ വിടരുന്നു;
പൊഴിയുന്നൂ നിലാവിനൊത്തൊരാമ്പൽക്കുമ്പുകൾ
ആവൃതമനാവൃത മദൃശ്യദൃശ്യമവ
യെൻ ധിഷണയ്ക്കു വിരുദ്ധം വിപരീതം
കരിമ്പടം പുതച്ചു പുകച്ചു ചാടി
യ്ക്കുന്നവയെൻ അഹന്തയെ

എ.ഡി. സുജിത്
ഓഫീസ് സ്റ്റാഫ്




# जब मूझे प्यार हुआ?

**Sooraj Chouhan**
Poseidon'07



मै उस वक्त को आज भी याद कर अपने दिल से पूछता हूँ क्या मूझे प्यार हूआ था तो मेरा दिल उधेरबुन में पड़ जाता है और मेरे इस प्रश्न का जवाब नही दे पाता है । मैं उस पल को शायद कभी भूल भी जाऊँ ये तो मैं नहीं जानता पर ये मैं जानता हुँ कि मूझे उसका आज भी इंतजार है ।

वो खूबसूरत सी लडकी, जिसकी आँखे झील सी थी जो मूझे अपनी और न चाहते हुऐ भी खींच लेती थी । वो रेशम की बाल जिसे सूलझाने की चाहत आज भी मेरे दिल मे है । वो हिरण सी चाल जिसपे मैं मर मिटने को भी तैयार हुँ ।

हमारी मूलाकात या तो एक संयोग थी या फिर खूदा की रहमत । मै क्लास में अकेले बैठा कुछ प्रश्नो को हल कर रहा था तब उस लड़की ने प्रवेश किया वो जा कर मेरे बगल वाले सीट पर बैठ गयी । मैं पहले सोचा "यार कोई होगी, अपने को क्या जाता है" फिर मैंने उसके बारे में अपने दोस्तो से पूछा तो उन्धने बताया की वह हमारे coching class मे new entry है । मैं चूपचाप बैठा रहा और अपने काम मै लगा रहा । इस तरह समय गूजरता गया पर मैं इस बात को महसूस कर रहाँ था कि वो मूझे रोज देखती है । कुछ ही दिनो बाद उसका BirthDay आया ।

बात करते करते समय का कुछ पता न चला और हम दोनो को समय का ऐहसास कोचिंग को गेट के बंद होने के बाद लगा । फिर इस तरह से हमदोनो एक अच्छे दोस्त बन गए ! लडाई - झगडा, हाँसी मज़ाक मानो हम दोनो के जीवन साथी बन गये। हमारी दोस्ती किस तरफ जा रही थी इसकी मूझे थोडी भी खबर नही थी ।

अचानक एक दिन उसने मूझे पूछा "तूम मेरे बारे में क्या सोचते हो ? इसकी यह प्रश्न मूझे थोडी अरपरी सी लगी लेकीन यह प्रश्न कितनी गहराई से पूछा गया था इसकी मूझे थोडी भी खबर न थी। इन सब धरनाओं के बाद हमारी दूए थोड़ी बढती गई जा मूझे अच्छा न लगा और मैं उससे पूछ बैठ "अरिवर problem क्या है। वह रोने लगी और उसने वह कह दिया जिसकी मैं ने कभी आशा भी न कि थी I Love you. यह सुनकर मैं घबडा सा गया और उससे पूछा are you all right? इस तरह से ध्मारी दोस्ती एक सुनहरी ख्यार मे बदल गई । हम दोनो एक दूसरे का करने लगा फोन पर काफ़ी देर की बातचीत, साथ-साथ बैठ कर पढना, खाना, मानो हम दोनो दो जिस्म एक जान से बन गये ।

पर नियती को यह मजूर न थी मै ने entrance लिखा और मै clarify कर गया । यह बात जब मैंने उसे बताई ते उसे मानो लग गया । वह बिफर - बिफर कर रोने लगी । पर मैं मजबूर या । मै उन सूनहरी यादो को अपने से लपेरे ते दूर अपनी मंजिल को चला आया ।

# Excerpts from My DIARY

We, the students of Pegasus 2004, had embarked on our North India Tour on November 4, 2007.

The Tour turned out to be a "mixed bag". It had its share of fun & woes. Ear-to-ear grins decorated our faces when we spent 2 fabulous days in the ever-majestic, luxurious, unforgettable & royal Rajadhani Express with its 24 hour air-conditioning & nonstop food supply (Ahem.... I can't resist mentioning that Rajeena was sobbing uncontrollably after we stepped out of the Rajadhani Express. I leave it to you, readers, to ponder over the issue.) Playing cards, singing at the top of our voices, teasing each other, eating chowmein & momo...... we had never had a boring moment. Liju's contorted face each time he smelt EK's socks, Safeer's pathetic Hindi dialogues confusing drivers, guides, conductors & vendors alike, Shobhana's unsuccessful attempts to shoo away the army of ferocious ants which had congregated on her hair thanks to Liju squeezing an orange over her head, Chithra's witty remarks to the receptionist at the International Youth Hostel in Delhi, our snowball games at Manali, Manju & Lallu being chased by monkeys in Simla....... the list of sweet memories is never-ending. On the other hand, invisible tears streamed down our cheeks when we travelled miles & miles on foot uphill & downhill at Mashoobra Fagu. The miserable night we spent in Trisha Guest House in Darjeeling, the long & steep climb to Hotel Grand in Simla in the biting cold, the food poisoning episode in Chandigarh......... painful experiences which we pray our juniors will never have to endure.

The following are excerpts of my diary entries in which I had recorded live accounts of our experiences in the Trivandrum - Guwahati Express.

**November 5, 2007**

Dear diary,

The time is 5.40 pm now. After the plethora of confusion & chaos at the Thrissur Railway Station & the ensuing travails yesterday, today has turned out to be a long peaceful Monday for us. A quiet train journey with nothing out -of-the ordinary to offer. And now......I am feeling really bored.

Contrary to our rules prohibiting the entry of intruders, we have some special guests now in our coach. We have let them in only because they are getting down at Visakapatnam which is 'आसपास' according to Safeer. Our guests comprise 3 people. The plump lady in the orange saree is glaring at me at this moment as if I have done something seriously wrong to her. I think she has a feeling that I am scribbling down some scurrilous abuse about her. I can feel the heat of her stony gaze. I wonder whether I should look up, flash her one of my sweetest smiles & say, "Aunty, I am not jotting down anything bad about you, you know?" Ahem.......no, I have decided against it. She does not look like one to be won over by my attempts at sycophancy. Thankfully, now, she is looking away. I am finally relieved. She has opened her red bag & has taken out her tablets. She is having them now.

The other guests are a couple...... ...... a very quiet couple indeed. I call them 'quiet' because the husband and the wife haven't exchanged a word between them until now . Both

of them are looking around and seriously scrutinising the Horticos.

Karthika & Safeer are listening to music on Praveens Ipod. Also seated on the same berth is Shobhana, combing her hair & staring at Karthu & Safeer. Hmmmm......... isn't that a glint of jealousy I detect in her eyes? Now, the million dollar question is.......WHY IS SOBHANA JEALOUS??? Any guesses?

[PS : Now, the plump lady in the orange saree is glaring at Karthu & Safeer. Phew..... so she doesnot hate only ME !!!]

Gayathri is deeply engrossed in a book. Judging from the no: of pages, I guess she has finished reading about 3/4 ths of it.

(PS: - Now, the plump lady in the orange saree has fixed her glare on Sarath & Rajna. I am beginning to wonder whether there is something seriously wrong with her.]

Just now, a hijra entered our coach. Seeing him, Safeer hoisted himself on the upper berth with the skill& expertise of a monkey & lay down, covering himself from head to toe with a blanket I can make out that he is trembling with fear. Sarath was tempted to follow suit but was a little late in taking the cue. The hijra is fast approaching. He is demanding money from the boys. I can see Praveen take out a ten rupee note from his pocket. Sarath luckily escaped without having to yield to the hijra's demands. The hijra has now moved onto the next cabin. Unfortunately, from my position, I cannot see the responses of Liju, EK, Rajesh & Christy. Aaaha..... Safeer has finally decided that the coast is clear & it is safe for him to come down. He is climbing down now, a victorious grin on his face. After this incident, I guess we should be really proud of our CRP, Safeer. He has proven, beyond doubt, that he is a BRAVE young man !!! Hats off to you, Shhhhhafeer! We pray that many more hijras terrorise you in the days-to-come !!!



**Simi Mohan Kumar**
Pegasus '04

Oops..... I forgot to describe the hijra. Clad in a blue saree and a pink blouse, he was tall and wore really long and hanging earings. His hair was long & straight and a tuft of stylishly curled hair adorned the top of his forehead. His bhindi was red & round . Altogether, he looked yucky!

The plump lady in the orange saree has dropped off to a snooze now

In the next cabin, they are playing dumbcharades. From my position, I can see that Rajeena, Sarita, Arathy & Sara comprise one team. Ammu is staring out through the window. The wind has ruffled her hair badly. She looks very funny because her hair has fallen allover her face now. I cannot see the members of the other team. In the adjacent cabin, EK, Liju, Christy, Rakhi, Shobha & Shobhana are engaged in a vociferous game of cards. EK's howls and screams are so loud that at any moment, he might cross the 180 dB limit & damage human beings' hearing permanently!

The food has arrived. I am now in the first cabin and sharing the seat with Paul, DT & Jiksy. Seated opposite to me are Manu & Anu. To my left, Praveen & Resmi are having their dinner. Anu is teaching Paul, DT & Jiksy the rules of rummy. Her passion for 'rummy' is evident & I have a feeling that she will grow up to be like that character Sheela played in the movie "Manassinakkare". Manu has a disinterested expression on his face.

Manju now beckons me to join her for dinner. The pantry has served the same items for dinner as of lunch. I have distributed my amla pickles. The jar is now empty & I am planning to throw it out when the train, which has now halted at Visakhapatnam, starts moving. The time is 8.15 pm now.

Oh..... now that is a very loud scream coming from the next cabin !. All of us are startled. We rush to the spot. What a wonderful sight! EK is trying to murder Lallu by strangling her. I guess

she must have either disagreed with something he said or irritated him. Fafu, the valiant warrior , is making an earnest effort to rescue Lallu from the hands of the murderer. But in vain ! However, truth be told, victim Lallu seems to be very happy even in the midst of this commotion. She is all smiles & waving to me at this moment. Again, I marvel at those sweet dimples on her face.

Neeta keeps whining about the 2 kg of apples & 2 kg of oranges that her parents wanted her to take but she arrogantly refused to. Susha has found a new hobby ..... counting & keeping record of the number of mineral water bottles in front of her. Kavita is busy talking to someone on her cellphone. There is pin-drop silence in the last cabin because Chitra, Shilpa & Parvathy have switched off the lights & gone to sleep as per 'പെണ്ണമ്മ' Remya's instructions.

Some locals have now entered our coach. They want to occupy our reserved seats for the next hour. We have refused. So they are angrily protesting.

Due to the heavy flux of passengers into our coach, we are not able to make our way to either of the washbasins to wash our mouths.

I am now in my own cabin. Here, Amrutha is having a nap. She has developed a headache & Anisha is smearing Vicks on her forehead. EK is now reading a book. Rajesh, Liju & Christy are at the window enjoying (ironically) the sights.

The day is coming to an end. We are getting ready for a good sleep. Praveen has now come to our cabin to remind us to keep our luggage safely locked. It seems the railway stations in Bihar & Orissa are the bastions of robbers. We would be arriving at these stations at around 2 a.m or 3 a.m. I, Anisha, Liju, EK & Christy have put our heads together & thought of several traditional techniques (eg:- application of red chilly powder: dusting without duster reccommended) & modern, innovative techniques (I darenot mention these !) to combat the armed attack of Bihari robbers. It was a brainstorming session !

November 6, 2007

I spent the entire day playing "Bluff", that card game which Shobha, Shobhana & the others were playing yesterday. It is such a WONDERFUL game that I am really addicted to it now.

We discovered something today. Safeer & Rajesh are the biggest CHEATS of our batch ! Both of them are equally good at peeping into other's cards & then calling out utterly wrong numbers! Shobha, Shobhana & Rakhi are also stalwarts of this game. Shobha must be specially congratulated for her art of placing card numbers 2,3,4 & 5 facedown & calling out " നാല് six" with such confidence. She is such a fine player, one who looks into your eyes & lies perfectly. Manju & I are the scared ones who never take risks. And then, we have Christy, our official "Bluff Master", the genius who rarely loses.

The time is now 7.00 pm. Ajith Kumar sir has now come to tell us to keep our luggage ready & be prepared to disembark at NJP 3 hours later. So we have cleared away the cards. The boys have sprung onto the upper berths of our cabin & are rendering some melodies. The girls are having their handwriting analysed & commented upon by Arul sir for he is an expert in this.

Sameena is now in a heated discussion with Rajesh. From the serious looks on their faces, you would think they were debating on Albert Einstein's theories. Rohini is on her rounds, taking orders for dinner.

The end of our journey in this Trivandrum-Guwahati Express is nearing. We are all looking forward to a nice bath in the NJP railway dormitory tonight. I don't think I will be able to find time to continue with my diary writing in the next 20 days. So, until we meet again, Adieu Diary !

റജീസ് പി.സി.
സോപാനം '05

# അയാൾ ആർട്ടിക്കിൾ എഴുതുകയാണ്



സമയം : രാത്രി 8.30
സ്ഥലം : പമ്പാ മെൻസ് ഹോസ്റ്റൽ

മെസ് ഹാളിൽ നിന്നും തന്റെ 'കുമ്പ' നിറച്ചുകൊണ്ട് UG BLOCK - ലോട്ട് ഒരു സുന്ദരനായ യുവാവ് അതാ നടന്ന് വരുന്നു. വെളുത്ത് തടിച്ച ശരീര പ്രകൃതിയുള്ള അയാൾക്ക് ഒരു ബുൾഗാൻ താടിയുണ്ട്. അയാൾ Room No.28 ന്റെ വാതിൽ പതിയെ തുറന്നു. റൂമിന്റെ പകുതിഭാഗം മുഴുവൻ ഇരുട്ടിലാണ്. Seeing is believing എന്ന ക്യാപഷനുള്ള ഒരു പോസ്റ്റർ, Royal challenge white mischief, Romanov എന്നീ മദ്യ ബ്രാൻഡുകളുടെയും പോസ്റ്ററുകൾ. കൂടാതെ മാസങ്ങളായി അലക്കാതെ ഒരു മൂക്കിലിട്ടിരിക്കുന്ന കുറേ ഡ്രസ്സുകളും. ഇത്രയും സംഗതികൾ അയാൾ അവിടെയുള്ള മങ്ങിയ വെളിച്ചത്തിൽ കണ്ടു. ആകെയൊരു ബാർലി atmosphere. പക്ഷെ റൂമിന്റെ രണ്ടാം പകുതിയിൽ ഒരു tubelight തിളങ്ങുന്നുണ്ട്. ചുവരിൽ ലാലേട്ടന്റെ കുറെ പോസ്റ്ററുകൾ. അയാൾ റൂമിന്റെ ബാൽക്കണിയിലെത്തി. അവിടെയതാ ഒരു ഇരുമ്പുകസേരയിൽ കറുത്ത ചുണ്ടുകൾക്കിടയിൽ കാജാബീഡിയും വെച്ചുകൊണ്ട് ഞാൻ ഇരിക്കുന്നു. Chullan of sopanam എന്നാണ് ഞാൻ എന്നെ സ്വയം വിശേഷിപ്പിക്കാറ്.

ടേയ് Article റെഡിയായോ ?

ബുൾഗാൻ താടിവച്ചിട്ടുള്ള Student Editor എന്നോട് ... നാളേക്ക് OKയാകും ഞാനുറപ്പു നൽകി.

കാജാബീഡിയിൽ നിന്നും ഒരു long puff. lungs-ലോട്ട് എടുത്തുകൊണ്ട് ഞാൻ ആലോചിക്കാൻ തുടങ്ങി. Article- നെ കുറിച്ച്. അവസാനം ഞാൻ തീരുമാനിച്ചു എന്റെ Horticollege - ലെ ഇന്നലെ വരെയുള്ള അനുഭവങ്ങളെ...

രണ്ടുവർഷം കഴിഞ്ഞ... ത്തിയിട്ട് (Re-repeater) വീട്ടിൽ വെറുതേയിരിക്കുന്ന സമയത്ത

ICAR-ന്റെ Counselling - നുള്ള കാർഡ് വരുന്നു. Counselling ഡൽഹിയിലാണ്. എന്നെ സൃഷ്ടിച്ചതിൽ പാതി പങ്കുവഹിച്ച എന്റെ ഉപ്പയോട് ഞാൻ ചോദിച്ചു. നിങ്ങൾ Delhi കണ്ടിട്ടുണ്ടോ ?

അദ്ദേഹം : ഇല്ല

ഞാൻ : ഞാനും കണ്ടിട്ടില്ല. നമുക്കു രണ്ടുപേർക്കും കൂടി ഡൽഹിയിൽ ICAR counselling - നു പോകാം.

തിരൂർ സ്റ്റേഷനിൽ നിന്നും Mangala Express - ൽ കയറിയപ്പോൾ എന്റെ തൊട്ടടുത്ത സീറ്റിൽ അതാ ഒരു തടിയൻ ഇരിക്കുന്നു. അവനെന്റെ പേരു ചോദിച്ചു. തിരിച്ച് ഞാനവന്റെയും പേര് ചോദിച്ചു. അവനും ICAR കൗൺസിലിങ്ങിന് പോകുകയായിരുന്നു. ഡൽഹിയിൽ രണ്ടു ദിവസം ഞാനും ബാപ്പായും തെണ്ടിനടന്നു. Counselling - ൽ എനിക്ക് COH-ൽ അഡ്മിഷൻ ലഭിച്ചു.

നോമ്പുകാലത്താണ് ഞാനിവിടെ എത്തിയത്. ആദ്യദിവസം Assistant Warden -ന്റെ അഭ്യർത്ഥന മാനിച്ച ഒരു സീനിയർ എന്നെ അദ്ദേഹത്തിന്റെ Splendor ബൈക്കിൽ പള്ളിയിൽ കൊണ്ടുപോയി. അദ്ദേഹം ഒരു വാക്കുപോലും എന്നോട് മൊഴിയുന്നില്ല. അടക്കാനാവാത്ത ആഗ്രഹത്തോടെ, ഒടുക്കത്തെ ഭവ്യതയിൽ ഞാനദ്ദേഹത്തോട് ചോദിച്ചു. ഇക്കാടെ പേരന്താ ? തലയിൽ കഷണ്ടി കിളിർക്കുന്ന അയാളെനിക്ക് മറുപടി നൽകി : പേരൊക്കെ അൻക്ക് വയിയേ മനസ്സിലാവും. ചേട്ടൻമാരുടെ പരിചയപ്പെടലുകൾ രസകരമായി നടക്കുന്നു. ഒരാഴ്ച്ച പിന്നിട്ടപ്പോൾ Batch - ലോട്ട് ഒരാൾകൂടിയെത്തി. മറ്റാരുമല്ല. നമ്മുടെ ആ പഴയ തടിയൻ പരിചയപ്പെടലുകൾക്കൊടുവിൽ ഞങ്ങളുടെ CRP- യെ തിരഞ്ഞെടുത്തു. കറുത്ത മുഖത്തിൽ തിളങ്ങി നിൽക്കുന്ന പല്ലുകളുള്ള അവനെ ഞങ്ങളെല്ലാവരും സ്നേഹാദരപൂർവ്വം കാട്ടു എന്നു വിളിച്ചു.

പതിനൊന്നും നാൽപത്തഞ്ചും കൂടി മൊത്തം 56. നാല്പത്തിയഞ്ച് സുന്ദരികൾക്കിടയിൽ തന്റെ പ്രണയിനിയെത്തേടി പതിനൊന്നും പരക്കം പായുകയാണ്. അങ്ങനെയിരിക്കെ Sopanam Batch - ലെ ആദ്യത്തെ Registered Proposal നടക്കുകയാണ്. സിനിമാ സംവിധായകൻ ആകാനുള്ള തന്റെ അതിയായ ആഗ്രഹം മനസ്സിൽ കൊണ്ടുനടക്കുന്ന ഒരു സുന്ദരനായ കുള്ളനാണവൻ. പക്ഷെ ഞങ്ങൾ പതിനൊന്നു പേരുടെയും പ്രതീക്ഷകൾക്ക് മങ്ങലേൽപിക്കുന്ന ഒരു മറുപടിയാണ് അവൾ തന്നത്. ആരുടേയോ കണ്ണുനീരിൽ വന്ന മഴവെള്ളപ്പാച്ചിലിൽ ആ പ്രണയം ഒഴുകിപ്പോയി. Registered Proposal എന്ന് എഴുതാൻ ഒരു കാരണമുണ്ട്. ഞാനാനാണ് ആദ്യം Propose ചെയ്തത് എന്ന് ഒരുത്തൻ (TT) അവകാശവാദമുയർത്തുന്നു. അവൻ ഒന്നിൽ കൂടുതൽ സുന്ദരീകുസുമങ്ങളെ Propose ചെയ്തു. Proposal നിയമപ്രകാരം തെറ്റ് അവന്റെ ഭാഗത്താണ്. Propose ചെയ്യുക എന്നത് അവനെ സംബന്ധിച്ചിടത്തോളം ഒരു കലയാണ്. TT യുടെ രണ്ട് Proposal ഡയലോഗുകൾ Horti-യിലെ ഒരോ മൺതരിക്കും കാണാപാഠമാണ്. അതുകൊണ്ട് തന്നെ ആ ഡയലോഗ് ഞാനിവിടെയെഴുതി സ്ഥലം പാഴാക്കുന്നില്ല. Propose ചെയ്യുന്നതിനുമപ്പുറം Girls -നോട് 'ചളി' പറയുന്നതിൽ വളരെയധികം ആനന്ദം കണ്ടെത്തുന്ന ഒരാളാണ് ഇച്ചായൻ. നാവു ചുരുട്ടി നാണം കുണുങ്ങിക്കൊണ്ടുള്ള അവന്റെ സംസാരം Girls-ന്നിടയിൽ അവനെ Famous ആക്കി.

ഇനി ഞാൻ എന്റെ പ്രണയത്തെക്കുറിച്ചു പറയാം. ഒരിക്കലും പ്രേമിക്കില്ല എന്നുപറഞ്ഞ് ബലം പിടിച്ച് നടക്കുകയായിരുന്നു ഞാൻ. പക്ഷെ ഒരു പെൺകൊടിയെ കണ്ടമുതൽ എന്റെ ബലം പിടിക്കലിന് വാതം വന്നു തുടങ്ങി. അവളുടെ സംസാരവും ചിരിയും എന്റെ ഹൃദയത്തെ പിടിച്ചു കുലുക്കി. ഊണിലും ഉറക്കത്തിലും അവൾ മാത്രമാണെന്റെ മനസ്സിൽ. ഹോസ്റ്റലിലെ ടറസ്സിൽ പോയി മാനം നോക്കി മലർന്നു കിടക്കുന്ന ഞാൻ റൂമിലെത്തിയാൽ അവളെയും ഓർത്തുകൊണ്ട് കട്ടിലിൽ കമിഴ്ന്നു കിടക്കുന്നു. അങ്ങനെ അന്തംവിട്ട് കിടക്കുന്ന എന്നോട് തടിയൻ പറഞ്ഞു. ഈ കിടത്തം കണ്ടിട്ട് മിനിമം ഒരു സെമ്മെങ്കിലും നിന്റേത് വേയ്സ്റ്റാകും. (അവൻ അങ്ങനെ പറയാൻ തക്കതായ കാരണമുണ്ട്. ഒരു നഷ്ട പ്രണയത്തിൽ

അവനു നഷ്ടപ്പെട്ടത് ഒരു സെമ്മും Hutch-ന്റെ ഒരു സിമ്മുമാണ് ). എന്റെ ഉള്ളിലെ സ്നേഹം ഞാനവളെ അറിയിച്ചപ്പോൾ അവളെനിക്ക് രണ്ടു വാക്കിൽ മറുപടിതന്നു: 'എനിക്കിഷ്ടമല്ല. എനിക്കു താൽപര്യമില്ല.' കുറേ കാലത്തിനു ശേഷം അലക്കി ഉണക്കാൻ വേണ്ടി പമ്പ ഹോസ്റ്റലിൽ 28-ാം നമ്പർ മുറിയിലെ ബാൽക്കണിയിലെ അയയിൽ ഇട്ടിരിക്കുന്ന അടിവസ്ത്രം പാലക്കാടൻ ഗ്യാപ്പിലൂടെ വന്ന വൃശ്ചികക്കാറ്റ് പറത്തിക്കൊണ്ടുപോയ Feeling ആയിരുന്നു. ആ മറുപടി എനിക്കു തന്നത്. (ഒരു പക്ഷെ നിങ്ങൾ ഓർത്തുപോയേക്കാം എന്തിനാണ് ഇവിടെ ഇങ്ങനെയൊരു ഉപമ എന്ന്. Sorry, അത് എഴുത്തുകാരന്റെ സ്വാതന്ത്ര്യമാണ്). ദിവസങ്ങൾ കടന്നുപോയി. രാത്രിയും പകലും മുറതെറ്റാതെ മാറി മാറി വരുന്നു. പക്ഷെ എന്റെ മനസ്സിൽ നിന്നും ആ പെൺകൊടി പോവുന്നില്ല. അങ്ങനെ ഞാൻ രണ്ടുംകൽപ്പിച്ച് Re-Propose ചെയ്യാൻ തീരുമാനിച്ചു.



തിയതി : ഫെബ്രുവരി 14
സമയം : 8.05 a.m.

മൊബൈൽ ഫോണെടുത്ത് എന്റെ മനസ്സിലുള്ള കാര്യങ്ങൾ 'ഇംഗ്ലീഷ്' ഭാഷയിൽ രണ്ട് മെസ്സേജുകളായി ഞാനവൾക്കയച്ചു. Reply ഒന്നുമില്ല. രാത്രി ഞാൻ ഭക്ഷണം കഴിക്കാനായി മെസ്സിലെത്തി. കഴിക്കാൻ പൊറോട്ടയും ചിക്കനും, ഞാനെന്റെ സ്വതസിദ്ധമായ ശൈലിയിൽ പൊറോട്ട രണ്ടു കൈയും ഉപയോഗിച്ചു-പിച്ചിച്ചീന്തി. ആദ്യകഷ്ണം വായിലോട്ട് വെക്കാൻ കൊണ്ടുപോകുമ്പോൾ എന്റെ കീശക്കുള്ളിൽ ഫോണതാ Ring ചെയ്യുന്നു. അതേ അത വളായിരുന്നു. എന്റെ ഹൃദയത്തിൽ [illegible] കുത്തിക്കയറ്റിയ ആ പെൺകൊടി തന്നെ. ഒരു സർക്കസുകാരന്റെ മേയ് വഴക്കത്തോടുകൂടെ ഞാൻ mess Table-ൽ നിന്നും മുറ്റത്തേക്ക് പാഞ്ഞെത്തി. ഒരു load പ്രതീക്ഷകളുമായി ഞാൻ മൊബൈലിന്റെ പച്ചക്കിട്ടുകുത്തി. 'മലയാള' ഭാഷയിൽ അവളെന്റെ ചെവിയിൽ ഒച്ചയിട്ടു പറഞ്ഞു. ഇനി മേലാൽ Message അയക്കരുത്. സാധാരണ മൂന്നും നാലും വീതം പൊറോട്ട കഴിക്കുന്ന ഞാനന്ന് ഒന്നും കഴിച്ചില്ല. പിച്ചിച്ചീന്തപ്പെട്ട പൊറോട്ട waste.

റൂമിലെത്തി ഒരു സീനിയറിനോട് വിശേഷങ്ങളെല്ലാം അതിവിശാലമായി പറഞ്ഞു. അപ്പോൾ അദ്ദേഹം എന്നോട് ഇങ്ങനെ പറഞ്ഞു. 'എടാ പോയതു പോട്ടെ. നിന്റെ ജീവിതമാണ് നീ അവൾക്ക് വെച്ചു നീട്ടിയത്. അവൾക്ക് നഷ്ടപ്പെട്ടത് ഒരു ജീവിതമാണ് നിനക്ക് നഷ്ടപ്പെട്ടതോ, നിന്നെ സ്നേഹിക്കാത്ത ഒരു പെണ്ണും. അവളോട് പോവാൻ പറ.'

ഞാനെന്റെ ചുവന്നചട്ടയുള്ള Diary ഇടതു കയ്യിലെടുത്തു. ഞാൻ വളരെയധികം ഇഷ്ടപ്പെടുന്ന "Reynolds 045" പേന വലത് കൈയ്യിലെടുത്തു. എന്നിട്ട് ഞാനതിൽ ഇങ്ങനെ എഴുതി: ഞാനിപ്പോഴും പ്രണയിക്കുന്നു അതിമനോഹരമായ നമ്മുടെ ഈ ക്യാംപസ്സിനെ.

❖

# **R**arely **A**vailable **W**ork **E**xperience



**Justine George K**
Sparkle'03



*Neetha Rose*

കാർഷികബിരുദപഠനത്തിലെ ആദ്യ മൂന്നര വർഷം മിക്ക കോളേജിലേയും അദ്ധ്യാപകർ വിദ്യാർത്ഥികളോട് പറയുന്ന ഒരു വാചകമുണ്ട് - 'ഇങ്ങനെ നടന്നോ....., RAWE-ക്ക് നാട്ടുകാരുടെ അടുത്ത് ചെല്ലുമ്പോൾ മനസ്സിലാവും........ 2003 Oct 2' മുതൽ കേട്ടു തുടങ്ങിയ ഈ വാക്കുകൾ 2003 Batch - ലും ആദ്യ മൂന്നരകൊല്ലം വലിയ ചലനങ്ങളൊന്നും ഉണ്ടാക്കിയില്ല.

Sept 4, 2007 - ഓണാവധിയുടെ ആലസ്യത്തിൽ നിന്നും ഉണർന്നെഴുന്നേൽക്കാതെ, 2003-ലെ 51 പേരും, രാവിലെ തന്നെ College office - ൽ ഫീസുമടച്ചു. Academic ൽ നിന്ന് 'Registration Sheet ഉം വാങ്ങി പൂരിപ്പിച്ച് ഇരുപ്പായി. വൈകുന്നേരമായപ്പോൾ RAWE - യിലെ അദ്യ പ്രതിസന്ധി അവരുടെ മുമ്പിലെത്തി - ക്ലാസ്സിന് 'Rep' ഇല്ല. Gentlement's Agreement പ്രകാരം റോബിൻ സ്ഥാനമൊഴിഞ്ഞു. 2004 ബാച്ചിന്റെ ക്ലാസ്സ് റൂമിൽ 51 പേരും അടയ്ക്കപ്പെട്ടു - ബലീൽ സാർ അഗതനായി...... പലരേയും സാർ നിർബന്ധിച്ചു. എന്നിട്ടും ആ മരണസിംഹാസനത്തിലേക്ക് ആരും സ്വമേധയാ കടന്നുവന്നില്ല. അവസാനം ഐക്യകണ്ഠേന ഒരു പേരുയർന്നു വന്നു - കുർമ്മബുദ്ധിയുടെ രാജാവ് - ക്രിഷ്ഷ്ഷ്......ണദാസ്. Inoguration-നുള്ള ഒരുക്കത്തിന്റെ ഭാഗമായി "കമ്മിറ്റികളും", "സബ്-കമ്മിറ്റികളും" ഉണ്ടാക്കി അദ്ദേഹം അന്നു തന്നെ തന്റെ 'തിരുവിളയാടൽ' ആരംഭിച്ചു.

ബലീൽ സാർ അപ്പോൾ തന്നെ പറഞ്ഞു - ജസ്റ്റിനേ...... നീ മുടിവെട്ടിയിട്ട് നാളെ ക്ലാസ്സിൽ കാലു കുത്തിയാൽ മതി...... അവൻ തലയാട്ടി...... കാരണം അന്ന് ചൊവ്വാഴ്ചയായിരുന്നു. പിന്നെ നാളെ മുതൽ എല്ലാവരും 'Half Officers' ആണ്. അതിനനുസരിച്ച് വേഷം ധരിക്കണം" - എല്ലാവരും അർദ്ധമനസ്സോടെ തലയാട്ടി.

പിറ്റേന്ന് രാവിലെ കോളേജിൽ എത്തിയ മറ്റുള്ളവർ ഞെട്ടി- മലയാളിമങ്കന്മാരും, മങ്കകളും തലങ്ങും വിലങ്ങുമോടുന്നു. ക്ലാസ്സിലെത്തിയ ഉടനെ, സാർ വന്നു - 'Ice breaking session' ie 'know Yourself' - തന്റെയും, തന്റെ വലത്ത് ഇരിക്കുന്ന ആളുടേയും കുറഞ്ഞത് അഞ്ച് ഗുണവും ദോഷവുമെഴുതി അവതരിപ്പിക്കണം - എല്ലാവരുടേയും സ്വഭാവഗുണങ്ങൾ പുറത്തുവന്നതിനിടയ്ക്കാണ് അയ്യൂബ്, അവിനാശിന്റെ ചില ദോഷങ്ങൾ പച്ചയായി ആവിഷ്കരിച്ചത് - എന്തായാലും അത് കെട്ടടങ്ങി.

Orientation - ന്റെ ഭാഗമായി ദാ... വരുന്നു - "Transactional Analysis - by Dr. V.V. Unnikrishnan - ഗഹനമായ ശാസ്ത്രീയതത്വങ്ങളും മറ്റും പ്രതീക്ഷിച്ചിരുന്ന അവരെ അദ്ദേഹം ലാലേട്ടന്റെയും, മമ്മൂക്കയുടേയുമൊക്കെ ക്ലിപ്പിങ്ങുകൾ കാണിച്ച് വിവിധ "Ego state" - കളിൽ എത്തിച്ചു.

ഇതിനിടയിൽ RAWE ഉദ്ഘാടനവും കഴിഞ്ഞു. പിറ്റേന്ന് ദാ... കടന്നുവരുന്നു - കൈയ്യിൽ 'Watershed Module' - ഉം മുഖത്ത് സദാ പുഞ്ചിരിയുമായി പ്രമീള ടീച്ചർ. അദ്ദ്യമേ തന്നെ ടീച്ചർ ഒരു ചോദ്യമെറിഞ്ഞു - എന്താണ് "Watershed" ? പലരും ശാസ്ത്രീയമായ ഉത്ത

രങ്ങളുമായെത്തി. ഇതിനിടെ രസകരമായ 'Watershed' definitions - സുമായി ആൺകുട്ടികളും അവരുടെ മഹനീയമായ സാന്നിദ്ധ്യമറിയിച്ചു. 'Catchment Area', 'Ridge line', 'Delineation', 'Toposheet,' Hariyali project', 'NWDPRA', - തുടങ്ങിയ കടിച്ചാൽ പൊട്ടാത്ത പല വാക്കുകളും അവരുടെ തലച്ചോറിൽ വെള്ളിടികൾ വെട്ടിച്ചു. അവസാനം അവയെല്ലാം മഴയിൽ കുതിർന്ന ഒരു 'Watershed Visit' - ഓടെ ശാന്തമായി. Watershed Development പ്രകാരമുള്ള ആട് വളർത്തൽ കാണാൻ പോയ അദ്ധ്യാപരും കുട്ടികളും, അവസാനം ആട്ടിൻ പുടയും കാഷ്ഠവും കണ്ട് മടങ്ങേണ്ടി വന്നു.

'Watershed' - ന് ശേഷം കടന്ന് വന്നത് 'Farm Planning ' - ആയിരുന്നു. സതീഷ് ബാബുസാർ ഒരു കെട്ട് കടലാസ്സുമായി ക്ലാസ്സിലേക്ക് വന്നു - 'survey' - ക്കുള്ള format - ആണ്. 'Group' കളിക്കും, കുട്ടികിഴിക്കലിനുമൊക്കെ അവസാനം 51 പേരും നാലോ, അഞ്ചോ - ഒക്കെയായി ചുരുങ്ങി. പിറ്റേന്ന് രാവിലെ 'KILA' Visit - കൃത്യം 9 മണിക്ക് എല്ലാവരും കോളേജിലെത്തണം - ദാസൻ GB - യിൽ പിറുപിറുത്തു. സമയനിഷ്ഠ പാലിക്കുന്നതിൽ ഒരു വിട്ടുവീഴ്ചക്കും തയ്യാറല്ലാത്ത സുജിത്തും, ജസ്റ്റിനും പഴയ 'Bullet' - ഉം എടുത്ത് കൃത്യം 8.55 ന് കോളേജിലെത്തി. - വണ്ടി കാണുന്നില്ല ? വിളിച്ചുനോക്കിയപ്പോൾ അറിഞ്ഞു - വണ്ടി മണ്ണുത്തിയിലെത്തി. വാച്ചിൽ നോക്കിയപ്പോൾ മനസ്സിലായി - പഴയ Titan - വാച്ച് ചത്തിട്ട് പത്ത് മിനിട്ട് കഴിഞ്ഞു. Bullet - നേരെ മുളയം പമ്പിലേക്ക് - ചേട്ടാ ....., 50 രുപയ്ക്ക് പെട്രോൾ ..... അവർ അലറി. പിന്നെയൊരു പ്രയാണമായിരുന്നു - ഊടുവഴികളും, നാട്ടുവഴികളുമൊക്കെ താണ്ടി 'Bullet' ഒരു യാഗാശ്വത്തെപോലെ കുതിച്ചു. 40 Kmph-ൽ Speed breaker - ഉള്ള ആ വണ്ടി എന്തോ, അന്ന വരോട് കരുണകാണിച്ചു. സമയം 9.35 - മുളങ്കുന്നത്തുകാവിലെ 'KILA' ഗേറ്റിന് മുമ്പിൽ അവർ ബ്രേക്കിട്ടു. ബസ് എത്തിയിട്ടില്ല...... ഭാഗ്യം ...... കാത്തിരിപ്പ് തുടർന്നു...... സമയം 9.55 - യുണിവേഴ്സിറ്റി ബസ്സ് പൊടി പാറിച്ചു കൊണ്ട് വന്നു നിന്നു - എല്ലാവരുമുണ്ടതിൽ. ചൂടേറിയ വാഗ്വാദങ്ങളും ചർച്ചകളുമായി അന്നത്തെ ദിവസവും കൊഴിഞ്ഞു വീണു.

തിരിച്ചു വരുന്ന വഴിയിൽ സുജിത്തിനൊരാശയം - നമുക്ക് താണിക്കുടം വഴി പോയാലോ ? അവന്റെ പരിചയത്തിൽപ്പെട്ട ഒരാളുടെ വീട് അവിടെയാണത്രേ.... ജസ്റ്റിൻ സമ്മതം മൂളി..... OK..... അങ്ങനെ ആ യാത്ര ചെറുതായി വഴി മാറിയെങ്കിലും സമാധാനപരമായി പര്യവസാനിച്ചു. പിറ്റേന്ന് അവർ തിരുവില്വാമലയിലേക്ക് തിരിച്ചു. അവിടുത്തെ കർഷകരുടെ സ്ഥലം സന്ദർശനവും മറ്റുമായി അവർ അന്നത്തെ ദിവസം ചിലവഴിച്ചു. ജസ്റ്റിൻ, സുജിത്ത്, രാജി, പ്രിയങ്ക ഇവർക്ക് 'Farm Planning' ന് കിട്ടിയത് ശ്രീ. എം. ജയചന്ദ്രൻ, 2004-05 ലെ മികച്ച കർഷകനുള്ള സംസ്ഥാന സർക്കാരിന്റെ 'കർഷകോത്തമ' അവാർഡ് ജേതാവ്. സന്ദർശനത്തിന്റെ ആദ്യ ദിവസം ഉച്ചകഴിഞ്ഞ് - എല്ലാവരും തങ്ങൾക്ക് ലഭിച്ച കർഷകരെ നോക്കി പോയപ്പോൾ - മുകേഷ്, സുജിത്ത്, ജസ്റ്റിൻ, റിജോ എന്നിവർക്ക് പുനർജനി കാണാൻ മോഹം. ബാഗും ക്യാമറയുമൊക്കെയെടുത്ത് അവർ ഇറങ്ങി. ഫോട്ടോയെടുത്ത് മലകയറി ഹരം പിടിച്ചു വരവെ, സംസ്ഥാന സർക്കാർ അവരെ തടഞ്ഞു - കമ്പിവേലിയുടെ രൂപത്തിൽ. അവർ അവിടെ കണ്ട പാറയിൽ കിടന്ന് വിശ്രമിച്ചു - ഭാവി പരിപാടികൾ വിശകലനം ചെയ്തുകൊണ്ട്. അവർ മനകോട്ടകൾ കെട്ടിയങ്ങനെ കിടന്നു. സൂര്യാസ്തമയം കണ്ടവർ മലയിറങ്ങി തങ്ങളുടെ കൂടണഞ്ഞു.

പിറ്റേന്ന് രാവിലെ സുജിത്തും സംഘവും ശ്രീ. ജയചന്ദ്രൻ ചേട്ടന്റെ വീട്ടിലെത്തി. അദ്ദേഹവുമായി കുശലാന്വേഷണത്തിൽ ഏർപ്പെട്ടിരിക്കെ ഒരു ശബ്ദം- വാ പിള്ളേരേ...... ആദ്യം എന്തെങ്കിലും കഴിച്ചിട്ടാവാം....... - അടുക്കളയിൽ നിന്നുയർന്ന ആ ശബ്ദം അവരെ ആനന്ദഭരിതരാക്കി. വയറു നിറയെ ഇഡ്ഡലിയും ചെറുപഴവുമൊക്കെ കഴിച്ച്, അവർ തങ്ങളുടെ ബുദ്ധിയെ തട്ടിയുണർത്തി. വിവരങ്ങൾ അന്വേഷിച്ചു തുടങ്ങിയതോടെ കഴിച്ചതെല്ലാം ദഹിച്ച് തുടങ്ങി - കാരണം അവരുടെ കൃഷിയിടത്തിൽ ഇല്ലാത്തതായി കപ്പ മാത്രമേ ഉള്ളു - ബാക്കി കേരളത്തിൽ വളരുന്ന എല്ലാമുണ്ട്. - "Agriculture", "Veterinary", Dairy, Fisheries - അങ്ങനെ എല്ലാ 'Faculty' - കളും ഒരെടിയും തർക്കവുമില്ലാതെ ആ വീട്ടിൽ സസുഖം വാഴുന്നു. ഈശ്വരാ..... ഇതിനൊക്കെ എങ്ങനെ Financial Data ഉണ്ടാക്കും, അവർ തല പുകച്ചു. "കുട്ടികളേ"....... എന്തെങ്കിലും കഴിച്ചിട്ടാവാം ബാക്കി...... രാവിലത്തെ ശബ്ദം വീണ്ടും മുഴങ്ങി. ജസ്റ്റിനും, സുജിത്തും 'survery schedule' ഉം വച്ചിട്ട് ഓടി...... കൈ കഴുകണ്ടേ?..... ഓ...... ഇനി കഴിഞ്ഞിട്ട് കഴുകാം ..... വിഭവ സമൃദ്ധമായ ഊണിന് ശേഷം അവർ ചിന്തിച്ചു.... ഏകദേശം ....... ചെയ്തിട്ടുണ്ട്...... ഇനി പോകാം. വീട്ടുകാർ തടഞ്ഞു - ചായ കഴിച്ചിട്ട് പോകാം..... ആ മധുരപ്രലോഭനം അവരെ വീണ്ടു 'survey' ലേക്ക് വഴിതെറ്റിച്ചു. അങ്ങനെ ആരോഗ്യപരിപാലനത്തിൽ ശ്രദ്ധ ചെലുത്താൻ പറ്റിയ, ആ ദിവസം അവർ തൃശ്ശൂർക്ക് തിരിച്ചു.

നാല് ദിവസം കഴിഞ്ഞാണ് 'Presentation' - പോരാത്തതിന്റെ Ist ഗ്രൂപ്പും. M.H-ലെ കമ്പ്യൂട്ടറിനെ സമീപിച്ചപ്പോൾ അറിഞ്ഞു - അതൊരു 'Virus' Culture ആണെന്ന്. - ഇനിയെന്ത് ? സുജിത്തുണർന്നു - ചേട്ടന്റെ 'Laptop' വീട്ടിലുണ്ട്, പൊക്കാം......... അവർ ആ കൃത്യവും തന്ത്രപൂർവ്വം നിർവ്വഹിച്ചു. ജസ്റ്റിനും, സുജിത്തും തങ്ങളുടെ ഉറക്കം 'shift' ആയി ക്രമീകരിച്ച് Presentation തയ്യാറാക്കി തുടങ്ങി. ഊണും ഉറക്കവുമില്ലാതെ രാജിയും, പ്രിയങ്കയും കണക്കുകൾ കൂട്ടി. 'BC-Ratio' കൾ കുതിച്ചു പാഞ്ഞു. ഇടിഞ്ഞു വീഴാറായ സൽക്കാരയിലെ മരബഞ്ചിലിരുന്ന് കട്ടൻ ചായയും കുടിച്ച്, അവർ നാലുപേരും 'Laptop' - നോട് മല്ലടിച്ചു. അവസാനം മനോഹരമായ ഒരു 'Presentation' - നും കഴിഞ്ഞ് അവർ വിജയശ്രീലാളിത

രായി.

അടുത്തതായി 2003 ബാച്ചിനെ കർമ്മനിരതരാക്കാൻ എത്തിയത് 'Enterpreneurship Development Programme' -Groupകളിയൊക്കെ കഴിഞ്ഞ്, അവർ വീണ്ടും നാലോ അഞ്ചോ ആയി തിരിഞ്ഞു. പത്ത് - പതിനഞ്ച് വിഷയങ്ങൾ ഉണ്ട് - ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാം - 'Seed Production' മുതൽ പുകൃഷിയും , Processing - ഉം വരെ. അവസാനം എല്ലാവരും ഗ്രൂപ്പ് തിരിഞ്ഞിരുന്നു. തന്റെ ഗ്രൂപ്പിലെ ആളുകളെ കണ്ട് സുജിത്ത് സന്തോഷിച്ചു - ഹാവൂ രക്ഷപ്പെട്ടു, പ്രത്യേകിച്ച് ഒരുഭിപ്രായവും പറയേണ്ടിവരില്ല, കാരണം അവർ ഒന്നും കേൾക്കില്ലെന്ന് ഉറപ്പാണ്. എന്തായാലും എല്ലാ ഗ്രൂപ്പുകാരും അവരവരുടെ പ്രോജക്ടിനുവേണ്ടിയുള്ള സന്ദർശനങ്ങൾ നടത്താൻ തുടങ്ങി. സുജിത്തിന്റെ ഗ്രൂപ്പിന്റെ വിഷയം - " Processing of fruits & Veg." ഇതിനോടനുബന്ധിച്ച് ഒരു അച്ചാർ ഫാക്ടറി സന്ദർശിക്കണം. തൃശ്ശൂർ അത്താണിയിലുള്ള ഫാക്ടറി സന്ദർശിക്കാം - സുജിത്ത് നിർദ്ദേശിച്ചു. "മുറ്റത്തെ മുല്ലയ്ക്ക് മണമില്ലായെന്നു പറഞ്ഞപോലെ" - ആ നിർദ്ദേശം ഗ്രൂപ്പിലെ മറ്റംഗങ്ങൾ നിഷ്ക്കരുണം തട്ടിത്തെറിപ്പിച്ചു. അവർ ചേർത്തലയിൽ ഒരു അച്ചാർ ഫാക്ടറി കണ്ടു വച്ചിട്ടുണ്ട് - അവിടയേ പോകു എന്ന വാശി. ശരി -സുജിത്ത് സമ്മതിച്ചു. അവൻ പറഞ്ഞു - കൈയ്യിൽ കാറുണ്ട്, നമുക്ക് അതിൽ പോകാം, ചിലവും കുറവായിരിക്കും, സമയവും ലാഭിക്കാം. ഗ്രൂപ്പിലെ തലൈവി അമാനി പറഞ്ഞു - "ആ കേസ്സിവിടെ ഉദിക്കുന്നില്ല, നടക്കാത്ത കാര്യങ്ങൾ എന്തിനാ പറയുന്നത്"? ശരി ബസ്സിൽ പോകാം - എല്ലാവരും മനസ്സില്ലാ മനസ്സോടെ തലയാട്ടി. പിറ്റേന്ന് അതിരാവിലെ പോകണം - 5 മണിക്ക് തോട്ടപ്പടിയിൽ - കരാർ ഉറപ്പിച്ചു. രാവിലെ 4.45ന് തന്നെ സഫീർ സുജിത്തിനെ തോട്ടപ്പടിയിലെത്തിച്ചു. തൃശ്ശൂർ KSRTC - സ്റ്റാൻഡിൽ എത്തിയപ്പോൾ സുജിത്ത് പതുക്കെ സി.വി.യെ വിളിച്ചു പറഞ്ഞു - "അതേ.... , ഞാൻ വരുന്നില്ല, വന്നാൽ ശരിയാവില്ല, നിങ്ങൾ പോയാൽ മതി....." അവർ വളരെ നിർബന്ധിച്ചെങ്കിലും, അവൻ തന്റെ വാക്കിൽ ഉറച്ചുനിന്നു. തിരിച്ചു വന്ന അവൻ അത്താണിയിലെ അച്ചാർ ഫാക്ടറിയും സന്ദർശിച്ച് അച്ചാർ നിർമ്മാണത്തിലെ സാങ്കേതികവിവരങ്ങൾ മനപാഠമാക്കി. സമാനമായ സംഭവവികാസങ്ങൾ പലയിടത്തും ആവർത്തിക്കപ്പെട്ടു. എന്തായാലും ഇലയ്ക്കും, മുള്ളിനും കേടില്ലാതെ ആ 'Module' ഉം അവസാനിച്ചു.

പിറ്റേന്ന് തന്നെ ശ്രീത്വം വിളങ്ങുന്ന മുഖവുമായി ജയശ്രീ മിസ്സ് കടന്നുവന്നു. -കൈയ്യിൽ "Krishibhavan module' എന്ന വിത്തുമായി. ക്ലാസ്സിനെ കീറിമുറിച്ച് എട്ടാക്കി - കൂടുതൽ പേരും കോൾ നിലങ്ങളിലേക്ക് പറിച്ചു നടപ്പെട്ടു. ചെന്നു കയറിയപ്പോൾ തന്നെ മിക്ക കൃഷി ഓഫീസർമാരും പറഞ്ഞു - എന്തെങ്കിലും നിവൃത്തിയുണ്ടെങ്കിൽ ഈ പണിക്ക് നില്ക്കരുത്. അതിനുകാരണമായി അവർ, ജനകീയാസൂത്രണം തങ്ങളുടെ മേൽ ചെലുത്തുന്ന സമ്മർദ്ദങ്ങളെക്കുറിച്ച് ഒരു ചെറു വിവരണം തന്നു. - ചുരുക്കി പറഞ്ഞാൽ അവർ ചെയ്യുന്നത് 'Clerical' ജോലിയാണ്. പിന്നെ സർക്കാർ ഭാഷ മലയാളമായതിന്റെ ബുദ്ധിമുട്ടുകൾ വേറേയും. - സബ്സിഡിക്കും, നഷ്ടപരിഹാരത്തിനും മറ്റും വേണ്ടി "proposal-ഉം 'report'-ഉം ഒക്കെ തയ്യാറാക്കാനായി കഷ്ടപ്പെട്ട് മലയാളസാഹിത്യത്തിന്റെ അഗാധതകളിലേക്ക് ഊളിയിടേണ്ടി വരുന്നതിന്റെ ബുദ്ധിമുട്ട് അവരുടെ വിവരണത്തിൽ നിറഞ്ഞുനിന്നു. ഓഫീസിലെ രജിസ്റ്ററുകളുടെ എണ്ണമെടുക്കാൻ തന്നെ ഒരു ദിവസം വേണമെന്നാണ് സരസനായ ഒരു കൃഷി ഓഫീസർ അഭിപ്രായപ്പെട്ടത്. ഏകദേശം ഒരാഴ്ച നീണ്ടുനിന്ന ആ 'Module'- ൽ നിന്ന് മിക്ക ഗ്രൂപ്പുകളും സമാനമായ ഒരു കണ്ടുപിടുത്തം നടത്തി - മിക്ക കൃഷി ഓഫീസിലും 'clock' എന്ന അവശ്യഘടകം ഇല്ല - സർക്കാർ ജീവനക്കാരിൽ പലർക്കും സമയത്തിന്റെ വിലയറിയാത്തതുകൊണ്ടാണോ എന്ന് അവർ ശങ്കിച്ചു. അവസാന ദിവസം കൃഷിഓഫീസിലേക്ക് സമ്മാനമെന്ന നിലയിൽ ഒരു 'clock' വാങ്ങി നൽകി അവർ തങ്ങളുടെ നിശബ്ദമായ പ്രതിഷേധം അറിയിച്ചു. 'presentation' -ന്റെ ഭാഗമായി നാട്ടറിവുകൾ ശേഖരിക്കുന്നതിനായി തൃശ്ശൂർ വടക്കേ സ്റ്റാൻഡിൽ നിന്ന് പഴഞ്ചൊല്ലുകളുടെ പുസ്തകം പത്തുരൂപയ്ക്ക് വാങ്ങിയതു പോലുള്ള രസകരമായ സംഭവങ്ങളും ആവർത്തിക്കപ്പെട്ടു. ഏതായാലും കാര്യമായ "Transplanting Shock" - ഒന്നുമില്ലാതെ എല്ലാവരും ആ 'Module' -നോടും വിട പറഞ്ഞു.

കൃഷിഭവൻ 'Presentation' - ന് തൊട്ട് മുമ്പ് ഏകദേശം 1.30 p.m ന്, ഖലീൽ സാർ വന്നു പറഞ്ഞു. "നാളെ RARS & KVK തുടങ്ങുന്നു. എല്ലാവരും നാളെ രാവിലെ സ്റ്റേഷനുകളിൽ എത്തണം - ക്ലാസ്സിനെ രണ്ട് ഗ്രൂപ്പാക്കിയിരിക്കുന്നു." സാർ പറഞ്ഞതുകേട്ട് ജസ്റ്റിനും, റോബിനും കുറച്ചുനേരം അനങ്ങാനാവാതെ ഇരുന്നുപോയി - ഈശ്വരാ......, അലക്കിയ ഒരു തുണി പോലുമില്ല ഇടാൻ..... ഞെട്ടലിൽ നിന്ന് മുക്തരായ അവർ ഹോസ്റ്റലിലേക്ക് കുതിച്ചു - ഏതോ മുറിയിൽ നിന്ന് സോപ്പ് പൊടിയൊക്കെ തപ്പിയെടുത്ത്, തുണികൾ അലക്കി, ടെറസ്സിൽ വിരിച്ചതിനു ശേഷമാണ് അവർ നേരേ ഒന്ന് ശ്വസമെടുത്തത്. ട്രെയിൻ യാത്രയേക്കുറിച്ചുള്ള ചെറിയ ആശയക്കുഴപ്പങ്ങൾക്കവസാനം , B.batch, രാത്രി 1.30 ന്റെ അമൃത എക്സ്പ്രസ്സിന് പീലിക്കോടേക്ക് തിരിക്കാൻ തീരുമാനിച്ചു. ഈ ബാച്ചിലെ ആൺകുട്ടികളുടെ പേരുകൾ കേട്ടാലേ അറിയാം 'Module'വളരെ രസകരമായിരിക്കുമെന്ന്-സുജിത്ത്, ജസ്റ്റിൻ, മുകേഷ്, റോബിൻ, രാകേഷ്, അവിനാശ്. Oct.25ന് രാവിലെ എല്ലാവരും പീലിക്കോടെത്തി. അതിപുരാതനമായ ആ സ്റ്റേഷൻ ഇന്നും പഴയ ഒരു നായർ തറവാടുപോലെ നിലനിൽക്കുന്നു - പഴയകാല പ്രൗഡി ചെറുതായി മങ്ങിയെങ്കിലും. രണ്ടു ദിനങ്ങൾ വലിയ കുഴപ്പമില്ലാതെ കടന്നുപോയി. 26-ാം തിയതി പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രം സന്ദർശിച്ച ശേഷം ആറംഗ ആൺപട പറശ്ശിനികടവ് അമ്പലത്തിലും ഒരു ഹ്രസ്വസ

**Result Oriented Training for**

# Common Admission Test (CAT)

**& other MBA entrance exams like XAT, JMET, MAT etc.**

* Maximum Teaching Hours
* 5000 ++ Pages of Quality Materials
* Reading Skill & Vocabulary Improvement
* Calculation Speed Improvement
* Group Discussion & Interview Basics

**CAMPUS RECRUITMENT TRAINING**

- Pattern Tests of Software Companies
- Group Discussions
- Mock Panel Interviews
- Resume Writing
- Communication Skills + Personality Development

# MCA Entrance

**(SUPER LONG TERM COURSE)**

**(NIT, AMRITHA, CUSAT, ALL KERALA)**

CALL **T.I.M.E.**

Triumphant Institute of Management Education Pvt. Ltd.
2nd Floor, Marva Arcade,
Machingal Lane, M.G. Road, TCR - 680 001
**Ph : 0487 - 2321086, 3203993, 9447194690**

ന്ദർശനം നടത്തുകയുണ്ടായി. Oct 27: രാവിലെ 7.20 ന് മൊബൈലിൽ വന്ന ഒരു 'Message'ജസ്റ്റിനെ ഉണർത്തി. അമ്പലവയലിലുള്ള A-batch - ൽ നിന്നും രാജി - യാണ്. "HAPPY ANNIVERSARY" - 2003 ബാച്ചിന്റെ നാലാം വാർഷികം - ഇതുവരെ ഓർത്തിട്ടില്ല, ഓർക്കാൻ വലിയ താല്പര്യവുമില്ലാത്ത ആ സുന്ദരദിനം - അത് ഇന്നാണ്. അവൻ ആ വിവരം എല്ലാവരേയും അറിയിച്ചു.

കിറുക്കൻ ആശയങ്ങൾ വളരെയേറെ കൈയിലുള്ള ജസ്റ്റിൻ പറഞ്ഞു - "ഇന്ന് എല്ലാവരേയും ഒന്നിച്ചിരുത്തി രാത്രി സദ്യയായി കളയാം" --ഒരിക്കലും നടക്കില്ലെന്ന് ഉറപ്പുള്ള കാര്യം. പകൽ കാര്യമായ സംഭവവികാസങ്ങൾ ഒന്നുമുണ്ടായില്ല. രാത്രി 7.30 ന് ഊണു കഴിക്കാനായി സ്റ്റേഷനടുത്തുള്ള ഹോട്ടലിലേക്ക് മുണ്ടും മടക്കി കുത്തി നടക്കവേ രാകേഷിന്റെ വിളി - എടാ, നീ രാവിലെ പറഞ്ഞ സദ്യ ഒരുക്കിയിട്ടുണ്ട്. പോകാൻ തീരെ മനസ്സില്ലാതെ അവൻ കുറച്ച് നേരം വഴിയിൽ നിന്നു. അവന്റെ മനസ്സിലെ ചിന്ത കാടുകയറാൻ തുടങ്ങി - പ്രശ്നം ഭക്ഷണമാണ്. അതിപ്പോ ഒറ്റയ്ക്കോ കൂട്ടമായോ എങ്ങിനെയാണെങ്കിലും, "വിശപ്പുമാറിയാൽ മതി". അവൻ തിരിച്ചു നടന്നു. ചെല്ലുമ്പോൾ കുട്ടികൾ എല്ലാവരും നിൽക്കുന്നു. ഏതായാലും ഓണസദ്യയെ ഓർമ്മിപ്പിക്കുന്ന വിധത്തിലുള്ള ആ രാത്രി ഭക്ഷണം എല്ലാവർക്കും നന്നേ ബോധിച്ചു. അതിനുശേഷം ഒരു കുട്ടുകുമ്പസാരം നടന്നു. പലരും ഏറ്റുപറിച്ചിലും, കരച്ചിലുമൊക്കെയായി ജീവിതമെന്ന നാടകത്തിലെ തങ്ങളുടെ വേഷങ്ങൾ ഭംഗിയായി ആടിതകർത്തു. ഇതൊക്കെ കേട്ട് അവൻ നിർവികാരനായിരുന്ന് മനസ്സിൽ ഒരു വരി കുറിച്ചിട്ടു. - വായിലെ നാക്കുകൊണ്ടുള്ള ഓരോ കളികളേ........

പിറ്റേന്ന് ഞായറാഴ്ച - ബേക്കൽ കോട്ടയിൽ പോകണമെന്ന് പലർക്കും ആഗ്രഹം. ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ച് പോകുകയെന്നത് ഈ ബാച്ചിൽ ചിന്തിക്കാനാവാത്ത കാര്യമാണ്. ഇരട്ടകുട്ടികളിൽ മൂത്തവളായ വിനിത എല്ലാവരോടുമായി ഒരു ചോദ്യമെറിഞ്ഞു - നാളെ എങ്ങനാ....? പഴയ പോലെ രണ്ടു ഗ്രൂപ്പായി പോകേണ്ടിവരുമോ ? ഒന്നിച്ചു പോയ്ക്കൂടേ......? നാല് കൊല്ലമായിട്ടും ആരും ഇതുവരെ ചോദിക്കാൻ മുതിരാത്ത ഒരു ചോദ്യം - സത്യത്തിൽ ബാച്ചിന്റെ ചരിത്രം തിരുത്തിയ ചോദ്യമായിരുന്നു അത്. കുറച്ചു നേരത്തേക്ക് തളം കെട്ടിയ നിശ്ശബ്ദതയ്ക്ക് ശേഷം ഉത്തരമെത്തി - ഒന്നിച്ചു തന്നെ..... 'B X -batch' - ൽ നടന്ന ഈ എട്ടാം ലോകമഹാദ്ഭുതം അമ്പലവയലിൽ ആയിരുന്ന 'A-batch'- ലും അതിന്റെ അലയൊലികൾ പ്രകടമാക്കി. ഈ വാർത്ത തൽസമയം അമ്പലവയലിലേക്ക് സംപ്രേക്ഷണം ചെയ്തതിന്റെ ഫലമായി അതുവരെ NARP ഹോസ്റ്റലിന്റെ ഹാളിൽ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിച്ചിരുന്നവർ പതിനാറു ദിശകളിലേക്ക് ചിതറി പോയി എന്നാണ് വിശ്വസ്ത കേന്ദ്രങ്ങൾ റിപ്പോർട്ട് ചെയ്തത്.

ബേക്കൽ കോട്ടയിൽ ചിലവഴിച്ച സുവർണ്ണ നിമിഷങ്ങൾക്കു ശേഷം പല കടുത്ത സ്ത്രീവാദികളും അഭി

പ്രായപ്പെട്ടതിങ്ങനെ ആണ് - "ഇതിന് മുമ്പ് ഇത്ര രസകരമായ നിമിഷങ്ങൾ കഴിഞ്ഞ നാല് കൊല്ലവും ഉണ്ടായിട്ടില്ല." ഈ മാറ്റത്തിന്റെ അലയൊലികൾ അമ്പലവയിലിലെ തണുപ്പ് നിറഞ്ഞ പാതിരാത്രിയിൽ 'Camp Fire' നടത്തുന്നതിൽ വരെ അവരെ കൊണ്ടു ചെന്നെത്തിച്ചു.

അമ്പലവയലിനുശേഷം അവർ യാത്ര തിരിച്ചത് ഇടുക്കിയിലെ പാമ്പാടുംപാറയിലേക്ക്. ഏലക്കാടുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന ആ സുന്ദര സ്ഥാപനം അവരെ വല്ലാതെ ആകർഷിച്ചു. പ്രസാദ് സാറിനോടൊത്തുള്ള 'Field Visit' എല്ലാവർക്കും നല്ല ഒരു അനുഭവമായി മാറി. ഏലം എന്ന അത്ഭുത വിളയെക്കുറിച്ചുള്ള അറിവുകൾ മിക്കവർക്കും വളരെ രസകരമായി തോന്നി. ഏലക്കാടുകൾക്കിടയിലൂടെയുള്ള യാത്രയിൽ പലരും കേരളത്തിന്റെ ഭൂപ്രകൃതിയേക്കുറിച്ചും സസ്യജന്തുജാല വൈവിധ്യത്തെക്കുറിച്ചും വാതോരാതെ സംസാരിക്കുന്നുണ്ടായിരുന്നു. ബോർഡിംഗിലാക്കിയ മക്കളെ കാണാൻ അച്ഛൻ വരുന്നതുപോലെ, ഉച്ച കഴിഞ്ഞപ്പോൾ ഖലീൽ സാർ വന്നെത്തി - ട്രെയിനിയെ ഉപദേശങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളുമാകുന്ന സമ്മാനങ്ങളുമായി. വൈകുന്നേരം എല്ലാവരുമൊന്നിച്ച് ഏഷ്യയിൽ ഏറ്റവും കൂടുതൽ കാറ്റു വീശുന്ന രാമക്കൽമേട് സന്ദർശിച്ചു. അടുത്ത ദിവസം 'Field Visit' - ന് ശേഷം സ്ഥാപനത്തിന് മുന്നിൽ അവർ ഒരു 'Lawn' തയ്യാറാക്കി. പിറ്റേന്ന് അവധിയായതിനാൽ അവർ തീർത്ഥാടനകേന്ദ്രമായ വാഗമൺകുരിശുമല സന്ദർശിക്കാൻ പോയി. കട്ടപ്പന ബസ് സ്റ്റാൻഡിൽ വച്ച് 'MBA' - കാരെ CAT- നായി ആശീർവദിച്ച് അനുഗ്രഹിച്ച് അവർ യാത്രാ തുടങ്ങി. ജാതി മതഭേദമന്യേ എല്ലാവരും കുരിശുമലയുടെ മുകളിലെത്തി - തണുത്ത കട്ടപിടിച്ച മൂടൽ മഞ്ഞിലിരുന്ന് എല്ലാവരും രണ്ടരമണിക്കൂർ ശബ്ദത്തിന്റെ അകമ്പടിയോടെയും, നിശ്ശബ്ദമായുമൊക്കെ ധ്യാനിച്ചു.

കുരിശുമലയിൽ നിന്നിറങ്ങി ഉച്ചഭക്ഷണവും കഴിച്ചശേഷം അവർ പ്രസിദ്ധമായ 'Pine Foest' സന്ദർശിച്ചു. അവിടെ ചെന്നപ്പോൾ തന്നെ കാണുന്ന കാഴ്ച - രണ്ടു /യുവമിഥുനങ്ങൾ , Pine മരങ്ങൾക്കിടയിൽ ...... അതിലെ സുന്ദരിയായ യുവതി ചുരിദാറിന്റെ ഷാളും വീശി ചെങ്കുത്തായ പ്രദേശങ്ങളിലൂടെ ഓടുന്നു, യുവാവ് അതിന് പിന്നിലും. ഇതെല്ലാം ഒരു ക്യാമറാമാന്റെ നിർദ്ദേശാനുസരണമാണ്. ഇതിനിടയിൽ അവർ ഒരിടത്ത് ചെറുതായി ഒന്നു വീഴുകയും ചെയ്തു. ഈശ്വരാ ! കല്യാണം കഴിഞ്ഞാൽ ഇങ്ങനെയൊരു ബുദ്ധിമുട്ട് ഉള്ളതായി ഇതുവരെ ആരും പറഞ്ഞ് കേട്ടിട്ടില്ലല്ലോ എന്നായിരുന്നു പലരുടേയും ആത്മഗതം. ഏതായാലും ഇത്രയും ബുദ്ധിമുട്ടിയ അവരെ ഒന്നു ആശ്വസിപ്പിക്കാം എന്നു കരുതി, തിരികെ വരുന്ന വഴി ജസ്റ്റിൻ അവരുടെ അടുത്ത് ചെന്ന് പറഞ്ഞു - "Wish You A Happy Married Life" അതിനവർ നല്കിയ മറുപടി എല്ലാവരേയും ഞെട്ടിച്ചു. - ഞങ്ങളുടെ കല്യാണമൊന്നും കഴിഞ്ഞിട്ടില്ല, ഇതൊരു സീരിയലിന്റെ ഷൂട്ടിംഗാണ്. ഇതുപോലെ നിരവധി അബദ്ധങ്ങൾ പറ്റിയിട്ടുള്ളതിനാൽ, ജസ്റ്റിൻ അതൊന്നും കാര്യമാക്കാതെ മുന്നോട്ട് നീങ്ങി. തിരികെ വരുന്ന വഴിയിൽ കാർഷികസർവ്വകലാശാലയിലെ ഡയറിസയൻസ് വിദ്യാർത്ഥികളാലും അദ്ധ്യാപകരാലും വെറുക്കപ്പെട്ട ഡയറി കോളേജും അവർ ഒരു നോക്കു കണ്ടു.

പിറ്റേന്ന് - ദീപാവലി. ബാച്ചിൽ ശാന്തിയും സമാധാനവും കളിയാടാൻ തുടങ്ങിയതിനാലാവണം മലയാളികൾ അധികം പ്രാധാന്യം കല്പിക്കാത്ത ആ ഉത്സവവും ആഘോഷിക്കാൻ അവർ തീരുമാനിച്ചു. വൈകീട്ട് വെടിക്കെട്ട് വേണമെന്ന് സ്ത്രീ ജനങ്ങൾ - ആൺ പട അംഗീകരിച്ചു. സുജിത്തും, ജസ്റ്റിനും രംഗത്തിറങ്ങി, ഒരു പടക്കകട കണ്ടുപിടിച്ച് ഏകദേശം മുന്നൂറു രൂപയ്ക്കുള്ള പടക്കം ഒപ്പിച്ചു. ജീവിതസാഹചര്യങ്ങളും, മതവ്യത്യാസങ്ങളുമൊക്കെ കാരണം ഇന്നേവരെ ഒരു പടക്കം പോലും പൊട്ടിച്ചിട്ടില്ലാത്ത പലരും ആ അവസരം നന്നായി വിനിയോഗിച്ചു. അവസാനം കഥാകാരി ശ്രുതിയ്ക്കും അതിൽ പങ്കുചേരാൻ ആഗ്രഹം. ചെറിയ ഒരു തിയറി ക്ലാസ്സിനു ശേഷം പ്രാക്ടിക്കൽ അരങ്ങേറി. ഗ്രാമീണ പെൺകൊടിയുടെ എല്ലാ മുഖഭാവങ്ങളോടും, അംഗ്യങ്ങളോടുംകൂടി ശ്രുതി കത്തിച്ചെറിഞ്ഞ പടക്കം ജസ്റ്റിന്റെ കാലിൽ നിസ്സാരമായ ചില പരിക്കുകൾ ഏല്പിച്ചതൊഴിച്ചാൽ ആ രാത്രി സമാധാനപരമായിരുന്നു.

പാമ്പാടും പാറയോടും വിടപറഞ്ഞ അവർ പിറ്റേന്ന് ചങ്ങനാശ്ശേരിയിലെത്തി. ഒന്നിച്ചൊരു സിനിമ കാണാൻ പലർക്കും മോഹം. അങ്ങനെ ഒന്നിച്ചൊരു സിനിമ കാണൽ - 'OM SANTHI OM' രാത്രിയിൽ അവർ സദാനന്ദപുരത്തെത്തി. അവിടെ മൂന്ന് ദിവസം 'OFT', 'FLD' - തുടങ്ങിയ ചില പദങ്ങളോട് മല്ലടിച്ച് അവർ തളർന്നു. അവസാനം കാർഷിക കേരളത്തിന്റെ ഉന്നമനത്തിനായി കുറെ 'Project Proposal' - കളും സമർപ്പിച്ച് അവർ കൊല്ലം ജില്ലയോട് വിട പറഞ്ഞു. അതിനുശേഷം പട്ടാമ്പിയിലും ഒരു ഹ്രസ്വസന്ദർശനം നടത്തി, അവർ സംഭവബഹുലവും വിജ്ഞാനപ്രദവുമായ ആ 'Module' - നോട് കണ്ണീരോടെ വിടപറഞ്ഞു.

പിന്നീട് നടന്നത് 'NGO Module' - കോഴിക്കോട് OISCA - ൽ OISCA- Organisation for Industrial, Spiritual & Cultural Advancements. ജപ്പാൻ ആസ്ഥാനമായുള്ള OISCA - ൽ അവരെ വരവേറ്റത് ഗഹനമായ ചർച്ചകളും, കളികളും, ക്ലാസ്സുകളുമൊക്കെയാണ്. താമസം സ്വർഗ്ഗതുല്യമായ 'KTDC-Yatri Nivas' -ലും. ഒരാഴ്ചക്കാലം അവരുടെ നൂതനാശയങ്ങൾ കോഴിക്കോട് നഗരത്തെ പ്രകമ്പനംകൊള്ളിച്ചു. OISCA - യുടെ പ്രവർത്തനഫലമായി പച്ചപുതച്ച NIT-Calicut ക്യാമ്പസ് സന്ദർശനത്തോടെ ആ 'Module' - സമാപിച്ചു.

ഇനി ആകെയുള്ളത് " Village Stay & Agroclinic" ഇത് മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമ പഞ്ചായത്തിലാണ്. ഹോർട്ടികൾച്ചർ കോളേജിലെ പൂർവ്വ വിദ്യാർത്ഥിയായ ശ്രീ. പി.കെ അബ്ദുൾ ജബ്ബാർ - അവിടുത്തെ കൃഷി ഓഫീസർ. രണ്ടാഴ്ച്ചത്തേക്കുള്ള പരിപാടികളും ആസൂത്രണം ചെയ്ത് കാത്തിരിക്കുകയാണദ്ദേഹം. ചെന്ന ദിവസം തന്നെ അവർ മാമാങ്കത്തിന്റെ മണ്ണായ തിരുനാവയയിൽ താമരകൃഷി നടക്കുന്നയിടം സന്ദർശിച്ചു. താമരപൂവിറുക്കുവാൻ ഉപയോഗിക്കുന്ന കൊതുമ്പുവള്ളത്തിലുള്ള യാത്ര അവർക്കൊരു പുതിയ അനുഭവമായിരുന്നു. പിറ്റേന്ന് മുതൽ നാട്ടുകാരുമായി പുലർത്തിയ സംസർഗ്ഗം അവരെ തനി ഗ്രാമീണരാക്കി മാറ്റിയെന്നു തന്നെ പറയാം. അവർ വട്ടകുളം എന്ന ഗ്രാമത്തിന്റെ മുക്കും മൂലയുമെല്ലാം കണ്ടുകേട്ടും അനുഭവിച്ചുമൊക്കെയറിഞ്ഞു. രാവിലെ തന്നെ പൊറോട്ടയും , മീൻകറിയുമൊക്കെ തിന്നുന്ന നാട്ടുകാരെ കണ്ട് അവർ ആദ്യമൊന്ന് അമ്പരന്നെങ്കിലും, പിന്നെ അവർ അതുമായി പിരിയാനാകത്തവിധം ഇഴുകിചേർന്നുവെന്ന് പറയാം. അവർ 51 പേരേയും ഒന്നടങ്കം ആവേശഭരിതരാക്കാറുണ്ടായിരുന്ന ഒരിനമായിരുന്നു 'Field visits'- ചെയ്യുന്ന പ്രവർത്തിയോടുള്ള അമിതമായ ആത്മാർത്ഥയും, താല്പര്യവും കൊണ്ടൊന്നുമല്ലായിരുന്നു അത്. സ്നേഹസമ്പൂർണ്ണരായ നാട്ടുകാർ [illegible]ക്കുന്ന വിഭവസമൃദ്ധമായ ഊണ്, ചായ, പലഹാര[illegible] തുടങ്ങിയവയായിരുന്നു അതിന്റെ പിന്നിലെ ചേ[illegible]ാരങ്ങൾ. രാഷ്ട്രീയവും, വ്യക്തിപരവുമായ കാര[illegible]ൽ പഞ്ചായത്ത് ഭരണാധികാരികളുടെ ഭാഗത്ത് നിന്നും പല തടസ്സങ്ങൾ ഉണ്ടായെങ്കിലും അവർ അതെല്ലാം ബുദ്ധിപൂർവ്വം നേരിട്ടു - രാജീവൻ സാറിന്റേയും, ഖലീൽ സാറിന്റേയും, ജബ്ബാർ സാറിന്റേയുമൊക്കെ സഹായത്തോടെ......

ഏതായാലും കാർഷികകേരളത്തിന് അഭിമാനിക്കാനുതകുന്ന കുറെ കാര്യങ്ങൾ ചെയ്ത് അവർ, ആ ഗ്രാമവാസികളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടി. വികാര നിർഭരമായ ഒരു യാത്രയയപ്പാണ് ഗ്രാമവാസികൾ അവർക്ക് നല്കിയത്. ഖലീൽ സാറിന്റെ 'Brain child' - എന്ന് വിശേഷിപ്പിക്കപ്പെട്ട 'Exhibition' എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. അങ്ങനെ അവസാന 'Module'-ഉം സമാപിച്ചു. നാലുകൊല്ലത്തെ സുഖജീവിതം അവസാനിച്ചുവെന്ന നഗ്നസത്യം ചെറിയ ഞെട്ടലോടെയാണെങ്കിലും എല്ലാവരും തിരിച്ചറിഞ്ഞു. അവസാനമുള്ള 'Dissertation':- 'preparatin'- ഉം എല്ലാവരും ഒത്തൊരുമിച്ച് നിർവ്വഹിച്ചു.

നാലു കൊല്ലം നീണ്ട ഒരു 'Exhibition'ഇവിടെ തീരുന്നു. പറക്കമുറ്റാത്തവരായി വന്നുചേർന്ന് ഹോർട്ടികൾച്ചർ കോളേജ് എന്ന അമ്മയുടെ ചിറകിൻ കീഴിൽ ഒന്നിച്ചിരുന്ന ഇവർ, ഇന്ന് സ്വതന്ത്രരായിരിക്കുന്നു. 'GRE.... -എന്നിങ്ങനെ വിവിധ ദിശകളിലേക്ക് ഇവർ പറക്കാനൊരുങ്ങുന്നു. ചിറകിനിടിയിലിരുന്ന അവസരങ്ങളിൽ ചെറിയ അരിമണികൾക്ക് വേണ്ടി കൊത്തുകൂടിയിരുന്ന ഇവർ ഇന്ന് സ്നേഹത്തിന്റേയും, സഹിഷ്ണുതയുടേയും, സുഹൃദ് ബന്ധങ്ങളുടേയുമൊക്കെ വില മനസ്സിലാക്കുന്നു. ചിറകിനടിയിലിരുന്ന കാലത്ത് ഇവരെ സഹായിച്ച കുറെ വ്യക്തികളുണ്ട് - എത്ര നന്ദി പറഞ്ഞാലും തീരാത്തവർ. ഇവരോടെല്ലാമുള്ള നന്ദിയും കടപ്പാടുമൊക്കെ പറഞ്ഞും, പറഞ്ഞ് തീരാതെയും, മനസ്സിലൊളിപ്പിച്ചും, തങ്ങളെ കാത്തു സൂക്ഷിച്ച ഹോർട്ടികൾച്ചർ കോളേജിന്റെ യശസ്സ് വാനോളം ഉയർത്തുമെന്ന ദൃഢനിശ്ചയത്തോടെയുമാണിവർ പടിയിറങ്ങുന്നത്. പാലിച്ച കുറെ വാഗ്ദാനങ്ങളും, പലർക്കും കൊടുത്ത വാഗ്ദാനങ്ങൾ പാലിക്കാൻ ദൈവം സഹായിക്കുമെന്ന പ്രതീക്ഷയോടെയുമാണിവർ പടിയിറങ്ങുന്നത്. തങ്ങളുടെ വിഷമങ്ങൾ മനസ്സിലൊളിപ്പിച്ച് യാത്ര ചോദിക്കുന്നു, തങ്ങളുടെ പിൻഗാമികൾക്കായി വഴിമാറുന്നു - തങ്ങളുടെ അമ്മയെ അവർ നോക്കുമെന്ന വിശ്വാസത്തോടെ.

**Warning**

* All the situations in this story are performed by professionals. Donot try to imitate these in your life or in your batch.

* Donot generalise rest of the students based on what you have read (we are a class apart)


*With Best Compliments from*

# Rozario's Bakery

East Fort, Thrissur
Phone: 2333062

# നെട്ടിൽ ഓപ്ഷണൽ

പെണ്ണമ്മയും കൂട്ടുകാരും
പെഗാസസ് 04

സ്ഥലം : ഹർഷ ലേഡീസ് ഹോസ്റ്റൽ, വെള്ളാനിക്കര,
സമയം : വൈകുന്നേരം നാലര

കേരളത്തിന്റെ നാനാദിക്കുകളിൽ നിന്നും പെഗാസസിന്റെ സ്വന്തം തരുണീമണികൾ ഹർഷയുടെ പടിവാതിൽ കടന്നെത്തിത്തുടങ്ങി. " നീയിത്തിരി തടിച്ചിട്ടുണ്ടല്ലോ ?" "തീറ്റിതന്നെയായിരുന്നല്ലേ?" "കുറച്ച് വെളുത്തിട്ടുണ്ടല്ലോ ?"...... പുതിയ ചുരിദാർ ആണല്ലേ ? "ഒരു മിസ്സ്ക്കാൾ അടിച്ചാൽ തിരിച്ച് ഒന്നടിക്കാൻ എന്താണാവോ ഇത്ര അമാന്തം ?"

ഇങ്ങനെ പോകുന്നു പരിഭവങ്ങളും കുശലാന്വേഷണങ്ങളും. ഒരാഴ്ചത്തെ ഇടവേളയ്ക്ക് ശേഷം കണ്ടുമുട്ടിയതിന്റെ സന്തോഷവും ആവേശവും ആഹ്ലാദവുമൊക്കെയായി സമയം ആറര........... എല്ലാവരും എത്തിക്കഴിഞ്ഞു.

ഇനിയാണ് വളരെ സുപ്രധാനമായ ആ ചടങ്ങ്..... കേരളത്തിന്റെ നാടൻ രുചികളുടെ ഒരു സംസ്ഥാന സമ്മേളനം ഹർഷയുടെ ഒരു കൊച്ചുമുറിയിൽ നടക്കുകയായി. 'Survival of the fittest' അതാണ് ആ നിമിഷത്തെ നിർവചിക്കുന്നത്.

ഇനി ഇങ്ങനെയൊരൊത്തുചേരൽ നടക്കുമോ ആവോ ....? ആരോ ചോദിച്ചു. കഴിക്കുന്നതിനിടക്കിൽ അതാരാണെന്ന് ശ്രദ്ധിച്ചില്ല. എങ്കിലും ആ ചോദ്യം......

നാളെയാണ് അവരുടെ 7-ാം semester തുടങ്ങുന്നത്. 7-ാം semester -ൽ optional course-കൾ offer ചെയ്തിരിക്കുകയാണ്. മൊത്തമുള്ള 19 ക്രെഡിറ്റിൽ നിന്നും 16 credit optional course കളിൽ നിന്നാണ്.

ശരിയാണ് ഓരോരുത്തരും ഇനി ഓരോ വഴിക്കല്ലേ.....? ശോശാമ്മ, ചിന്നമ്മ, ത്രേസ്യാമ്മ, അച്ചാമ്മ, എൽസമ്മ, അന്നമ്മ, മറിയാമ്മ, റാഹേലമ്മ, ഏലിയാമ്മ, സൂസമ്മ ഇവരെല്ലാം പല വഴിത്താരകളിലേക്ക്..... ഓരോരുത്തരും അവർക്കിഷ്ടപ്പെട്ട വിഷയങ്ങളും course കളും തേടിപ്പോകാനൊരുങ്ങുന്നു.......

ശോശാമ്മയ്ക്കും ചിന്നമ്മയ്ക്കും Horti ആണ് പ്രിയമെങ്കിൽ ത്രേസ്യാമ്മയ്ക്കും എൽസമ്മയ്ക്കും റാഹേലമ്മയ്ക്കും Economics - ലാണ് നോട്ടം. ഈ രണ്ടു തോണിയിലും കാല് വെയ്ക്കാനാണ് സൂസമ്മയ്ക്ക് മോഹം. അച്ചാമ്മയും അന്നമ്മയും മറിയാമ്മയും ജനിതകശാസ്ത്രത്തിലൂടെ വീണ്ടുമൊരു ഹരിതവിപ്ലവം സൃഷ്ടിക്കാനുള്ള ആവേശവുമായി നടക്കുന്നു. ആ താളത്തിനൊത്തുതുള്ളാനാണ് പെണ്ണമ്മയുടെ തീരുമാനം. കീടങ്ങളെ കീഴടക്കാനും കാട്ടിൽ നിന്ന് തേൻ ശേഖരിക്കുവാനും പട്ടുകുപ്പായമിട്ട് ചെത്തിനടക്കാനുമാണ് ഏലിയാമ്മയുടെ തീരുമാനം. അതിൽ അസുയമുത്താണെന്ന് തോന്നുന്നു റാഹേലമ്മയും പട്ടിലേക്ക തിരിഞ്ഞിട്ടുണ്ട്

** ** **

സൂസമ്മയുടെ വെള്ളമില്ല എന്ന നിലവിളി കേട്ടാണ് മറ്റെല്ലാ അമ്മമാരും രാവിലെ ഉണർന്നത്. കിട്ടിയ വെള്ളത്തിൽ കുളിച്ചൊരുങ്ങി രാവിലെ തന്നെ അവർ college ലേക്ക് വച്ചുപിടിച്ചു.......

......... ഒരായിരം course കളുമായി syllabus അവരെ നോക്കി പല്ലിളിച്ചു. അതിലെ അതിസുന്ദരികളെ അവർ തിരഞ്ഞെടുത്തു. പക്ഷെ വിധിയുടെ വിളയാട്ടം എന്ന് പറയട്ടെ അവർ ആശിച്ചു മോഹിച്ച പല course കളും ഇല്ലാതായി. അങ്ങനെ പുതിയ syllabus രൂപപ്പെട്ടു. അതിൽ നിന്നൊന്നിനെ കിട്ടാനുള്ള നെട്ടോട്ടമായിരുന്നു പിന്നെ അഞ്ച് പേരുണ്ടെങ്കിൽ മാത്രമേ Course offer ചെയ്യുകയുള്ളൂ എന്ന് കേട്ട തരുണീമണികൾ പിന്നെ തങ്ങളുടെ ഇഷ്ട course കൾക്കു വേണ്ടി പലരുടേയും കാലുപിടിച്ച് നടന്നു.....

.......... അപ്പോഴാണ് ഒരാളുടെ കമന്റ് "ഇത്രയും കാലം നമ്മളെ കൊണ്ടുപോയി കുഴിയിൽ ചാടിക്കുകയായിരുന്നെങ്കിൽ ഈ semesterൽ നമ്മൾ സ്വയം അറിഞ്ഞുകൊണ്ട് കുഴിയിൽ ചാടുകയാണ്......"

അങ്ങനെ വിധിച്ചതെല്ലാം വിധിയെന്നു കരുതാത്ത പെഗാസസ് ബാച്ച് അന്ന് ആദ്യമായി വിധിക്ക് കീഴടങ്ങി!

അങ്ങനെ അവർ course കൾ തിരഞ്ഞെടുത്തു. ഇനി പിള്ള സാറിന്റെ ഊഴം. പാവം സാർ!കുറെ course ന്റെ lfpw, credit കളും catalogue നമ്പറുകളുടെയുമിടയിൽ പിള്ള sir നട്ടം തിരിയുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ഒടുവിൽ ആ ദൗത്യം വിദ്യാർത്ഥികൾ ഏറ്റെടുത്തു. അങ്ങനെ സൽക്കാരയുടെ കുടക്കീഴിൽ ഒരു time table പിറന്നു. ആ time table കണ്ട പെണ്ണമ്മയും കൂട്ടുകാരും ഞെട്ടി. 8 മണിമുതൽ 5 മണിവരെ ക്ലാസ്സോ? വളരെ വിഷമത്തോടുകൂടിയാണെങ്കിലും ആ സത്യം അവർക്ക് അംഗീകരിക്കേണ്ടി വന്നു.

** **

ക്ലാസ്സുകൾ തുടങ്ങി: ഉറങ്ങിക്കിടക്കുന്ന എൽസമ്മയേയും ത്രേസ്യാമ്മയേയും നോക്കിക്കൊണ്ട് അച്ചാമ്മയും അന്നമ്മയും ക്ലാസ്സിലേക്കോടി.....

രേഷ്മ ആർ.

ചിന്നമ്മയ്ക്ക് 8 മണിക്ക് class കഴിഞ്ഞാൽ പിന്നെ 2 മണിക്കാണ് class

അങ്ങനെ പെണ്ണമ്മയും കൂട്ടുകാരും college ന്റെ കാണാപ്പുറങ്ങൾ തേടി കണ്ടുപിടിച്ചു..... വായിക്കാത്ത പത്രങ്ങളില്ല, കാണാത്ത മാസികകളില്ല...... തീസിസുകൾ പോലും വായിക്കാൻ മുതിർന്നവരുണ്ട്..... എല്ലാം കാലത്തിന്റെ മായാജാലം.....

* *

എട്ടുമണിയുടെ class ലേക്ക് പോകാനായി ഒരുങ്ങുന്ന ഏലിയാമ്മയോട് സുസമ്മയുടെ കമന്റ്... ഹായ്! എനിക്കിന്ന് ക്ലാസ്സില്ലല്ലോ!

ഒമ്പത് മണിയോടെ അച്ചാമ്മയും അന്നമ്മയും പെണ്ണമ്മയും കൂടി Pgn 4105 "ന് പോകുകയായിരുന്നു. അപ്പോഴാണ് നമ്മുടെ ഓട്ടക്കാരൻ അതുവഴി ഓടിവരുന്നത്..... "ഹല്ല ഹല്ല ഇപ്പോൾ നിങ്ങൾക്ക് class ഇല്ലേ ?."
"class - ഓ.... ഏത് ?," അവർ തിരക്കി.
"Hort- class" . ഓട്ടക്കാരൻ മറുപടി നൽകി.
"ഏത് Hort - Hor 4109, 4110,4112,4113, 4114,4115...........
ഇതിൽലേതാ?".

"പറഞ്ഞോന്നും നിൽക്കാൻ സമയമില്ല...... കേറിക്കോളിൻ ?" ഓട്ടക്കാരൻ ഇതും പടഞ്ഞുകൊണ്ട് ഓട്ടം തുടർന്നു.

പെണ്ണമ്മയ്ക്ക് ആകെ മൊത്തം confusion ഇതിലേതാണ് എന്റെ നമ്പർ. അവർ ഓട്ടക്കാരന്റെ പിറകെ ഓടി....... ചെന്നുനിന്നത് Audio visual lab- ൽ. ഏത് class ലേക്ക് ആണെന്നറിയാൻ പെണ്ണമ്മയും കൂട്ടുകാരും എത്തിനോക്കി.

"എന്താണെല്ലാവരും ഇവിടെ നിൽക്കുന്നത്? Class കയറ്, " വാതിൽ തുറന്നെത്തിയ CRP ആക്രോശിച്ചു.

കുറേ നമ്പരുകളുടെ മായാലോകത്തിൽപെട്ട പെണ്ണമ്മ class ലേക്ക് ഓടിക്കയറി.

അകത്ത് കയറിയ പെണ്ണമ്മയ്ക്ക് എന്തോ പന്തികേട് തോന്നി. കിട്ടിയ സീറ്റിലിരുന്ന് പെണ്ണമ്മ മറ്റുള്ളവരോട് തിരക്കി. "ഇത് ഏത് course ആണ്?"

അടുത്തിരുന്നവൾ അവൾക്ക് പറഞ്ഞുകൊടുത്തു "Propagation ന്റെ ".

പെണ്ണമ്മ ചിന്തിച്ചു [illegible] നാണോ ചേർന്നത് അവൾ തന്റെ [illegible] time table എടുത്തുനോക്കി. അവൾ [illegible] സത്യം തിരിച്ചറിഞ്ഞു...... താൻ ഈ course ൽ [illegible] അവൾ ഇനി എന്തു ചെയ്യുമെന്നാലോ[illegible] നോക്കുന്നവരോടായി അവർ പ[illegible] ഈ course നില്ല!.... ഇല്ല !" അപ്പോഴേക്കും [illegible] tendance എടുക്കാൻ തുടങ്ങി [illegible] തന്നെ ചുണ്ടി മിസ്സ് നിന്നപ്പോൾ [illegible] വസ്ഥയോടെ എണീറ്റ് നിന്ന് പറഞ്ഞു "മിസ്സ് [illegible] ഞാൻ Hort 4112- നാണ് ഉള്ളത് Hort 411[illegible] miss " അപ്പോൾ ക്ലാസിൽ ഒ[illegible] ആ മണിനാദങ്ങൾക്കിടിയിലൂടെ അ[illegible] യ്ക്കുവാനുള്ള ചിരിയുമായി പ[illegible] അവൾ ആലോചിച്ചു "എന്റെ നമ്പർ [illegible] അവൾ നേരെ അന്നമ്മയുടെയും അച്ചാമ്മയുടെ[illegible] അടുത്തേക്കോടി. അങ്ങനെ [illegible] collegeന്റെ കാണാപ്പുറങ്ങൾ തേടി [illegible]

സമയം 10.30 hostel -ലേക്ക് [illegible] ങ്ങിയ പെണ്ണമ്മയുടെയും കൂട്ടുകാരുടെ[illegible] സുസമ്മയെത്തി... നമ്മുടെ അട[illegible] ക......

"സുസമ്മേ.... അറിഞ്ഞോ [illegible] പെണ്ണമ്മ ഇന്ന് class മാറിക്കയറി..... [illegible] ഹി ഹി..... ," അച്ചാമ്മ ചോദിച്ചു.

ഇതുകേട്ട സുസമ്മ അവരുടെ [illegible] ഹ ഹ ഹ.... അങ്ങനെ ഈ sem ലെ ആദ്യത്തെ അബദ്ധം..... "ആട്ടെ, ഏതു class ആയിരുന്നു ?"

"Hort 4113." പെണ്ണമ്മ വൈക്ലബ്യ[illegible] പറഞ്ഞു.

"സാരമില്ല വിവരമില്ലായ്മ [illegible] ല്ലല്ലോ ?." സുസമ്മ

അങ്ങനെ അവർ ആനന്ദത്തിലാറാ[illegible] മ്പോൾ സുസമ്മ ഷോക്കടിച്ചതു[illegible] ഒന്നു നിന്നു. മുഖത്തെ ചിരി മാഞ്ഞു.

അല്ല, course ഏതാണെന്ന പറഞ്ഞത് സുസമ്മ ഒന്നുകൂടി ചോദിച്ചു.

പെണ്ണമ്മ "Hort 4113 - Propagation !"
സുസമ്മ പിന്നൊന്നും മിണ്ടിയില്ല.

# PASSENGERS...... YOUR ATTENTION PLEASE

Train journeys are very often compared to our own lives. You might forget many things that you had learned for your examinations. But none of us will ever forget the lessons that we learned from the experinces that we had in our lives.



It was Nov. 4th 2007- The much awaited day. The flying horses of The College of Horticulture were ready for the humdinger of a tour the privilege enjoyed by every B.Sc Agriculture student, leaving behind memories that will be ever cherished by each and everyone of them.

All of us reached the railway station very early before the scheduled time of arrival of the trainTrivandram-Guwahati. The coach position was confirmed by our CRP and all of us waited for the train to come. We had a great time over there with our juniors. Only thing was that our purses were becoming lighter. The announcement was made and all of us were on the crest of a wave.

"Experience is a good teacher but she sends in terrific bills" It was true. We had to pay the bill. Everything happened on the spur of a moment. The number '1' of S-12 was not clearly written. Someone read it as S-2 and began to run and all the others followed. Even now, I don't know what was there in our minds at that time. I didn't have my luggage with me. It was Jijo of 2007 batch, who carried my luggage and he was faster than me and I couldn't find a trace of him there. To make the matter worse, I forget his name also. I was in a real tizzy at that time and kept on



**SARA JOHN P.**
Pegasus'04

asking others whether they saw 'Junior Malay alee' as he was the only Malayali guy in 2007 batch at that time. Any way I will never forget his name again in my life.

All of us had our own ideas to tackle the situation. Sobha thought of following Sarath as he could be easily spotted in a crowd and ran after him. But ultimately she was serene enough to accept the fact that he was really a flying horse and she was not one and gave up the idea.

Rohini was the only person who shouted helplessly telling us that we were all mistaken and was actually running from S-12 to S-2. But none of us paved any attention to her and at last she also decided to be a part of the marathon and ..... began to run. Some of us got into the AC compartment and the rest somewhere else. None of us had any idea about our luggage. That was the first task ahead of the crisis management committee and it was just the beginning.

'Thank God' that's all I could say when I think about that day now. "Think before you act". It is very easy to say so, but indeed very difficult to put into practice. Everything happened in a flash of second and there was no time for thinking. To wind up the entire incident- "Mistakes are caused by lack of attention, then there is tension".



## ജീവിത സമരം

രഞ്ജിനി വി. ആർ.
ഓറിയോൺ 06

നിലയ്ക്കുന്നില്ല നിൻ
മൂകമാം നിസ്വനങ്ങൾ
കയ്പു നിറയും പാനപാത്രവുമായ്
പിറക്കുന്നു നീ മണ്ണിൽ
ഭൂമിദേവിതൻ ഗദ്ഗദവുമായി
കണ്ണുനീർത്തുള്ളിയിൽത്തുടങ്ങുന്നു
യാതന; പിന്നെയോ നിരർത്ഥകമാം
ജീവിത പ്രയാണം
നിൻ വദനത്തിൽ നിറയുന്നത്
ലോകത്തിൻ വ്യഥകളത്രേ
നിൻ താരാട്ടിൽ ഉറഞ്ഞു തണുത്തത്
സൃഷ്ടികർമ്മത്തിൽ പുണ്യമോ?
കിഴക്കു നിന്നും വീശിയ കാറ്റ്
മായിച്ചു നിൻ സിന്ദൂരം
നിനക്കു പിന്നിൽ ഇരുൾ വീഴ്ത്തി
താണ്ഡവമാടുന്ന നിഴലുകൾ
നിനക്കു മുന്നിൽ മറഞ്ഞത്
സ്നേഹമെന്ന ക്ഷണികവികാരം
നിന്റെ ആത്മാവിനെ കൂട്ടിലടച്ചത്
നീയെന്ന സ്പന്ദിക്കുന്ന സത്യം
നിലയ്ക്കുന്നില്ല നിൻ
മുകമാം നിസ്വനങ്ങൾ
നിലയ്ക്കയില്ല നീ അണയുവോളം

ഏകാന്തതയുടെ നിഴൽവീഥിയിൽ
അന്നു നിന്നെ ഞാൻ കണ്ടനാളിൽ
അറിയാതെ എന്നിലെ പ്രണയം
നിന്നെ തേടുന്നുവോ...
എന്റെ ആത്മാവിന്റെ തേങ്ങൽ
നീ കേട്ടുവോ......
ഞാൻ കാതോർക്കുന്നു നിൻ
മൃദുസ്വരം കേൾക്കുവാൻ
സ്വരങ്ങൾ പൂക്കുന്ന വീണയിലെ
മധുവാണ് നീ.
കവിതകൾമേയുന്ന പുൽമേട്ടിലെ
പ്രണയകാവ്യമാണ് നീ
എന്റെ രചനാശില്പത്തിലെ
പൊൻതൂലികയാണ് നീ
എന്റെ മൺചിരാതിലെ
അണയാത്ത ദീപമാണ് നീ
ഒരുവാക്കു നീ മിണ്ടുമ്പോൾ
എന്നിലെ ദു:ഖങ്ങൾ കവിതയായിടും
നിൻ മൃദുസ്പർശം എന്നിൽ
പ്രണയത്തിൻ നിർവൃതിയായിടും

അരുൺ കുമാർ എ
പൊസിഡൻ 07

എന്റെ കനവിലെ ചിത്രങ്ങളിൽ
എന്നും നിൻ വർണ്ണചിത്രങ്ങൾ മാത്രം
മഴയുടെ സംഗീതം എന്റെ ആത്മാവിൽ
പ്രണയനൂപുരം ചാർത്തുന്നു
നിന്റെ വാർമുടിയിലെ തുളസിക്കതിർ
ഞാനാണെങ്കിൽ......
നിന്റെ തുനെറ്റിത്തടത്തിലെ
ചന്ദനം ഞാനാണെങ്കിൽ
നിന്റെ മണിപ്പൊൻ വീണയിലെ
സ്വരരാഗം ഞാനാണെങ്കിൽ
നിന്റെ കനവിലെ കാർമുകിൽ
വർണ്ണൻ ഞാനാണെങ്കിൽ ..
എന്റെ ചേതനയിൽ എന്നും നിൻ രൂപം മാത്രം
കാലത്തിൻ വരണമാല്യം
നീയവളെ ചാർത്തുമ്പോൾ
എന്റെ ആത്മാവിന്റെ വിങ്ങലുകൾ
നീ കേൾക്കുന്നുവോ... ?
കാലത്തിനും മരണത്തിനും
അണയ്ക്കുവാൻ കഴിയാത്ത ദീപം
ഒരിക്കലും, മായാത്ത നിഴലിൻ
കാല്പാടുകളാണ് പ്രണയം

# UNION REPORT 2006'-07

I take great pride to present before you the Union Report for the year 2006-07. It gives a panoramic view of the activities undertaken by the Students' Union and the achievements of the same.

The varied developmental initiatives in the improvement of facilities in the College goes to show the role played by the Students' Union in promoting students welfare.

The Students' Union election was held on 25th December 2006 and the following were sworn in as the office bearers.

Avinash D. – President
Durga A.R. – Vice-President
Praveen K.V. – General Secretary
Seeshma K.S. – Joint Secretary
Arun Babu – Arts Club Secretary
Arun Paul – Student Editor
Arun E.K. – Sports Club Secretary
Sarah John P. - Social Service League Secretary
S. Arun – Planning Forum Secretary
Vishnu R. – Quiz Club Secretary

**UUCs**
Justin George K.
Rajasree S.
Sajeev C.G.

**Class Representatives**
K. Sajnanath (P.G.)
Robin John (2003)
Manu Krishnan (2004)
Maneesh Mohan (2005)
Varun Kumar A.V. (2006)

The Students' Union took shape with Dr. PK Rajeevan as the Patron and Dr. CT Abraham as the Associate Patron. The staff advisors to the Union were the following teachers.

Dr. P. Suresh Kumar – Arts Club
Dr. V.S. Sujatha – Staff Editor
Shri. E.U. Rajan – Sports Club
Dr. D. Girija – Social Service League
Dr. Haseena Bhaskar – Planning Forum
Dr. A.M. Renjith – Quiz Club

The staff advisors were very helpful, extremely approachable and played a pivotal role in the functioning of the Students' Union. We offer our sincere thanks to them.

**Inauguration**

The formal inauguration of the Students' Union 2006-07 was on 17th of January 2007. The function was presided over by Avinash D., President of the Students' Union. The Secretary of the Students' Union extended the vote of thanks on behalf of the Students' Union. Among the dignitaries present were Shri. Anandapathmanabhan, famous Veena Player, who inaugurated the Union and Shri. Priyanandan, famous movie director based in Thrissur, inaugurated the Arts Club. It was followed by cultural programme by a hired troop.

**Arts Club**

The Arts Club functioned under the leadership of Mr. Arun Babu as Secretary and Dr. P. Sureshkumar as its advisor. Its activities began with the film fest, CELLULOID- 2007, which was conducted on 17th, 18th and 19th of May 2007 at the Central Auditorium. Movies screened during the festival were of both artistic and cultural significance, and at the same time, were entertaining.

The inter-class arts fest, Noopura-2007 from 17th to 28th of July 2007 was one of a kind. Sopanam 2005 emerged as the winners and Pegasus 2004 as the runners-up. S. Arun was awarded Kalaprathiba and Anuja A.R., Kalathilakam. Arun E.K. and Ahmmed Shahab S. were judged best actors.

**Magazine Club**

Arun Paul and Dr. V.S. Sujatha headed the magazine club and the editorial forum. The club conducted the inter-class literary contest from 16th to 19th of July 2007 in association with Noopura 2007. The magazine club also released a 'little magazine', Kalika which was an opportunity for the expression of upcoming talents.

**Planning Forum**

The Planning Forum started its activities, under the able leadership of S. Arun, Secretary, with a talk, "Making a first impression" by Pearly Jose, a personality trainer working with Junior Chambers (India). She conducted a session spruced up with practical exercises. T. Unnikrishnan, MSc (Agri. Statistics) student of the college was felicitated for having found a conclusive proof to the Fermats's Last Theorem, for which he was personally congratulated by H.E. the President of India, Dr. APJ Abdul Kalam. He delivered a lecture on the subject and threw light on the number theoretical approach to solve mathematical problems. The movie 'Water' by Deepa Mehta (an Oscar nominee for foreign language film category) was screened in association with Chetana Media Institute, Thrissur; Lectures on contemporary topics viz.,'*Eugenics, Survival of the Fittest or Unfittest*?' by Dr. P.J. Joy, Retd. Head Entomology, RARS Kumarakom; '*Meditation techniques and seeing one's inner self*' by Shri. P.J. Jose; '*Status of women in agriculture*' by Dr. P.S. Geethakutty, presently Joint Director at NIRD, Hyderabad; and, '*The Shrinking Universe*' by Prof. P. Gangadharan. All lectures were invariably followed by an active and healthy debate by students and teachers on the topic discussed. Some talks were succeeded by screening of documentaries on relevant issues.

The Planning Forum also conducted from 28th to 30th of May 2007, the inter-university fest- *Cybele* with the central theme as 'More Crop per Drop'. Quiz contest, essay-writing competition, poster-making competition, debate, collage-making were some events conducted as a part of *Cybele*. A movie was also screened in course of the programme. There was also a talk on 'Adolescence behavior re-engineering' by Dr. A. Sukumaran, Professor, CCBM, Vellanikkara. An orientation class for MBA aspirants was conducted by Dr. Joseph John from T.I.M.E., Thrissur on 02-08-2007.

**Quiz Club**

Headed by Vishnu R., Secretary, a quiz competition was conducted by the club in association with Planning Forum in course of *Cybele*.

*Participations in Quiz Events*

Justin George, Sarath Chandran and Rijo P. George won the 1st prize in the South Indian Agri-fest quiz competition. Sarath Chandran, Asha Eapen, Ashitha S.G. and Vinay B. came 2nd in the inter-university agricultural fest. S. Arun and Rijo P. George came 1st in the inter college quiz competition for Sr. Philomina rolling trophy. They also participated in the All Kerala Inter-college at St. Thomas College, Thrissur and bagged 2nd.

**Social Service League**

The league was led by Sarah John, as the Secretary and Dr. D Girija as the advisor. It's 1st programme was setting up a model for children' park with Dr. PK Rajeevan. There was also a talk on personality development by Manu Joy Mathew from Agasthya Bio-farm Inida Ltd. On the 7th of August 2007 preventive homeopathic medicine against Chikun-Gunya was distributed in the college.

**Sports Club**

Our college team participated in the inter college sports competition and emerged overall champions with the girls team winning 1st for basketball and volleyball. Inter-class volleyball, badminton, football competitions were also held.

**Other Activities**

The Students' Union, besides the club activities also conducted a host of other programmes. Onam celebration(*Aavani-2006*), Crib competition, Fresher's Day, etc. to name a few.

Sopanam 2005 was declared 1st in the pookalm competition, Pegasus 2004, 2nd and Orion 2006, 3rd. The send-off for Sparkles 2003, *Ruksat*, was an emotional moment where teachers and students expressed their feelings for the out-going batch. The to-be graduates also spoke about their experiences.

Vellanikkara

Yours sincerely

Praveen K.V.
General Secretary

# കൂട്ടുകാർ

നൂൽ കൈവിട്ട [illegible]
തുഴയില്ലാത്ത [illegible]
ഉലയുന്നൊരാ [illegible]
തുണയായി വന്ന [illegible]

അറിയുന്നവരെന്നോ [illegible]
അറിയുന്നു ഞാനുമവരെ [illegible]
അറിയാത്തതെന്തേ [illegible]
ദുഃഖക്കടലിന്റെ [illegible]

മലരായി ഞാനെന്റെ [illegible]
ആ സൗഹൃദ [illegible]
[illegible]
അറിയാതെ [illegible]
[illegible]
അറിയാതെയോ കണ്ണു [illegible]


**TILT** - systemic fungicide
**CULTAR** - Flowering for fruit Plants
**KARATE** - Insenticide

Quality products from SYNGENTA Mumbai.

**അഗ്രി ഏജൻസീസ്**
പോസ്റ്റ് ഓഫീസ് റോഡ്, തൃശൂർ 1
ഫോൺ 2422184, വീട് 2420697

**അഗ്രി ട്രേഡേഴ്സ്**
ലാമെക്സ് അർക്കേഡ്,
പോസ്റ്റ് ഓഫീസ് റോഡ്, തൃശൂർ 1
ഫോൺ : 2443338, വീട് 2420697

# ESAF SWASRAYA BAZAR

**MARGIN FREE SUPER MARKET**

(A Unit of ESAF Retail Pvt. Ltd.)

We also undertake bulk orders at wholesale price
& offer FREE door delivery

കേരളത്തിലെയും മറ്റ് സംസ്ഥാനങ്ങളിലെയും വിവിധ
ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ
ഉൽപന്നങ്ങൾ... ദേശീയ അന്തർദേശീയമായ കമ്പനികളുടെ
ഉൽപന്നങ്ങൾ ഒരേ കുടക്കീഴിൽ ലഭ്യമാകുന്നു...

BRANCHES

Ebenezer Complex
Near Postoffice Mnnuthy
Ph: 0487 3296582

KSEB Building
Vaniamkulam
Ph: 0466 2226501

Kainikkara Complex
Pattikkad
Ph: 0487 2283503

UA Towers
Vadakkanchery
Ph: 04884 320988

Velangannur Junction
Velangannur
Ph: 0487 3257825

Olakkangal Complex
Nellankara
Ph: 0487 3257831





DIRECT FROM PRODUCERS TO CUSTOMERS

# The Union Executive 2006- '07



**AVINASH D.**
President



**PRAVEEN K.V.**
General Secretary



**DURGA A.R.**
Vice-President



**SEESHMA K.S.**
Joint Secretary



**ARUN BABU**
Arts Club Secretary



**ARUN PAUL**
Student Editor

## UUCs



**JUSTIN GEORGE K.**



**RAJASREE S.**



**SAJEEV C.G.**



**SARAH JOHN P.**
Social Service
League Secretary



**S. ARUN**
Planning Forum
Secretary



**VISHNU R.**
Quiz Club
Secretary



**ARUN E.K.**
Sports Club
Secretary

# Class Representatives



**SAJNANATH K.**
**Post Graduate**



**ROBIN JOHN**
**Sparkles '03**



**MANU KRISHNAN**
**Pegasus '04**



**MANEESH MOHAN**
**Sopanam '05**



**VARUN KUMAR A.V.**
**Orion '06**

# Staff Advisors



**Dr. P.K. RAJEEVAN**
**Partron**



**Dr. C.T. ABRAHAM**
**Associate Partron**



**Dr. P. SURESH KUMAR**
**Advisor Arts Club**



**Dr. V.S. SUJATHA**
**Staff Editor**



**Dr. D. GIRIJA**
**Advisor S.S. League**



**Dr. HASEENA BHASKAR**
**Advisor Planning Forum**



**Dr. A.M. RANJITH**
**Adviser, Quiz Club**



**Dr. E. U. RAJAN**
**Sports Club**

# Interclass Arts, Literary & Fine arts Festival -Noopura '07



**S. ARUN**
**Kala prathibha & Sarga Prathibha**

## Releasing of Mini Magazine 'KALIKA'

by Sri. Vaisakhan





**ANUJA A.R.**
**Kalathilakam & Sahithya Prathibha**

## Overall Winners of *Noopura '07*

Sopanam'05





**ANU GEORGE**
**Sahithya Prathibha**



**MUKESH MOHAN**
**Chitra Prathibha**


With best compliments from :
Chemik
Chemicals
XXV / 776/2, T.M.K. Complex,
Mannath Lane, M.G. Road, Thrissur.
E-mail : chemik_lab@yahoo.co.in www.chemik.in
MERCK
gsk GlaxoSmithKline
Johnson & Johnson
Himedia
Diacon
BHARAT SERUMS AND VACCINES LTD.
NEUGEN DIAGNOSTICS (INDIA) PVT. LTD.
BEACON DIAGNOSTICS PVT. LTD.
EURO Diagnostic Systems
BIOMERIEUX
RAPHA DIAGNOSTICS
TECHNICO




# Teachers **Speak......**

The magazine committee conducted a survey among the teachers. We analysed the opinions collected and the gist is given below.
The aim of this survey was to find answers to the many questions that us students always wonder about, but never have the chance to ask our teachers. The responses to this survey were mixed - while some accepted it warmly, there were also some cold reactions to this controversial survey...........
Read on friends................

## The student -teacher relationship in our college

Majority of the teachers pointed out that it is strong in our college compared to other colleges. They also pointed out that the students are their children's age and would like to know the students better. A few teachers had an opinion that students avoid them in the corridors and 2 to 3 teachers pointed out that occasions for interactions are less. Some teachers also pointed out that student- teacher relation is strong among a few teachers and students.

## Extracurricular activities and academic schedule.

About 90% of the teachers had an opinion that both are equally important. Some of them have pointed out that there is no need to cut classes for extracurricular activities. Two teachers have an opinion that there is no need of extracurricular activities.

## Response of students in classrooms and viva

Majority of the teachers pointed out that if a question is asked, the students look at them like crocodiles-bulging eyes and open mouth. Some of them mentioned that the students are not taking the viva seriously. A few teachers enjoy viva voce session. One of the teachers pointed out that the viva voce shall be used as an occasion to instill confidence in the students to face an interview board.

## Time for assignments & records

All the teachers have the same opinion that one week is more than enough for record submission. Some hapless teachers also requested to submit the records in the present semester itself.

## Liberal in giving internal marks

Most of them had an opinion that they try to help the students as far as possible. Some of them pointed out that they give them what they deserve. Some of them have opined that they give marks without bias.

## B.Sc.Agri & teachers' children

90% of the teachers are ready to suggest or suggested this course to their children. They left it to the interest of their children. That means the children are not attracted to the profession of their parents. Only one teacher pointed out that her children are studying in Pvt. Engg./Medical colleges. One teacher responded when asked "will you suggest this course for your children?" "Not sure!!"

## Direction of ICAR regarding the course syllabus.

Half of the teachers are satisfied with it. But some of the teachers have an opinion that it is useless especially in the case of plant protection aspects. A few have an opinion that regional diversities are not taken into account. They have also opined that it needs further improvement.

## Study tours and teachers

90% of the teachers have enjoyed tours with the students. They are reminded of their college days. Some of them said that they are tired of going on tours as they are getting old now. Some of the teachers wish to get a chance to go with the students.

## Funds for improvement of labs.

All of the teachers have the same answer that more funds are needed for the improvement of labs and other infrastructure.

## More workload in B.Sc.Agri

Majority of the teachers opined that if the students are punctual there won't be any work load. Some have pointed out that there is less work load in B.Sc.Agri. Some of the teachers agreed that there is lot of physical work load (plot work)

## Job scope for Agri. Graduate

Every one pointed out that there is ample scope for agri graduates in the Pvt. sector .They opined that emerging sectors of retail and management are promising. Some of the teachers are advising for higher studies to get jobs.

## University's proposal for a 3 year Diploma in Agriculture

90% of the teachers are against it. They pointed out that even B.Sc Agri. Graduates find it difficult to get good jobs. Some of them even astonished, by the outrageous proposal of university. But a few teachers opined it as a good suggestion (2 or 3) by saying that diploma holders have another avenue for jobs.

Agriume.com
bridging agri community

*Amazing things are being thrown up in the world's present agricultural space with the help of Information Technology. You're a global citizen and must understand what obtains in your field of study*

*Be a part of the agriculture boom....*
*Join agriume*

Login

*www.agriume.com*

# students'
# Thoughts



1) Which department in our college you rate the best ?

a. Ento- 97%
b. Hort-2%
c. Others-1%

2) Should there be a limit to the no: of courses in each semester?

a. Yes ,please! -100%
b. No , the more the better
c. Don't know

3) What do you think of the present class room facilities?

a. Superb- 40%
b. Provide 1 laptop for each student-30%
c. Need a boat during monsoon-5%
d. Satisfactory-25%

4) What is your opinion about the introduction of optional subjects in the course schedule?

a. Good –gets us in depth knowledge-95%
b. Bad idea- now I don't even know which all courses I am in-2%
c. Need more courses -2%
d. No commends!!!-1%

5) Do you feel that the college library should be equipped with more books?

a. Library...???-5%
b. Include useful books-45%
c. No, but one more computer is needed-10%
d. More copies of the same book are needed-40%

6) Is the arrangement of books in the library user friendly?

a. No, I find all the books jumbled up-2%
b. There should be a section for book s of maximum demand-68%
c. The magazines are never in the proper shelves-25%
d. I don't care I only use their computer -5%

7) Do you think that the course schedule is strictly adhering to, in each semester?

a. No-100%

8) What is your opinion about using printed record for practical?

a. Excellent idea-85%
b. Get rid of records-5%
c. Current system is enough-10%

9) Do you think that there should be more field visits and interactions with farmers?

a. Yes ,anything to get out of boring class rooms-50%
b. No!-my complexion...!!!-15%
c. Yes- only if wet college bus-25%
d. No idea-10%

10) How should be the laboratories be improved?

a. Make everything automatic-15%
b. Keep only distinguishable specimens (Pathology)-55%
c. Allow us to wear shoes inside!!-20%
d. Repair all instruments-10%

11) What do you feel about the student teacher interactions?

a. Only a few teachers are friendly-45%
b. No, thanks! Better safe than sorry-2%
c. Relationship must be improved-35%
d. There is communication gap-15%
e. No commends!!-3%

12) Do you feel that each semester should have a minimum sem- break of 10 days?

a. Yes-70%
b. No-20%(especially boys)
c. At least one month sem break-10%

Give me enough time to at least go home & get the next sem's fees!!

13) What do you feel about the working of the placement cell of our college?

a. #@*..........-10%
b. What placement cell?-40%
c. I did not know of such thing......-10%
d. No need of placement cell since majority going for higher studies-35%
e. Good-5%

14) Do you recommend any changes in the college working hours?

a. Yes- 10%
b. No change-9to 4 is ideal-80%
c. Conduct practical in the evening (4-6:30 pm-my complexion)-5%

15) What do you think about improving physical education and providing regular coaching?

a. First eradicate malnutrition in L.H & then think about physical education-20%
b. Make sports events more frequent and also more competitive-5%
c. First try to reclaim the play ground from the locals-70%
d. Train deserving students in sports – give them a chance-5%

16) Do you think that the no: of specimens to be submitted for collection should be reduced?

a. Absolutely-75%
b. No problem , I can manage-5%
c. No need for collection-15%
d. No problem ,Harsha will supply-5%

17) Are study tours helpful?

a. Yes , they are the best part of the course-85%
b. Of course
c. Most helpful for ' Kuttiyadi'-5%
d. Improves student teacher relationships-10%

18) Do you think we need a 5 minute break between the periods?

a. It is our human right-68%
b. Absolute must- just like oxygen-8%
c. Not needed-4%
d. Yes , I need to stretch my limbs -20%

19) How do you rate COH with other colleges of KAU ?

a. The Best, Always...!-98%
b. No,its not the best-2%

20) Do you think hostel facilities need improvement?

a. Yes , especially in L.H-28%
b. No problem in M.H. except for mosquitoes!-5%
c. Some changes undertaken in L.H. Have been very good-15%
d. L.H. need more rooms-52%

21) Will you suggest this course (Bsc (Ag) ) to your brother, sister ?

a) Of course-2% (4th years);30%; 80% (1st years)
b) Never(95% of 4th years,20% of 1st years)

22) What do you feel about the University's proposal for a 3 year diploma in Agriculture?

a. Even we find it difficult to get jobs, where will this group find job? Tell us –is there any secret organization in agri of which we don't know? -15%
b. They will pass out before us- then we will have to follow the Vidharbha farmers!-40%
c. Oh My God! Is the University not using its brain?-30%
d. What an outrageous proposal? Where will we go? -15%

**For PG Students**

23) Will you suggest Horti/KAU for doing PG to your juniors?

a. If I answer this, will it affect my thesis work?-15%
b. Yes-20%
c. No-why should I spoil their time as PG of KAU takes 3 years.-40%
d. No-poor infrastructure-25%

24) What is your opinion about the topic of thesis?

a. Nice topics-15%
b. This much standard not needed, we don't want any awards, but to have degree in 2years-65%
c. Satisfactory-10%
d. Bad-10%

25) What is your opinion about the student teacher relationship in PG in KAU/Horti?

a. Good-20%
b. Only with guide-25%
c. 'Na Baba Mujhe chodiye!!'-15%
d. Vary from Dept. to Dept.-25%
e. Weak-15%

## ...minar... of COH

**M.Sc.**

**<u>IARI, New Delhi</u>**
Dhanya K.M. (Entomology)
Abinesh Bose (Agri. Chemicals)
Devika B. Kurup (Biochemistry)

**<u>G.B. Pant University, Pantnagar</u>**
Nishad S.(Biotech.)

**<u>UAS Bangalore</u>**
Ashish T.E. (Plant Science)
Smitha George (Entomology)

**<u>UAS Dharward</u>**
Anisha P.N.(Horticulture)

**<u>TNAU</u>**
Nafeesa M. (Entomology)

**K.A.U.**
Lamina V.K (Soil Science)
Sreevidya M.K.(Horticulture)

**Management (MBA)**
Vivek B.(IRMA)
Savesh Kumar (XIMB)
Parvathy Gopinath (MANAGE)

**GRE Scholars**
Deepak Kumar (Winemaking & Viticulture, Newzeland)

**BANK OFFICERS**
Linoj K. (Union Bank)
Satheesh Kumar (Punjab National Bank)
Jocy V.Pulikkan (Federal Bank)
Geethanjali (Federal Bank)
Vimosh T.V. (SBI)

*Give your jurneys a dream touch*

# BADBOY GROUP

## TOURS & TRAVELS

St. Thomas College Road, Thrissur, Kerala,
Ph. 0487 2423796, 2442524,
Mobile 93871 77771, 94471 82277

A/c Luxury coach busses with in
Digital aqustic surrounding
DVD DivX system, Codeless Mike,
Eco & Fridge system

We will arranging all package trips
& every Friday trips to Velankanni
Volvo, Semi sleeper air bus



NOW IN THRISSUR ! ONLY PHOTOSTAT RATE FOR LASER PRINT !!

**COLOUR LASER PRINT Rs 5***

B&W LASER **50** ps PHOTOSTAT **50** ps

# educare infotech

Devamatha Building, St Thomas College road,
THRISSUR. Mob : 98952 54504

# SPORTSLAND®

East Fort, Thrissur-5 (FITNESS SHOPPE)
Ph : 0487-2440298, 93877 55774



CREDIT CARDS ACCEPTED

# AN UNSEEN KALEIDOSCOPE



**Saritha M**
Pegasus'04

The road lay shining with the gentle kiss of the rain-drop. The flowers of plumaria had never looked so beautiful before and they formed bright pink frame for the dark road that lay behind. The sweet scented air caressed her face and played with her hair as she stood by the window of her room watching the scenic beauty unfold in front of her. She found herself over-whelmed with an unexplained joyfullness. Her eyes ran slowly throughout the length of the road which led to a concrete bench that stood drenched beneath a leafless gulmohar. The bench had always been a silent companion of her and her friends.

The bench had stood with its haughtly head high on a red carpet that had been laid by the adjacent gulmohar tree, when she and her friends had seen it for the first time. "Shall we sit there?" Someone had asked . But, without waiting for a reply, everyone had occupied their seats. Though they had been more in number, the small bench had accomodated everyone of them. " All for one and one for all this shall be our motto"- Rose had said. As it was being welcomed by the others, the situation had been made auspicious by a light shower, and they had reached the hostel completely wet. Rains have, from then, been something inspiring to them.

"Lena, is it raining?" Starled by the voice, she woke up form her memories to find Priya standing beside her. They both came out of the room, walked down the stairs, and then straight along the road where they were joined by their friends. The rain had stopped for a while.

All the nine of them walked lazily forward. There was always an aura of enthusiasm about them, especially at times of rain and exams. Both drove them crazy. Rains and exams always invoked their creativity. They usually spent more time with each other on such occasions and it helped them to critically review everything..... almost everything. College, hostel, films, sports, social issues and 'future issues were the topics of their interest. They believed in the saying " a creative mess is better than an idle cleanliness." So they always made, what others called, 'a mess' wherever they could No matter, the place was a library or a ground. their happiness knew no bounds.

They always liked to view the world from a different angle. They spoke their minds out only while they were together. Their ideas were no one's monopoly. They liked to soar high up in the sky together with the butterflies which floated in the air enjoying each moment of their short life, making their presence everywhere. They followed the butterflies to a breathtaking sight. Nature had added a few fine strokes to its most beautiful painting. Salkara made them really spell-bound. The tiny waterdrops that trickled down the umbrella gave it a beaded curtain. Clouds of mist were struggling to embrace the lush green background. The pebbles on the ground glittered as never before. The picturesque salkara had always hidden behind the red and yellow carpets that were laid occasionally. They were the admirers of Salkara, who saw its hidden beauty, unseen by many of its own friends. The nine of them spent their evening in Salkara, adding life and colour to their fantasies, and it was a mystery to some.

They were always proud of being a part of this world and they enjoyed its sweetness though at time they had to taste its bitterness. With every rain, they felt the linkage between their souls and mother nature tighten. Each raindrop showcased their dreams, their hopes, their fantasies. They felt their sorrow melt in the cloud's weep. The tiny raindrops always knocked at the doors of their hearts and have often entry. They found themselves in those radiant drops, which would one day flow into a mighty ocean- their ultimate destination.

# Reunions for the SOUL



**Dr. Meera V. Menon**
Assoc. Professor
(Agronomy)

*It all began with the film 'Classmates'. Class reunions have been occurring for ages but they gained their current elite status after this totally unrealistic but thoroughly enjoyable movie had its long innings. All of a sudden these annual get-togethers became the rage and newspapers were full of reports of silver jubilees and other milestone anniversaries being celebrated in this or that prestigious institution, with long lists of celebrities and VIPS who attended the bash. I was quite critical of these events. I mean, what's the big deal? Just a bunch of old fogies meeting together and recollecting long ago events and relating better-forgotten memories. Nothing but an ego trip to the past when they were young live wires, geared to take on challenges, change the world and make life wonderful (very much like the present day youngsters in fact). Perhaps it helps them forget that they are nowhere near their beautiful visions and that they are all in almost the same old rut, leading dull, predictable life styles.*

*My cynical opinion didn't change much when I attended my husband's class reunion. Families were also invited and I had a fairly enjoyable time chatting with the other wives and comparing our offspring. Those youngsters did a lot to liven up the evening with their songs and dances, and put to shame their fathers' efforts in the same direction. (This class had only two girl students and so it was a male dominated show)*

*As I expected, there were long reminiscences about the days long gone by, and it was only my wifely devotion that helped me stifle my yawns and look interested till the end.*

*However, one thing did catch my attention: these old classmates all underwent subtle transformations: they all looked happier and even younger. They kept calling each other 'classmate' and even though this irritated me no end, even I could make out the real affection they had for each other. Perhaps there is something in these reunions, I mused.*

*I should not be blamed for my uncharitable views as I had no yardstick to use as comparison. My own class had not met even once and though I did have contact with a few of my old friends, most of the others were completely lost, as far as I was concerned.*

*When one of my former classmates rang up with intention of initiating such a gathering, my feelings were mixed. On one hand, I did want to meet my old classmates and see how they had changed. On the other, I wondered whether it would turn out to be a complete fiasco. Our class had never been known for its goodness; rather it was notorious for some rather unfortunate qualities. Would these people, who had shared four years of their lives in the same classroom, meet together in a spirit of friendliness and shared affection? Or would it be another battle of wills and clash of egos ending in bitter estrangement? (That, I'm afraid, was how it usually was in our class). It took some planning and unlimited phone calls to organize the great reunion. As the day drew nearer, I found myself (to my surprise) waiting with pleasurable anticipation. Finally one*

*Monday, the class of 1980–84 met at a hotel in the town. ("Hearty welcome to the legends of the College of Horticulture", screamed the banner at the gate, making me want to cringe. (Legends?) There were thirty-six of us (families were not included this time). I recognized face after face (most of the shapes were unrecognizable), and each face brought a rush of remembrance – the thrill of a daring escapade, the pain of a bitter argument, the bliss of a shared joy. We were all back in our college days and I'm sure that though we exclaimed at the changes the years had brought about, we looked at each other with old eyes and saw the same old faces. The changes were only superficial; I could easily discern the reserved chap, the boastful one, the clever girl, and the shy one. The affectionate friend was still the same while the proud one still had trouble getting off her high horse.*

*We took turns to occupy the stage, narrating our positions and our family status, and everything else we wanted to say. I was surprised at how easily many of the group shared their problems, speaking of their disappointments in their professions and lives, as well as the joy in their families and pride in their childrens' achievements. I was even more surprised and touched at how the rest of us took in such confidences – quite naturally, as if the speaker was a dearly beloved brother or sister. But it was not all personal and serious; there were many 'film' songs and a lot of hilarity. It was comforting to see that the jokes and wisecracks were of the same old stamp and they still made one*
*want to groan "kill me, kill me".*

*However, I have to make one qualification even when I say that everything was just the same. There was one change, an important one. Gone were the intolerance and the impatience. We were all now accepting each other without reserve. All the sharp edges had been worn off by time and we could only see each other as part of the whole. I think what happened there was a gradual unwinding from the cares and worries of our more responsible selves. Not that there was any sudden transformation to better, nobler souls (quite impossible!), but there was definitely a lightening of the spirits. This reunion had been a long unrecognized need. When it was time to part, all of us had become quite 'senti' but it took only a few minutes of home atmosphere to bring us back to our practical selves.*

*I am now looking forward eagerly to our next class reunion – this time with family. It will be rather interesting to see how my children react to the gathering of oldies!*


*Best compliments from*

**Neon**

**Ladies & Gents Tailors**

**Near Ramdas Theatre, M.G.Road,**
**Thrissur. Phone : 2339730**



**Nisha Lekshmi V.**
**Sparkles'03**

# First day to SCHOOL

Splashing the drops, with my feet
Holding the umbrella aside,
Drenched in the rain I went:
It was my first day to school
Clad in my check Uniform,
A red bag on my back,
I Jumped up and down
Feet touching the rain:
Sad was I the day before
To go to my little school,
Things I don't like to do
Will be there waiting me
Nobody will be there...
Not my mom, dad,n puppy
How can I escape?
That was my thoughts that day!
Books, pencils and homework
Would make me daily sick,
It troubled me all time
I broke up my heart in despair.
A stick so long and thick
Held in his hands,
Came the language teacher.
In my wildest dreams!

Trembling with fear
My eyes opened to darkness,
Saw my mom beside me,
Realized it was a dream.
Wondering how to sleep,
Sad to part with my house,
Cursing the day to school,
Somehow I slept that night,
Hearing the voice of rain,
Calling me by my name
I woke up in the morning,
To meet my friend, the rain
To feel it through my body,
To touch it with my hands,
I went running outside,
But my mom caught my hand.
Then I came to know
The reason why school is made,
It was for us to drench,
In the drops of Love!
When the rains come again,
I think about that day
When I was a child,
Who loved to go to school!!

# HIDE AND SEEK





**VINITHA VALSALAN**
**Sparkles'03**

"I am going to start counting".
The little child screamed.
His excitement was mounting:
The game was fun; or so it seemed.

"One,two,three,four,five, six;
You better find a good place to hide";
Life held up its sleeve strange tricks;
Unknown to him, his childhood had died.

He opened his eyes only to find
Himself in a land so strange;
"Now am I out of my mind?
Or did things around here change?"

Books seemed to float mid-air.
*This must be my worst nightmare!*
Calendars without holidays?
*Oh boy ! What can I say?*

You finish off work to get more instead?
*Is this all you do till you drop dead?*
Indefinite chores and unpaid bills;
*Worries don't end there; there's more still.*

It hit him then...he could see
That life wasn't as it used to be.
He was drained of every drop of joy
Realisation dawned; he was no longer a boy!

The child retorted and then he said.

I want to go to the beach and get sandy,
And sink my teeth into cotton candy.
I want to enjoy climbing a tree.
Be in Nature's lap and breathe free

With my friends I want to play ball,
Lay down on a heap of leaves in fall,
And get all wet in the rain:
Knowing no sorrow, knowing no pain.

But then he awoke after a sleep
And was extremely surprised to find.
He was a boy again; it made him weep
God is great ! He is indeed kind !

I will have to grow up tomorrow.
And face life's joys and sorrows.
For now, let me have things my way
Let me be a child today.

ആനന്ദ് വിഷ്ണുപ്രകാശ്
പൊസിഡൺ 07



# തൊണ്ടീപ്പഴം

## ഒന്ന്

പുറത്ത് കാലവർഷം തകർത്തുപെയ്യുകയാണ്. സമയം ഏതാണ്ട് മൂന്നുമണിയായിക്കാണും.. ആറുമണിയായ പ്രതീതി. ജനലിൽക്കൂടി മഴച്ചാറ്റൽ മുഖത്തേക്കു വീശാൻ തുടങ്ങിയപ്പോഴാണ് പുസ്തകത്തിൽ നിന്നും കണ്ണെടുത്തത്. അതു മാറ്റി വെച്ച് ഞാൻ ജനാലയ്ക്കരികിലേക്കു നടന്നു.



നല്ല കാറ്റുമുണ്ട്. കറണ്ട് എപ്പോൾ വേണമെങ്കിലും പോകാം, ഞാൻ വിചാരിച്ചു. നിമിഷങ്ങൾക്കകം മുറി ഇരുട്ടിലായി....

ജനലഴികളിലെല്ലാം.... താഴേക്കു വീഴാൻ മടിച്ചു നിൽക്കുന്ന വെള്ളത്തുള്ളികൾ. ഞാൻ പുറത്തേക്കു നോക്കി.

മുറ്റത്താകെ ചെളിവെള്ളം. മഴ കാരണം ദൂരേയ്ക്ക് കാണാനേ കഴിയുന്നില്ല. അല്പം അകലെ ക്യാൻവാസിലെന്നപോലെ അങ്ങിങ്ങായി പച്ചയുടെ വിവിധതരം ഷേഡുകൾ

ഓർമ്മകൾ പത്തുവർഷം പിന്നിലേക്ക് സഞ്ചരിക്കുന്നത് ഞാനറിഞ്ഞു. അഞ്ചാം ക്ലാസ്സിൽ ചേരാനായി ചെന്ന ദിവസം... അന്നും ഇതുപോലെ മഴ പെയ്തിരുന്നു. പക്ഷേ, ആ മഴയുടെ ശക്തിയുണ്ടോ ഈ മഴയ്ക്ക്? ഭംഗിയുണ്ടോ ഈ മഴയ്ക്ക്? സന്തോഷമുണ്ടോ ഈ മഴയ്ക്ക് ? ഇല്ല. ഒരിക്കലുമില്ല. ഈ മഴ നൽകുന്നത് മനസ്സിൽ ഒരു നീറ്റലാണ്. ഈ മഴ ദുഃഖമയമാണ്. ആരുടെയോ കണ്ണീരാണ്

അനുചേച്ചിയെ ഞാനോർത്തു. അന്ന് ആ പുതിയ സ്കൂളിലേയ്ക്ക് ഒരു പത്തുവയസ്സുകാരന്റെ എല്ലാ കൗതുകത്തോടെയും. കുസൃതിയോടെയും നടന്നു കയറുമ്പോൾ. അനുചേച്ചിയുടെ വലതുകൈ എന്റെ ഇ തുകയ്യിൽ മുറുക്കെ പിടിച്ചിരുന്നു.

കുട ഒന്നു കറക്കി മഴവെള്ളം മുഖത്തു തെ പ്പിച്ചപ്പോഴും "അടങ്ങിയിരിക്കെടാ... എന്നു സ്നേഹപൂർവ്വം ശാസിച്ച അന ചേച്ചി.

അനുചേച്ചി അന്നവി ഏഴാം ക്ലാസ്സിലാണ് . എങ്കിലു വളരെ പക്വതയുള്ള കുഞ്ഞേച്ചിയാ യിരുന്നു എനിക്ക്. സത്യത്തി അവൾ എന്റെ ആരുമായിരുന്നില്ല വീടിനടുത്തുള്ള കുട്ടി..... അവ മൂന്നുപെൺകുട്ടികളായിരുന്നു ഏറ്റവും ഇളയത് അനുചേ ച്ചിയും .. പുതിയ സ്കൂളിലേ യ്ക്കുള്ള മാറ്റമാണ് എന്റെ അനുചേച്ചിയുടെ കുഞ്ഞനിയ നാക്കിയത്..

പിന്നീടുള്ള എല്ലാ ദിവസങ്ങ ളിലും സ്കൂളിലേയ്ക്കുള്ള യാത്ര യിലും തിരിച്ചും അവൾ എന്നോ ടൊപ്പമുണ്ടായിരുന്നു. എന്നു ക്ലാസ്സിന്റെ വാതിൽക്കൽവരെ വന്ന അകത്തു കയറ്റിവിടും, വൈകീട്ട ഞാൻ വരുന്നതുവരെ സ്കൂൾ അങ്ക ത്തിലെ വാകമരച്ചോട്ടിൽ കാത്തുനിൽക്കുന്നുണ്ടാകു

താമസിക്കുന്നത് രണ്ട് വീടുകളിലായിരുന്നു ങ്കിലും അവൾ എനിക്കു സ്വന്തം ചേച്ചിയായിരുന്നു.

ഇടവപ്പാതി കഴിഞ്ഞു. ഓണം വന്നുപോയ പിന്നെ തുലാമഴയുടെ ഊഴമായിരുന്നു. എന്നു വൈകീട്ട് മഴ നനഞ്ഞിട്ടാണെങ്കിലും ചെവി പൊത്താ എന്നെ പ്രേരിപ്പിച്ച ഇടി വെട്ടിയ മഴക്കാലം....

ഒരു കുടക്കീഴിൽ, ചെവിപൊത്തിപ്പിടിച്ച് ഞാനും, എന്നെ മഴനനയ്ക്കാതെ ചേർത്തുപിടിച്ച് അനുചേച്ചിയും .... കുടയുണ്ടെങ്കിലും ചെവിപൊത്താനുള്ള സൗകര്യത്തിന് ഞാനത് നിവർത്തിയിരുന്നില്ല. പക്ഷേ അവൾ ധൈര്യശാലിയായിരുന്നു– "അയ്യേ! എന്തിനാ കുട്ടാ ഇങ്ങനെ പേടിക്കുന്നത് ?" അവൾ ചോദിക്കും.... വീട്ടിലെത്തുമ്പോൾ അവൾ നന്നേ നനഞ്ഞിരിക്കും.... എങ്കിലും യാതൊരു പരിഭവവും കൂടാതെ, ഒരു തുള്ളി മഴപോലും നനയിക്കാതെ, ആ തുലാവർഷം മുഴുവൻ അവളെന്നെ വീട്ടിലെത്തിച്ചിരുന്നു.

വെളിയിൽ മഴയുടെ ശക്തി തീരെ കുറഞ്ഞു. കറണ്ടുവരാൻ ഒരു സാധ്യതയുമില്ല. ആകാശം ഇപ്പോഴും ഇരുണ്ടു തന്നെ. മുറ്റത്തു നിറയെ തൊണ്ടിപ്പഴം വീണുകിടക്കുന്നു. ഒരു ഗോലിയുടെ അത്രയും വലിപ്പത്തിൽ, കട്ടിയുള്ള ചാരത്തൊണ്ടിനുള്ളിൽ, ഓറഞ്ചു നിറവും പുളിയുള്ള മധുരവുമായി തൊണ്ടിപ്പഴം...... ആദ്യമായി കായ്ച്ചതാണ്. അനുചേച്ചി അന്നെനിക്കു തന്ന ഒരു പഴത്തിന്റെ കുരുവാണ് ഇന്ന് ഒരു ചെറിയ മരമായി മുറ്റത്തു നിൽക്കുന്നത്.

അന്നവൾ തന്ന മഴവെള്ളം നിറഞ്ഞ പഴത്തിന്റെ സ്വാദ് ഇതിനുണ്ടാവുമോ ? ഇല്ല...... ഇതിനാ മധുരമുണ്ടാവില്ല. ഒരു പക്ഷേ എനിക്കിതിൽ കണ്ണീരിന്റെ ഉപ്പു ചുവച്ചേക്കാം.

ഓരോ പഴവും മുറ്റത്തുണ്ടായ നീർച്ചാലുകളിൽക്കൂടി ഒലിച്ചുപോകുന്നത് നോക്കി ഞാൻ നിന്നു.

ക്രിസ്തുമസ് അവധി കഴിഞ്ഞു, സ്കൂൾ തുറന്നു. മാർക്കുകൾ ഒന്നൊന്നായി കിട്ടിത്തുടങ്ങി. ഏതോ വിഷയത്തിന് എനിക്ക് അൻപതിൽ ഇരുപത്തിയൊൻപത്. വൈകീട്ട് വീട്ടിലേക്ക് മടങ്ങുമ്പോൾ എന്റെ മുഖഭാവം ശ്രദ്ധിച്ച് അനുചേച്ചി കാര്യം തിരക്കി. ഞാനൊന്നും പറഞ്ഞില്ല. ....ഇന്നെത്രയാ കുട്ടാ മാർക്ക്? ഒരു ചെറുചിരിയോടെ അവൾ ചോദിച്ചു..... എനിക്കൊന്നും ഒളിച്ചുവയ്ക്കാനായില്ല.

"അമ്മ വഴക്കു പറയില്ലേ ?" ...... ഞാൻ തലയാട്ടി ....... എന്റെ കണ്ണുകൾ നിറയുന്നതുകണ്ട് അവൾ പറഞ്ഞു.... "സാരല്ല്യാട്ടൊ, കുട്ടൻ വിഷമിക്കേണ്ട..... ഞാൻ അമ്മയോടു പറയാം അടുത്തതവണ കുട്ടൻ മുഴുവൻ മാർക്കും വാങ്ങുമെന്ന്....."

അങ്ങനെ അന്നു ഞാൻ അമ്മയുടെ തല്ലു വാങ്ങാതെ രക്ഷപ്പെട്ടു.

ഒടുവിൽ സ്കൂൾ വാർഷികത്തിന് ഒരുനാടകം. എന്റെ അമ്മയായി അഭിനയിച്ചത് അനുചേച്ചി. അന്നത് തികച്ചും യാദൃശ്ചികമായിരുന്നെങ്കിലും, അതൊരു നിയോഗമായിരുന്നുവെന്ന് ഇന്ന് തോന്നുന്നു.

സ്കൂളടച്ച ദിവസം അവൾ എന്നെ അവളുടെ വീട്ടിലേക്ക് ക്ഷണിച്ചു. "അവധിക്ക് കുട്ടൻ വീട്ടിൽ വരണം, നിറയെ തൊണ്ടിപ്പഴം തരാം."

ഞാൻ വെളുക്കെ ചിരിച്ചു..... എനിക്കവ് അത്രയ്ക്ക് ഇഷ്ടമാണെന്ന് അവൾക്കറിയാമായിരുന്നു.

അനുചേച്ചിയുടെ വീട് എവിടെയാണെന്ന് എനിക്ക് അറിയുമായിരുന്നില്ല; എങ്കിലും പറഞ്ഞുതന്നതനുസരിച്ച്, എന്റെ വീടിന് പിറകിലെ തൊടിയിൽക്കൂടി ഒരു കയറ്റം കയറി ഞാനവിടെയെത്തി....

എന്നെയും കാത്ത് വഴിയരികിൽ അവൾ നിൽക്കുന്നുണ്ടായിരുന്നു. അവളുടെ വീടിന്റെ മുറ്റത്ത് ഒരു ചെറിയ ആമ്പൽക്കുളം ഞാൻ കണ്ടു. അതിൽ നിറയെ അലങ്കാരമത്സ്യങ്ങളും എനിക്കായി ഒരു ഉരുണ്ട ചില്ലു ഭരണിയിൽ കുറച്ചു മീനുകളെയും അവൾ കരുതിവെച്ചിരുന്നു.

ഒരു ദിവസം മുഴുവൻ അവളുടെ കൂടെ പറമ്പുതോറും തൊണ്ടിപ്പഴവും പെറുക്കി അങ്ങനെനടന്നു.

അനുചേച്ചി എന്നെ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്ന് അന്നെനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ അവളുടെ കയ്യിൽ നിന്നാതൊണ്ടിപ്പഴം ഞാൻ തട്ടിപ്പറിക്കുമായിരുന്നില്ല. അവളുടെ നെറ്റിയിൽ മുറിപ്പാടും വരുമായിരുന്നില്ല. അന്നവൾ കരഞ്ഞു. പ്രായത്തിലേറെ പക്വത കാണിച്ചവൾ ... ആ കണ്ണീരിന്റെ ഉപ്പ് എന്റെ മുറ്റത്തെ ഓരോ തൊണ്ടിപ്പഴത്തിലും കാണും. എനിക്കുറപ്പാണ്.

തെക്കെത്തൊടിയിലെ തൊണ്ടിമരം മാത്രം അന്നു കായ്ച്ചിരുന്നില്ല... ഒരു ചെറിയമരം. "ഇതു കായ്ക്കുമ്പോൾ മുഴുവൻ പഴവും നിനക്ക് തന്നേക്കാം..... കേട്ടോ കൊതിയാ...... കൊതിയൻ കുട്ടൻ"

കണ്ണുനീർ കൺമഷി പടർത്തിയ മുഖത്ത് ഒരു കുസൃതിച്ചിരിയോടെ അവൾ പറഞ്ഞു. കുറ്റബോധം കൊണ്ടോ എന്തോ ഞാനൊന്നും മിണ്ടിയില്ല.

അന്നാണ് അവസാനമായി ഞങ്ങളേറ്റവും കൂടുതൽ സമയം ഒന്നിച്ചിരുന്നത്. ആ അവധിക്കാലം മുഴുവൻ അവൾ തന്ന മീനുകളെ ഞാൻ പരിപാലിച്ചു.

ഇടയ്ക്കെപ്പോഴോ കുറച്ചു തൊണ്ടിപ്പഴങ്ങളുമായി അവൾ വീട്ടിൽ വന്നു....

"ഇതാ കൂട്ടാ..... ഈ വർഷത്തെ അവസാനത്തെ പഴങ്ങളാണ്.... മീനുകൾക്കൊക്കെ തീറ്റ കൊടുക്കണം കേട്ടോ......"

പുതിയ അദ്ധ്യയനവർഷത്തിൽ അവൾ മറ്റൊരു സ്കൂളിലായിരുന്നു.... തമ്മിലുള്ള കാഴ്ചകൾ കുറഞ്ഞു. എങ്കിലും കാണുമ്പോഴൊക്കെ അവൾ ചോദിച്ചു.

"കുട്ടൻ നന്നായി പഠിക്കുന്നുണ്ടോ ? "

## രണ്ട്

ഒരു തൊണ്ടിപ്പഴം മാത്രം മുറ്റത്തു ബാക്കിയായി. ആകാശം തെളിഞ്ഞു. മഴ തോർന്നിരിക്കുന്നു. തിരിച്ചു വായനയിലേയ്ക്കു മടങ്ങാൻ എനിക്കു തോന്നിയില്ല. മുറ്റത്തേക്കിറങ്ങാനായി വാതിൽക്കലേക്കു നടന്നു. കട്ടിലിൽ കിടന്ന പുസ്തകം മേശപ്പുറത്തേക്കു വയ്ക്കുമ്പോഴാണ് ആ പെൻസിൽ ശ്രദ്ധയിൽപെട്ടത്. സാധാരണ മൂന്നു പെൻസിലുകൾ ചേരുന്ന വലുപ്പമുള്ള, തിളങ്ങുന്ന മഞ്ഞകലർന്ന പച്ചനിറമുള്ള തടിയൻ പെൻസിൽ.

ഒരിക്കൽ ഞാനൊരു ചിത്രം വരച്ചു. ഒരു കുട്ടിയാനയുടെ ചിത്രം. ഞാനത് അനുചേച്ചിയെ കാണിച്ചു. അവൾക്കത് വളരെ ഇഷ്ടപ്പെട്ടു.

"കുട്ടനെപ്പോലെ തന്നെയുണ്ടല്ലോ ?......" ഞാൻ ചിരിച്ചു.

"ഇതെനിക്കു തന്നേക്കാമോടാ ?" ഞാൻ സമ്മതഭാവത്തിൽ തലയാട്ടി.

അവൾ ബാഗിൽ നിന്ന് ഒരു പെൻസിലെടുത്തു..... മഞ്ഞ കലർന്ന പച്ചനിറമുള്ള തടിയൻ പെൻസിൽ.

"ഇത് കുട്ടൻ വച്ചോളു....... എന്റെ സമ്മാനം. കളയരുത് കേട്ടോ. ഇനിയും നല്ല ചിത്രങ്ങൾ വരച്ച് അനുചേച്ചിക്ക് തരണേ....." ഒരു ചിത്രം വരച്ചതിന് എനിക്കാദ്യമായികിട്ടിയ സമ്മാനം. നിധിപോലെ സൂക്ഷിക്കേണ്ടിയിരുന്ന ആ പെൻസിൽ രണ്ടു ദിവസം മുൻപുവരെ, മേശയുടെ ഏതോ കോണിലായിരുന്നു.....

അനുചേച്ചിയെ ഞാൻ ക്രമേണ മറന്നു തുടങ്ങി. ഞാൻ എട്ടാംക്ലാസ്സിൽ പുതിയ സ്കൂളിൽ ചേർന്നു. അവൾ തന്ന മീനുകൾ ഒന്നൊന്നായി ചത്തുമലച്ചത് ഞാനറിയുന്നുണ്ടായിരുന്നു. പുതിയ സാഹചര്യങ്ങളിൽ ഞാനും ഒരു പക്ഷേ അവളും അകലാൻ നിർബന്ധിതരായതാവാം.....

സ്കൂളിൽ നിന്നും വീട്ടിലേക്കുള്ള യാത്രകളിൽ, വൈകുന്നേരങ്ങളിൽ എപ്പോഴൊക്കെയോ വീണ്ടും അനുചേച്ചിയെ കണ്ടുമുട്ടിയിരുന്നു. പരിചയം ഒരു ചെറുചിരിയിലൊതുക്കി ഞാൻ മിക്കപ്പോഴും നടന്നകന്നു. രണ്ടു സഹപാഠികൾക്കൊപ്പം അവളും.....

വരാന്തയാകെ മഴച്ചാറ്റലേറ്റ് നനഞ്ഞുകിടക്കുകയാണ്. ചെരിപ്പിടാൻ തോന്നിയില്ല. തളം കെട്ടിയ ചെളിവെള്ളം, വകവെയ്ക്കാതെ മുറ്റത്തേക്കിറങ്ങി. മഴയുടെ ബാക്കിയായി, മരക്കൊമ്പുകളെല്ലാം തലകുനിച്ചു നിൽക്കുന്നു. അന്തരീക്ഷത്തിൽ നേർത്ത തണുപ്പ്.

ബാക്കിവന്ന തൊണ്ടിപ്പഴം ഒഴുകിപ്പോകാനാവാതെ തളം കെട്ടിയ വെള്ളത്തിൽ മുങ്ങിപ്പൊങ്ങുന്നു.

പത്തിലെ അവധിക്ക് ഒരിക്കൽ ഞാൻ അനുച്ചേച്ചിയെ കണ്ടു. പ്രതീക്ഷിച്ചതുപോലെതന്നെ ആദ്യത്തെ ചോദ്യം "പരീക്ഷയെങ്ങനെയുണ്ടായിരുന്നു കുട്ടാ." - എന്നു തന്നെയായിരുന്നു.

കുഴപ്പമില്ലായിരുന്നു എന്ന നിരുപദ്രവകരമായ മറുപടിയിൽ ഞാനൊതുങ്ങി.

വീണ്ടും എന്തോ ചോദിക്കാൻ അവൾ ഒരുങ്ങി. ഒന്നു മടിച്ചു. .. പിന്നെ ചെറുതായി ചിരിച്ചു. എന്തോ ഓർത്തിട്ടെന്നപോലെ അവൾ ചോദിച്ചു. "കുട്ടനെ കണ്ടിട്ട് ഒത്തിരിയായല്ലോ?......." വലതുകൈ കൊണ്ട്മെല്ലെ എന്റെ കവിളിൽ തൊട്ടു..... "എന്നെ മറന്നോ നിയ്യ് ?." അവളുടെ കണ്ണുകൾ തിളങ്ങുന്നത് ഞാൻ കണ്ടു.

"ഏയ് ഇല്ല......" അവളുടെ മുഖത്തുനോക്കാതെ ഞാൻ പറഞ്ഞു. "ആരു മറന്നാലും കുട്ടൻ മറക്കില്ലെന്ന് അനുചേച്ചിക്കറിയാം........" അവളുടെ ശബ്ദം ഇടറിയിരുന്നോ.... ? ഞാനാ കണ്ണുകളിൽ കണ്ട തിളക്കം, ഉതിർന്നു വീഴാൻ മടിച്ചുനിന്ന രണ്ടു കണ്ണുനീർത്തുള്ളികളായിരുന്നോ? .... അപ്പോഴെന്തെ, എനിക്കതു മനസ്സിലായില്ല.... ഒരിക്കൽക്കൂടി എന്നെ നോക്കി ചിരിച്ചിട്ട് അവൾ എതിർദിശയിൽ നടന്നകന്നു, മെല്ലെ വീശിയ തണുത്ത കാറ്റിനൊപ്പം...

ഉച്ചതിരിഞ്ഞ് മൂന്ന് മണിയോടെയാണ് അന്നു ഞാൻ വീട്ടിൽ തിരിച്ചെത്തിയത്. ... സ്ഥിരമായി വീശി യിരുന്ന ആ ചെറിയ കാറ്റ് അപ്പോഴുണ്ടായിരുന്നില്ല. കാറ്റിന്റെ അഭാവത്തിൽ പ്രകൃതി നിശ്ചലമായതുപോ ലെ. വെയിലില്ലെങ്കിലും അസ്വസ്ഥമായ ചൂടുള്ള കാലാ വസ്ഥ. വീട്ടിലേക്കുള്ള വഴി തീർത്തും വിജന മായിരുന്നു. ചലിക്കുന്ന ഒന്നിനേപ്പോലും കാണാൻ കഴിഞ്ഞില്ല.

വീട്ടിലെത്തിയപ്പോൾ അമ്മ വീടു പൂട്ടിയിറങ്ങു ന്നു. "എങ്ങോട്ടാമ്മേ ?" ഞാൻ ചോദിച്ചു. അമ്മ എന്നെ കണ്ടിരുന്നില്ല. പെട്ടെന്ന് എന്റെ ശബ്ദം കേട്ട് പരിഭ്രമി ച്ചതുപോലെ തോന്നി. പിന്നെ ഇടറിയ ശബ്ദത്തിൽ പതുക്കെ എന്നോടു ചോദിച്ചു......

"കുട്ടാ നീയറിഞ്ഞോ ?" "ഇല്ലാ...എന്താമ്മേ ?" "എടാ നെല്ലിപ്പറമ്പിലെ അനു.... അനുവിന് തീപ്പൊള്ള ലേറ്റു."

എനിക്കൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല. എങ്ങനെ എന്ന് ചോദിക്കാൻ തുടങ്ങിയത് തൊണ്ടയിൽ കുടുങ്ങി.

"മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി രിക്കുകയാ..... രക്ഷപ്പെടാൻ സാധ്യത കുറവാണത്രേ...."

മണിക്കൂറുകൾക്കുമുമ്പ് കണ്ട അനുചേച്ചി യുടെ ചിരിക്കുന്ന മുഖം എന്റെ മനസ്സിൽ നിറഞ്ഞു. കാലുകൾക്ക് എന്റെ ഭാരം താങ്ങാനാവാത്തതുപോ ലെ....

"ഈശ്വരാ, നല്ല സ്നേഹമുള്ള കുട്ടിയായിരു ന്നു. പാവം !..... ഒന്നും വരുത്തരുതേ..... കുട്ടാ, നീ വരുന്നുണ്ടോ? ഞാൻ അവരുടെ വീടുവരെ പോവു കയാണ്...."

അമ്മ ചോദിച്ചത് ഞാൻ കേട്ടിരുന്നോ? വീടിന്റെ വരാന്തയിൽ ഞാൻ തളർന്നിരുന്നു.....

മനസ്സ് പൊട്ടാൻ വെമ്പുന്ന ഒരു ബലൂൺ പോലെ..... ഹൃദയമിടിപ്പിന്റെ വേഗം കൂട്ടുന്നത് ഞാന റിഞ്ഞു.....

അനുചേച്ചിയെ ഒരിക്കൽക്കൂടിയെങ്കിലും നേരിട്ടു കാണാൻ ഞാനാഗ്രഹിച്ചു.

അവളെ ഞാനെന്നും എന്റെ ചെറിയ കുറുമ്പു കൾ കൊണ്ട് വേദനിപ്പിച്ചിട്ടേയുള്ളു..... പക്ഷേ എന്റെ ആ കുറുമ്പുകളും കുസൃതികളും അവൾക്കിഷ്ടമായി രുന്നിരിക്കണം. കുഞ്ഞനിയനെ അവൾ അത്രമാത്രം സ്നേഹിച്ചിരുന്നിരിക്കണം.... എല്ലാം മനസ്സിലാക്കാൻ ഞാൻ വൈകിപ്പോയോ ?

അനുചേച്ചിയെ ആദ്യം കണ്ടപ്പോൾ മുതലുള്ള ഓർമ്മകൾ മനസ്സിലെവിടെയോ...

ഒരിക്കൽകൂടി അവളുടെ കയ്യുംപിടിച്ച് സ്കൂളിൽ പോകാൻ കഴിഞ്ഞിരുന്നെങ്കിൽ...... അവളോ ടൊപ്പം തൊണ്ടിപ്പഴം പെറുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, മഴ നനയാൻ കഴിഞ്ഞിരുന്നെങ്കിൽ .....

കുട്ടാ.... എന്ന വിളി അവളിൽ നിന്നും ഒരി ക്കൽകൂടി കേൾക്കാൻ കഴിഞ്ഞിരുന്നെങ്കിൽ......

അനുചേച്ചിക്ക് ഒന്നും വരില്ല....... ഞാൻ സ്വയം ആശ്വസിക്കാൻ ശ്രമിച്ചു....

പലതും നഷ്ടപ്പെടാൻ തുടങ്ങുമ്പോഴാണല്ലോ നാം അവയുടെ വിലയറിയുക...

എന്റെ അനുചേച്ചിക്കൊന്നും വരുത്തരുതേ...... എന്ന പ്രാർത്ഥന മനസ്സിൽ അലയടിച്ചുകൊണ്ടിരുന്നു....

## മൂന്ന്

മുറ്റത്തെ വെള്ളക്കെട്ടിൽ മുങ്ങിപ്പൊങ്ങിയ ആ തൊണ്ടിപ്പഴം ഞാൻ കയ്യിലെടുത്തു. മരത്തിലേക്കു നോക്കി. ഇല്ല. ഒന്നുപോലും ബാക്കിയില്ല.

.........ഈ വർഷത്തെ അവസാനത്തെ പഴം..... കുട്ട .... അനുചേച്ചിയുടെ ശബ്ദം. ഞാൻ ചുറ്റിലും നോക്കി..... എവിടെ ? ആരുമുണ്ടായിരുന്നില്ല. ... അതോ എനിക്കു തോന്നിയതാണോ ?....

ഞാൻ വീടിനു പിന്നിലേക്കു നടന്നു. തൊടി യിൽ കൂടി..... ഒരു ചെറിയ കയറ്റം കയറി....... അനുചേ ച്ചിയുടെ വീട്ടിലേക്ക്....

എനിക്കവളെ കാണണം.... മനസ്സിനെ കാലു കൾ പിൻതുടരുകയായിരുന്നു....
കുട്ടാ, എന്നെ മറന്നോ നിയ്യ് ?

അനുചേച്ചിയുടെ ശബ്ദം എന്റെ മനസ്സിൽ മുഴ ങ്ങിക്കൊണ്ടിരുന്നു. അവസാനമായി കണ്ട നിമിഷം ഓർമയിൽ.....

ഇല്ല ചേച്ചി.... ഒരിക്കലുമില്ല.... ആരു മറന്നാലും കുട്ടൻ അനുചേച്ചിയെ മറക്കില്ല....

ഞാനാ തൊണ്ടിപ്പഴം അവളുടെ കാല്ക്കൽ വച്ചു... ഒരു നിമിഷം പ്രാർത്ഥിച്ചു..

അടുത്തനിമിഷം പ്രാർത്ഥിച്ചു. .... "അടുത്ത ജന്മത്തിലെങ്കിലും അനുചേച്ചി എന്റെ സ്വന്തം ചേച്ചിയായി ജനിച്ചിരുന്നെങ്കിൽ....."

കുട്ടാ.... എവിടുന്നോ ആ വിളി വീണ്ടും . ഒരു പക്ഷേ എന്റെ തോന്നലാകാം. ഞാൻ കരുതി.... ഞാൻ തിരികെ നടന്നു....

എങ്ങുനിന്നോ രണ്ടു വെള്ളത്തുള്ളികൾ എന്റെ മുഖത്തു വീണു. ഞാൻ മുകളിലേക്കു നോക്കി. നിറയെ പഴങ്ങളുമായി തൊണ്ടിമരത്തിന്റെ ചില്ലകൾ.

ഇത് കായ്ക്കുമ്പോൾ മുഴുവൻ പഴവും നിനക്ക് തന്നേക്കാം. കൊതിയൻകുട്ടാ....

ഇതാ ഇന്ന് തെക്കേതൊടിയിലെ തൊണ്ടിമരം നിറയെ കായ്ച്ചിരിക്കുന്നു. പക്ഷേ ഒരു തൊണ്ടിപ്പഴം എനിക്ക് പറിച്ചു തരാൻ അവൾ എന്റെ കൂടെയില്ലല്ലോ.?..

വീണ്ടും രണ്ടുമൂന്നു വെള്ളത്തുള്ളികൾ ദേഹത്തുവീണു... അവൾ കരയുകയാണോ ?......

ഒരു തണുത്തകാറ്റ് എന്നെ തഴുകികടന്നു പോയി തൊണ്ടിമരം ചെറുതായി ഒന്നുലഞ്ഞു. ഒരു തൊണ്ടിപ്പഴം എന്റെ മുന്നിലേക്കു വീണു.....

എന്റെ കുഞ്ഞേച്ചിയുടെ സാമീപ്യം ഞാനടുത്തറിഞ്ഞു. ഒരു ഇരമ്പലോടെ വീണ്ടും മഴ പെയ്യാൻ തുടങ്ങി....

കോരിച്ചൊരിയുന്ന മഴയത്ത് ഞാൻ തിരികെ വീട്ടിലേക്കു നടന്നു.... അനുചേച്ചി തന്ന തൊണ്ടിപ്പഴം എന്റെ കയ്യിൽ ഭദ്രമായിരുന്നു. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് ആരും കാണുന്നുണ്ടായിരുന്നില്ല......



" Those we really love never go away, they walk beside us everyday, unseen..... and unheard.... still near.... still loved ..still missed and still felt.


Agriume.com
bridging agri community

*Amazing things are being thrown up in the world's present agricultural space with the help of Information Technology. You're a global citizen and must understand what obtains in your field of study*

*Be a part of the agriculture boom....*
*Join agriume*

*www.agriume.com*

COLLEGE OF ... VELLANIKKARA LIBRARY

# ഞാൻ ഭവാനി ടീച്ചറുടെ ശിഷ്യ

ഒരു നീണ്ടയാത്രയുടെ അവസാനത്തിലാണ് ഞാനവരെ കണ്ടുമുട്ടിയത്. വെള്ളയിൽ കറുത്തപൊട്ടുകളുള്ള സാരിയാണുടുത്തിരുന്നത്. ഒരു കറുത്ത ഷാൾ തല വഴി മൂടി പുതച്ചിരിക്കുന്നു.

തലക്കാവേരിയിൽ നിന്നും ആകാശത്തെ തൊട്ടുനില്ക്കുന്ന ബ്രഹ്മഗിരി ശൃംഗങ്ങളിലേക്കുള്ള മാർബിൾ പടവുകൾ ഞാനും, ഭർത്താവും മക്കളും കൂടി കയറുകയായിരുന്നു. പെട്ടെന്ന് പിന്നിൽ നിന്നും എന്നെ ഒന്നു പിടിക്കൂ.... എന്നു നേർത്ത ദയനീയമായ ഒരു ശബ്ദം കേട്ടാണ് ഞാനും മോനും തിരിഞ്ഞു നോക്കിയത്. വീഴാൻ പോകുന്ന ഒരു വൃദ്ധ ... തീരെ അവശയായിരുന്ന അവരെ വേഗത്തിൽ ഞാനും മോനും ചേർന്ന് പിടിച്ചിരുത്തി. വേഗം കയ്യിലുണ്ടായിരുന്ന കുപ്പിയിലെ കാവേരി തീർത്ഥം അവരുടെ മുഖത്തു തളിച്ചു. തീരെ സംസാരിക്കാൻ വയ്യാതിരുന്ന അവരുടെ കൂടെ ആരുമുണ്ടായിരുന്നില്ലെന്നു മനസ്സിലായി.

ചുറ്റും നോക്കി മോൻ പറഞ്ഞു "അമ്മേ , ഈ അമ്മമ്മേടെ കൂടെ ആരുമില്യാന്നു തോന്നുന്നു.

അപ്പോഴേയ്ക്കും അച്ഛനും മോളും പടവുകൾ കയറി മുകളിലെത്തിയിരുന്നു. വൃദ്ധയായ അവരെ ഒറ്റക്കിരുത്തി പോകാൻ എനിക്കു മനസ്സുവന്നില്ല. അതിനാൽ മോനോടും മുകളിൽ കയറി കാഴ്ചകൾ കണ്ടു വരാൻ പറഞ്ഞു. ആ പടവുകളിൽ ഞാൻ അവർക്കു കൂട്ടിരുന്നു. പടവുകൾ കയറി പോകുന്നവരും, ഇറങ്ങി വരുന്നവരും ഞങ്ങളെ സഹതാപത്തോടെ നോക്കുന്നുണ്ടായിരുന്നു. കുറച്ചു കഴിഞ്ഞ് അവർ പതുക്കെ കണ്ണു തുറന്നു, എന്നെ നോക്കി. ഞാനും അപ്പോഴാണ് അവരുടെ മുഖം ശരിക്കും ശ്രദ്ധിച്ചത്.

ആ നരകയറിയ പൂച്ച കണ്ണുകളിൽ ഞാനറിയുന്ന ഒരു തിളക്കം !

എവിടെയോ എന്റെ ബാല്യ, കൗമാര, യൗവനങ്ങളിൽ ഞാനാമുഖം ഒന്നു പരതി നോക്കി.

ദൈവമേ!.... ഞാനറിയാതെ വിളിച്ചുപോയി

എന്റെ ടീച്ചർ .......! ഭവാനി ടീച്ചർ... എന്റെ ചുണ്ടുകൾ മന്ത്രിച്ചു. പക്ഷേ ടീച്ചർക്കെന്നെ മനസ്സിലായിട്ടുണ്ടായിരുന്നില്ല.

ഭൂതകാലത്തിൽ അവർ എന്റെ സ്കൂൾ ജീവിതത്തിൽ നിറഞ്ഞു നിന്നിരുന്നു. ഞാനാരാണെന്നു പറഞ്ഞപ്പോൾ ആ കണ്ണുകൾ എന്നെ കുറച്ചു നേരം നോക്കിയതല്ലാതെ ഒന്നും ഉരിയാടിയില്ല.

അതിനിടയിൽ, മഞ്ഞിന്റെ ചേലപുതപ്പണിഞ്ഞ ബ്രഹ്മഗിരി ശൃംഗങ്ങളിലെ കാഴ്ചകൾകണ്ടു സംതൃപ്തരായി അച്ഛനും മക്കളും ഞങ്ങളുടെ അടുത്തെത്തി. ഇതെന്റെ ടീച്ചറാണെന്നു ഞാൻ പരിചയപ്പെടുത്തിയപ്പോൾ അവർക്കു സന്തോഷം - ടീച്ചറേയും പിടിച്ചു ഞങ്ങൾ പടവുകളിറങ്ങി...

താഴെയുള്ള വിഘ്നേശ്വരനേയും, ശിവ-പാർവ്വതിമാരെയും നിശബ്ദരായി വലംവെച്ചു ഒന്നു കൂടി കാവേരിയമ്മയുടെ ഉത്ഭവസ്ഥാനത്തിറങ്ങി. നിർമ്മലമായി കിടക്കുന്ന തണുത്ത വെള്ളം കൈയിലെടുത്ത് കണ്ണിലും നെറുകയിലും വെച്ചു. അഗാധവും അഗോചരവുമായ ഒരാത്മീയനുഭൂതി........

അപ്പോഴേക്കും കാവേരിയമ്മയുടെ അനുഗ്രഹത്തിനായി പൂജാരിയുടെ മുന്നിൽ ഒരു നീണ്ട ക്യൂ ആയി കഴിഞ്ഞിരുന്നു. ടീച്ചറേയും കൊണ്ടുപുറത്തിറങ്ങി ഞങ്ങൾ വണ്ടിയിൽ കയറി. ഒരു കൊച്ചുകുട്ടിയെപ്പോലെ എന്നെ ചാരി തണുത്ത കൈകൾകൊണ്ട് എന്റെ കയ്യിൽ മുറുകെ പിടിച്ചു ടീച്ചറിരുന്നു.

കുറച്ചു ദൂരം പിന്നിട്ടപ്പോൾ ഒരു റസ്റ്റോറന്റിനു മുന്നിൽ കാർ നിർത്തി. അവിടെ നിന്നും ചൂടുള്ള

ചായ വാങ്ങി ടീച്ചർക്ക് കൊടുത്തു. അതു പതുക്കെ ഊതി ഊതി കുടിക്കുന്ന ടീച്ചറെ ഞാൻ നോക്കി. ഒരായിരം കാര്യങ്ങൾ എനിക്കു ടീച്ചറോടു ചോദിച്ചറിയണമെന്നുണ്ടായിരുന്നു. എന്റെ മനസ്സു വായിച്ചറിഞ്ഞ ഭർത്താവു കണ്ണുകൊണ്ടു 'ഇപ്പോൾ ഒന്നും ചോദിക്കണ്ട'എന്നു കാണിച്ചു. വീണ്ടും കാറിൽ കയറി.

ഇനിയുള്ള കാഴ്ചകൾ പിന്നീടാകാം, നമുക്കിപ്പോൾ ടീച്ചറേയും കൊണ്ട് റൂമിൽ പോകാം എന്ന് ഞാൻ പറഞ്ഞപ്പോൾ ഒരു യാത്രയുടെ സന്തോഷം നഷ്ടപ്പെട്ട മുഖവുമായി മക്കൾ തലയാട്ടി.

വഴിയിലുള്ള കാഴ്ചകളിലൊന്നും എനിക്കു ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. നേരം സന്ധ്യയാകാറായിരുന്നു. തണുപ്പിന്റെ കാഠിന്യം കൂടി വരുന്നു. ഇടക്ക് ചാറ്റൽ മഴയും..... ഓർമ്മകളുടെ കയത്തിൽ കൂമ്പി വിടരുന്ന താമരപോലെയായിരുന്നു എന്റെ മനസ്സ്...

ആദ്യമായി ഹൈസ്കൂളിൽ ചേർന്ന ദിവസം. നാട്ടിലെ . അംശം അധികാരിയായിരുന്ന അച്ഛന്റെ കൂടെ കുറച്ചു ഗമയിലാണ് ഞാനാ സ്കൂളിൽ ചെന്നത്. പൂച്ചക്കണ്ണുകളും, നീളത്തിൽ വിടർത്തിയിട്ട അറ്റം കെട്ടിയ മുടിയുമായി ഈ ടീച്ചർ ഞങ്ങളെ സ്വാഗതം ചെയ്തു. ടീച്ചറുടെ ക്ലാസിലായിരുന്നു എനിക്ക് സീറ്റു കിട്ടിയത്. കണക്കായിരുന്നു ടീച്ചറുടെ വിഷയം. ഗൗരവത്തോടെ തന്നെ ഗഹനമായ കണക്കിലെ കളികൾ ഞങ്ങളുടെ തലയിലേക്കു പകർന്നു തരാൻ ടീച്ചർക്കു കഴിഞ്ഞിരുന്നു.

വൈകുന്നേരം വീട്ടിലെത്തിയപ്പോൾ വടക്കിനിയിൽ അടുത്ത വീട്ടിലെ അമ്മുക്കുട്ടിയമ്മയുമായി നാട്ടുവിശേഷങ്ങൾ പങ്കിടുന്ന അമ്മയോടും അമ്മമ്മയോടും സ്കൂൾ വിശേഷങ്ങൾ പറഞ്ഞ കൂട്ടത്തിൽ ടീച്ചറെക്കുറിച്ചും പറഞ്ഞു.

ഓ......... ഭവാനി....... നമ്മുടെ ഗോവിന്ദന്റെ മോളല്ലേ. അമ്മമ്മയുടെ തണുത്ത പ്രതികരണം.

പൊതുവെ ഗൗരവ പ്രകൃതമാണെങ്കിലും എല്ലാ കുട്ടികളോടും ടീച്ചർക്കു ഒരു പ്രത്യേക വാത്സല്യം തന്നെ ഉണ്ടായിരുന്നു.

അമ്മേ നമ്മളെത്തി .. മോൾ പറയുന്നതു കേട്ടപ്പോൾ ഞാൻ ചിന്തയിൽ നിന്നുണർന്നു

അഥിതി ദേവോ ഭവ ! എന്ന സങ്കല്പവുമായി വാത്സല്യത്തോടെ പുറത്തു തട്ടി നമ്മെ വിളിക്കുന്നു.




**ഡോ: കെ. നന്ദിനി**

പ്രൊഫ. പ്ലാന്റ് ഫിസിയോളജി


'ഹോം സ്റ്റേ' എന്ന ഓമനപ്പേരുള്ള ഒരു അപ്സ്റ്റയർ അപ്പാർട്ട്മെന്റ് ആയിരുന്നു ഞങ്ങളുടെ താമസസ്ഥലം. താഴെ ആതിഥേയരും താമസിച്ചിരുന്നു.

ടീച്ചറെ പിടിച്ചിറക്കി മുകളിലുള്ള ഞങ്ങളുടെ റൂമിൽ കിടത്തി. മൂന്നു ബെഡ്റൂമുകളും ഒരു കിച്ചണുമാണ് ഞങ്ങൾ താമസിച്ചിരുന്ന അതിഥി ഭവനത്തിലുണ്ടായിരുന്നത്.

ബ്ലാങ്കറ്റെടുത്ത് ടീച്ചറെ പുതപ്പിച്ചു. ഇത്രയും നേരമായിട്ടും ടീച്ചർ ഇതുവരെ ഒന്നും സംസാരിച്ചില്ലല്ലോ എന്നു ഞാനോർത്തു. നിശ്ശബ്ദയായി ഞാനാ മുഖം നോക്കി നിന്നു. പെട്ടെന്നു തോളിൽ ഒരു കര സ്പർശം. നോക്കിയപ്പോൾ ഭർത്താവായിരുന്നു.

"കുട്ടി, ടീച്ചർ ഉറങ്ങട്ടെ', നമുക്കു പുറത്തിരിക്കാം എന്നു പറഞ്ഞു, വാതിൽ ചാരി ഞങ്ങൾ പുറത്തെ സിറ്റിംഗ് റൂമിലായിരുന്നു. അപ്പോഴേക്കും മോനും മോളും ടി.വി. ഓൺ ചെയ്തു കഴിഞ്ഞിരുന്നു. ടിവിയിൽ ഏതോ ഇംഗ്ലീഷു ഫിലിം എനിക്കതൊന്നും ശ്രദ്ധിക്കാൻ തോന്നിയില്ല.

എന്റെ ചിന്ത ടീച്ചറെ ചുറ്റി പറ്റി തന്നെയായിരുന്നു. സ്കൂൾ മൈതാനത്തിനടുത്തായി മൈതാനത്തിലേക്കു തന്നെ തുറന്നപടികളുള്ള ടീച്ചറുടെ വീട്. ടീച്ചറുടെ ഭർത്താവ് ഒരു മാഷായിരുന്നു വേറെ ഏതോ സ്കൂളിൽ പിന്നെ മൂന്നു കുട്ടികളും അമ്മയും അമ്മായിഅമ്മയും ഇതായിരുന്നു ടീച്ചറുടെ കുടുംബം.

ഇന്നത്തെ പോലെ ക്ലോറിനേറ്റഡ് 'ടാപ്പ് വാട്ടറോ, വിരലമർത്തിയാൽ നൂലുപോലെ വെള്ളം വരുന്ന വാട്ടർ പ്യൂരിഫയറോ ഇല്ലായിരുന്നു. ആ കാലത്ത് ഞങ്ങൾ ശുദ്ധമായ കിണർവെള്ളം മൺകൂജകളിൽ ക്ലാസുറൂമുകളിൽ കൊണ്ടുവെക്കും. ഒരിക്കൽ സ്കൂൾ കിണറ്റിൽ പൂച്ച വീണതിനാൽ വെള്ളം എടുക്കാൻ പറ്റാതെ വന്നപ്പോൾ ഞങ്ങളുടെ ക്ലാസിലെ ഞാനടക്കമുള്ള അയ്‌വർ സംഘം ടീച്ചറുടെ കിണറ്റിൽ വെള്ളം എടുക്കുവാൻ ചെന്നു. പെട്ടെന്ന് അകത്തു നിന്നും ഒരു ശബ്ദം - ആരാണ് വെള്ളമെടുക്കുന്നത് ?.......

ഞങ്ങൾ ഒന്നും മിണ്ടാതെ പേടിച്ചു നിന്നു. ടീച്ചറുടെ അമ്മയായിരുന്നു അത്. പുറത്തേക്കു വന്ന ആ അമ്മ എന്നെ ചൂണ്ടി പറഞ്ഞു. "ഈ കുട്ടിവെള്ളം കോരിയാൽ മതി". ഞാൻ തന്നെ വെള്ളം കോരി മൺ കുജയിൽ നിറച്ചു. അപ്പോഴേക്കും അടുത്ത ക്ലാസ്സു കാർ വെള്ളമെടുക്കാനെത്തി.

അതാവരുന്നു ആ അമ്മയുടെ ജല്പനം വീണ്ടും. "ഈ കുട്ട്യന്നെ എല്ലാവർക്കും വെള്ളം കോരി കൊടുത്താൽ മതി. എല്ലാവരും കൂടി തൊട്ടെന്റെ കിണറ് അശുദ്ധാക്കരത്." ശുദ്ധാശുദ്ധങ്ങളെപ്പറ്റി ഞങ്ങൾക്കു വലിയ വകതിരിവൊന്നും ഉണ്ടായിരുന്നി ല്ല. എങ്കിലും അവർ എനിക്കൊന്തോ ശിക്ഷ തരുന്ന തുപോലെയാണെനിക്കു തോന്നിയത്. കയറു വലിച്ച് വലിച്ച് ചുവന്ന ഉള്ളം കയ്യിലേക്കു നോക്കി ഞാൻ വീണ്ടും വെള്ളം കോരൽ പ്രക്രിയ ആരംഭിച്ചു. അപ്പോ ഴേയ്ക്കും സുസ്മേരവദനയായി ടീച്ചർ കിണറ്റിനടുത്തേ ക്കെത്തി. ആ അമ്മ ടീച്ചറുടെ കാതിലെന്തോ അടക്കം പറയുന്നതു കണ്ടു. ടീച്ചർ എന്നെ നോക്കി "കുട്ടി ക്ഷീണിച്ചെങ്കിൽ മാറ്; ഞാൻ വെള്ളം കോരിക്കൊടുക്കാം" എന്ന് പറഞ്ഞു. എന്റെ കയ്യിൽ നിന്നും ബക്കറ്റ് കയറും വാങ്ങി.



മനസ്സാ ടീച്ചർക്കു നന്ദി പറഞ്ഞു ഞങ്ങൾ അയ്‌വർ സംഘം സ്ഥലം വിട്ടു.

പിന്നീട് സ്കൂളിലെ സാഹിത്യ സമാജങ്ങൾ, വാർഷികാ ഘോഷങ്ങൾ എന്നീ എല്ലാ കാര്യ ങ്ങൾക്കും ചുറുചുറുക്കോടെ മുന്നിൽ നിൽക്കുന്ന ടീച്ചറെ കാണാ മായിരുന്നു. ഞങ്ങളെ ഡാൻസുപ ഠിപ്പിക്കാൻ വേണ്ടി കോഴിക്കോട്ടു നിന്നും വന്നിരുന്ന ലക്ഷ്മി ടീച്ചർ ഭരതനാട്യത്തിനു വേണ്ടി വന്ന കലാമണ്ഡലം ശങ്കരനാരാണൻ പിന്നെ നാടകത്തിനുവേണ്ടി വന്ന ചന്ദ്രൻ കാരശ്ശേരി - ഇവരു ടെയെല്ലാം ശിക്ഷണത്തിൽ ബഹുമുഖ പ്രതിഭയായി ഞാനും കാലസാഹിത്യ രംഗങ്ങളിൽ തിളങ്ങിയിരുന്നു.

ഇതിനിടയിൽ പലപ്പോഴും അസ്ത്മ ഒരു കള്ളനെപോലെ കടന്നുവന്നു ടീച്ചറെ അലോസരപ്പെ ടുത്തിയിരുന്നെന്ന് ഞങ്ങൾക്കു കിട്ടുന്ന കണക്കിന്റെ ഫ്രീ ഹവറുകളിൽ ഞാനറിഞ്ഞു. എല്ലാറ്റിനും ചുക്കാൻ പിടിച്ച് അവസാനം വാർഷികാഘോഷദിവസം ഹോസ്പിറ്റലിലായ ടീച്ചർ .......

-ഞങ്ങൾ അനാഥരായി പോയ അ[illegible] ഞങ്ങൾ കരഞ്ഞു. പ്രോഗ്രാം മാറ്റിവെയ്ക്കാന് പറ്റില്ലല്ലോ. ടീച്ചറെ മനസ്സിൽ ധ്യാനിച്ച് ഞങ്ങ[illegible] തകർത്തു.

പ്രിയപ്പെട്ട ടീച്ചർ ! ഒരു പാടു [illegible] ഇന്നെന്റെ കുട്ടികൾ അവതരിപ്പിക്കുന്ന കല[illegible]കങ്ങൾ ഹൃദയത്തിൽ തട്ടി ആസ്വദിക്കുവാനുള്ള കഴിവു ണ്ടാക്കിയതിന്.

ഇടക്കെല്ലാം ടീച്ചറും ഭർത്താവും വിരുന്നുകാ രായി ഞങ്ങളുടെ വീട്ടിൽ വന്നിരുന്നു. പടിഞ്ഞാറും കിഴക്കും കടന്നു വരാനുള്ള പടിപ്പുര ഉണ്ടായിരുന്ന വീട്ടിൽ. രണ്ടു വശത്തും നിറയെ പലതരത്തിലുള്ള ചെത്തിയും, ചെമ്പരത്തിയും, പിന്നെ പിച്ചകം, എല്ലാം നട്ടുപിടിപ്പിച്ചിരുന്നു. കിഴക്കേ മുറ്റത്തിനരികിൽ നില്ക്കുന്ന ഉഗ്രപ്രതാപിയായ അശോകവും, ഇലഞ്ഞി യും, പിന്നെ പടിഞ്ഞാറു വശത്ത് മാവിൽ കെട്ടുപി ണഞ്ഞു കിടക്കുന്ന മുല്ലവള്ളികളും. വരുമ്പോഴെല്ലാം ടീച്ചർ ചെടികളുടെ കമ്പുകൾ കൊണ്ടുപോകുമായിരു ന്നു.

ഒടുവിൽ ഹൈസ്കൂൾ കഴിഞ്ഞു ഞാൻ നഗരത്തിലെ സിസ്റ്റർമാർ നടത്തുന്ന പ്രസിദ്ധമായ വനിതാ കോളേജിൽ ചേർന്നു തികച്ചും മറ്റൊരു ലോകം. അവിടുത്തെ ബഹളത്തിലും എപ്പോഴെല്ലാമോ ടീച്ചർ എന്റെ മനസ്സിൽ കയറിവന്നു. ഒടുവിൽ കോളേജ് വിദ്യാഭ്യാസം കഴിഞ്ഞു ഞാൻ വിവാഹാനന്തരം പട്ടണത്തിലേക്കു തന്നെ പറിച്ചു നടപ്പെട്ടു.

പിന്നീടു അമ്മമ്മയുടെ മരണ സമയത്താണ് ഞാൻ ടീച്ചറെ കാണുന്നത്. അപ്പോഴേക്കും ടീച്ചർ ഒരു പാടു മാറിയിരുന്നു. അപ്പോഴും ആസ്ത്മയുടെ അസഹ്യതയെപ്പറ്റി ടീച്ചർ പറഞ്ഞു - വയ്യാതായിരിക്കുന്നു കുട്ട്യേ.....

ഞാനോർത്തു......

ഇന്നത്തെ പോലെ കലാലയ രാഷ്ട്രീയമോ പകപോക്കലുകളോ ഒന്നും ഇല്ലായിരുന്നു അക്കാലത്ത് പവിത്രമായ ഗുരു-ശിഷ്യ ബന്ധത്തിൽ തിളങ്ങി നിന്ന ഒരു നക്ഷത്രമായിരുന്നു എന്റെ ടീച്ചർ. ഇപ്പോഴോ... ... മാഷ്ക്കും കുട്ട്യോൾക്കും അകലങ്ങൾ കൂടിയിരിക്കുന്നു..... "ഗുഡ്മോണിംഗ് മാഡത്തിലും," "താങ്ക് യു സാറിലും," "സോറി മിസ്സിലും" മാത്രം ഒതുങ്ങുന്ന ശിഷ്യരുടെ വാക്കുകൾ. ആരൊക്കെയോ തെളിക്കുന്ന വഴിയിലൂടെ ഒന്നുമറിയാതെ നീങ്ങുന്ന നാളെയുടെ വാഗ്ദാനങ്ങൾ......... തെറ്റും ശരിയും തെറ്റായ ശരിയായും ഞങ്ങളെ കാണാൻ പഠിപ്പിച്ച ടീച്ചർ...... തെറ്റുകൾ ചെയ്താൽ അവതിരുത്താനും, മറ്റുള്ളവരുടെ കുറ്റങ്ങൾ കാണാതെ അവരവരുടെ വീഴ്ചകളെപ്പറ്റി ഗൗനിക്കാനും, അവ തിരുത്താനും സഹായിച്ച ടീച്ചർ......

ആ ടീച്ചർക്കിപ്പോൾ എന്തുപറ്റി ?.... എന്റെ ഉള്ളം തേങ്ങി.

അമ്മേ! വിശക്കുന്നു എന്ന മോളുടെ വിളികേട്ടു. ഈശ്വരാ ഞാൻ ഇത്രയും നേരം സ്വപ്നലോകത്തായിരുന്നോ ! ചാടിയെണീറ്റു.

റൂമിൽ ചെന്നു നോക്കിയപ്പോൾ ടീച്ചർ മയക്കത്തിലാണ് ഊണുമേശയിൽ ആഥിതേയരുടെ ഭക്ഷണം നിരത്തിയിരുന്നു. ടീച്ചറെ മെല്ലെ തട്ടി വിളിച്ചു - മക്കൾക്കും ഭർത്താവിനും ടീച്ചർക്കും ഭക്ഷണം വിളമ്പി. വെളുത്ത മെലിഞ്ഞ, ഞരമ്പുകൾ നിവർന്നു നിൽക്കുന്ന കൈകൾക്കൊണ്ട് ടീച്ചർ പ്ലേറ്റിൽ വെറുതെ ചിത്രം വരക്കുന്നതായെനിക്കു തോന്നി. മനസ്സെവിടേയോ വ്യാപരിക്കുകയാവാം - ഞാൻ നിർബന്ധിച്ചപ്പോൾ ടീച്ചർമെല്ലെ ഭക്ഷണം കഴിക്കാൻ തുടങ്ങി. പതിവു വാചക കസർത്തുക്കളോ പൊട്ടിച്ചിരിയോ ഇല്ലാതെ ഊണുമേശയിൽ അച്ഛനും മക്കളും നിശ്ശബ്ദരാണെന്നു ഞാനറിഞ്ഞു.

ഭക്ഷണം കഴിഞ്ഞു എല്ലാവരും എണീറ്റു. ടീച്ചർ കൈ കഴുകി തനിയെ റൂമിലേക്കു പോകുന്നതു കണ്ടു. അപ്പോഴേക്കും ഞങ്ങളുടെ ആഥിതേയർ വന്നു പാത്രങ്ങളെല്ലാം എടുത്തുമാറ്റി. അവരോടു 'നിശാമംഗള' ചൊല്ലി. ഞാൻ ടീച്ചറുടെ റൂമിലേക്കു വന്നു. ഇനി എന്തെങ്കിലും സംസാരിച്ചേക്കും. അപ്പോഴേക്കും ഭർത്താവും എന്റെ പുറകെയെത്തി, പറഞ്ഞു

'ഇന്നവർ ഉറങ്ങട്ടെ; നാളെ രാവിലെ നമുക്കെല്ലാം വിശദമായി ചോദിച്ചറിയാം'

ലൈറ്റ് ഓഫ് ചെയ്തു ടീച്ചറെ പുതപ്പിച്ച് കതകു ചാരി ഞങ്ങൾ സിറ്റൗട്ടിലേക്കു നടന്നു..... പുറത്തു ചാറ്റൽ മഴ അപ്പോഴും പെയ്യുന്നുണ്ടായിരുന്നു. തണുപ്പിനു കട്ടി കൂടിയിരിക്കുന്നു..... അകലെ ഇരുട്ടിൽ നക്ഷത്രങ്ങൾ പോലെ മിന്നുന്നു ഇലക്ട്രിക് ബൾബുകൾ.......

റൂമിൽ വന്നു കിടന്നതോ, ഉറങ്ങിയതോ ഒന്നും എനിക്കോർമ്മയില്ലായിരുന്നു. മൊബൈൽ അലാറാം കേട്ട് രാവിലെ ചാടിയെണീറ്റു. ടീച്ചറുടെ റൂമിലേക്കാണ് നേരെ പോയത്. അവിടെ ബെഡ്ഡിൽ ടീച്ചറെ കണ്ടില്ല. ബാത്ത് റൂമിലായിരിക്കും.... പക്ഷേ വെള്ളത്തിന്റെ ശബ്ദമൊന്നും കേൾക്കുന്നില്ലല്ലോ.... വേഗം തന്നെ നല്ല ഉറക്കത്തിലായിരുന്ന ഭർത്താവിനെ കുലുക്കി വിളിച്ചു വിവരം പറഞ്ഞു.

ആ വീട്ടിലൊന്നും ടീച്ചറില്ല. വേഗം ഞാൻ മൊബൈൽ കയ്യിലെടുത്തു. വീട്ടിലേക്കു വിളിച്ചു. മറുതലക്കിൽ അമ്മയുടെ ശബ്ദം. മോളെ..... എന്തു പറ്റി ഇത്ര രാവിലെ വിളിക്കാൻ ? വിവരമൊന്നും പറയാതെ ഞാൻ ടീച്ചറുടെ വീട്ടിലെ നമ്പർ ചോദിച്ചു.

അമ്മയുടെ പ്രതികരണം "ഓ..... അപ്പോൾ നീയെങ്ങിന്യാ അറിഞ്ഞേ? ടീച്ചർ ഇന്നലെ വൈകുന്നേരം മരിച്ച വിവരം നിങ്ങൾ യാത്രയിലല്ലേ നാട്ടിലെത്തിയിട്ടു വിവരം പറയാന്നു..........." പിന്നെ ഞാനൊന്നും കേട്ടില്ല- ഫോൺ കൈയ്യിൽ നിന്നും വീണതും, പുറകിൽ അച്ഛനും മക്കളും കൂടി എന്നെ താങ്ങിയതും റൂമിൽ കൊണ്ടുപോയി കിടത്തിയതും..... ഒന്നും ...... ഒന്നും....... ഞാനറിഞ്ഞില്ല - ക്രമേണ മയക്കത്തിലേക്കു വീണു പോകുന്ന ഞാൻ....... പുറത്തു അപ്പോഴും പെയ്യുന്ന ചാറ്റൽ മഴ.......

# വി
# ശ
# പ്പ്


കാർത്തിക കെ.എസ്.

പെഗാസസ് 04




നാലുചുറ്റും ഉയർന്നുനില്ക്കുന്ന കുറ്റൻ മതിൽകെട്ടിനകത്ത് മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും മദിക്കുന്ന ഗന്ധം പേറുന്ന ആൺ ജയിലിലെ ഏറെ ക്രിമിനലുകൾക്കിടയിൽ, നാമമില്ലാത്ത, വിലാസമില്ലാത്ത, മൂന്നക്കത്താൽ മാത്രം അറിയപ്പെടുന്ന താൻ നമ്പർ - 301 . ആരോരുമില്ലാത്ത തന്റെ അനാഥത്വം ഏറ്റെടുത്ത തെരുവിൽ നിന്നും ഏതോ ഒരു റിമോട്ട് കൺട്രോൾ തന്നെ ഈ ചുവരുകൾക്കുള്ളിലെ വെറും നമ്പറാക്കി. അവകാശപ്പെടാൻ പോലും മാതൃത്വമില്ലാത്ത, സ്വന്തമായി ഒരു വിലാസമില്ലാത്ത താൻ നിഷേധിയായില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ....

ജയിലിലിലെ ഏകാന്തത തന്നെ ഒരു ഭ്രാന്തനാക്കി. സഹതടവുകാർ പലവിധം. അബദ്ധത്തിൽ ചെയ്തുപോയ കൃത്യത്തിന്റെ പശ്ചാത്താപത്തിൽ കണ്ണീരുമൊഴുക്കി ഓരോ ദിനവും തള്ളി നീക്കുന്നവർ...., കൊല്ലും കൊലയും സ്ഥിരം തൊഴിലാക്കി വീണ്ടും താമസിക്കാൻ മടങ്ങിയെത്തുന്നവർ ...... പുറം ലോകം സ്വപ്നംകണ്ട്, മടങ്ങിവരവിനെ പ്രിയമുള്ളവർ എങ്ങനെ സ്വീകരിക്കുമെന്ന ആശങ്കാകുലർ...... അങ്ങനെ - അങ്ങനെ..... തന്റെ സ്ഥാനം ഇതിലെവിടെയാണോ ? കുറേ നാളത്തെ തടവറ വാസത്തിനുശേഷം ഇന്ന് തനിക്ക് സ്വാതന്ത്ര്യലബ്ധിയാണ്. എങ്ങോട്ട് പോകാൻ ? അനാഥത്വം തനിക്ക് നേരെ കൊഞ്ഞനം കുത്തുന്നു. "തന്റെ വിശപ്പ്" അതതിന്റെ സർവ്വ ശക്തിയുമെടുത്ത് ആക്രമണം ആരം



ഭിച്ചു കഴിഞ്ഞിരിക്കുന്നു. വയറ്റിനുള്ളിൽ നിന്നും ശബ്ദം ഉയർന്നു കേൾക്കുന്നു. അതിന്റെ പ്രതിധ്വനി കാതിൽ - അലോസരമുണ്ടാക്കുന്നു. അടങ്ങൂ വിശപ്പേ ! തന്നെപ്പോലുള്ളവർക്ക് വിശക്കാൻ പോലും അവകാശമില്ല. നിമിഷം നീങ്ങുന്നതോടൊപ്പം വിശപ്പും വർദ്ധിച്ചുവരുന്നു. താൻ ഇവിടെ വരാൻ കാരണം ഈ വിശപ്പാണ്. "തന്റെ നശിച്ച ഒരു വിശപ്പ് !"

* * *

"എടോ - തന്നെ ജയിലർ വിളിക്കുന്നു." തല്ക്കാലം ചിന്തകൾക്കും വിശപ്പിനും വിരാമമിട്ട് അയാൾ എഴുന്നേറ്റു. സ്വാതന്ത്ര്യം ലഭിക്കാൻ പോകുന്നു. ജയിലർ അയാളുടെ നേർക്ക്, അയാളുടെ കീറക്കുപ്പായവും, സമ്പാദ്യമായ അല്പം ചില്ലറത്തുട്ടുകളും നീട്ടി - "[illegible] [illegible]" വിരലടയാളം വിടുതലിൽ പതിപ്പിച്ച് 301 നമ്പർ കുപ്പായത്തെ ഉപേക്ഷിച്ച്, പഴകിജീർണ്ണിച്ച തന്റെ കീറകുപ്പായത്തിലേക്ക അയാൾ കുടിയേറി. ജയിലിനു പുറത്തു വന്ന അയാൾക്ക് വിശപ്പ് വർദ്ധിക്കുകയായിരുന്നു.

പുറത്ത്, ആധുനികതയുടെ തിരക്കേറിയ നഗരം- അതിന്റെ ഹൃദയം കീറിമുറിച്ചു പായുന്ന നീണ്ട് എഴുപതടി വീതിയുള്ള ടാർ റോഡുകൾ. ഓട്ടക്കീശയുമായെത്തുന്ന ഒരു ജയിൽപ്പുള്ളിക്ക് ആഹാരം നല്കാൻ ഈ തിരക്കിനെവിടെ സമയം ? വലിയ റോഡരുകിൽ നഗരസഭയുടെ മാലിന്യക്കുമ്പാരം- നഗരത്തിലെ മുന്തിയ ഹോട്ടലുകളിൽ നിന്നും പുറന്തള്ളുന്ന ഭക്ഷണാവശിഷ്ടങ്ങൾ തെരയുനാ

യ്ക്കളും പശുക്കളും കടിച്ചുവലിക്കുന്നു. പൊട്ടിക്കീറിയ വാഴയിലയിലെ അവശേഷിക്കുന്ന ഒരു വറ്റുചോറിനായ് മൃഗങ്ങളോടൊപ്പം തെരുവിന്റെ മറ്റൊരു മനുഷ്യസന്തതിയും ! തന്നെപ്പോലെതന്നെ വിശപ്പിന്റെ മറ്റൊരു ഇര!

അയാൾ മുമ്പോട്ടു നടന്ന് ആ കുട്ടിയെ തന്നോട് ചേർത്തു പിടിച്ചു. കാല്പാദങ്ങൾ വേഗത്തിൽ മുമ്പോട്ട് ചലിച്ചുകൊണ്ടിരുന്നു. എങ്ങോട്ടെന്നില്ലാതെ-യാന്ത്രികമായി..... "നിനക്കു വിശക്കുന്നോ?" അയാൾ കുട്ടിയോട് ചോദിച്ചു . "ഉവ്വ് " എന്ന മറുപടിക്കുനേരെ അയാൾ ചിരിച്ചു. "വിശക്കാൻ നമ്മളെപ്പോലുള്ള തെരുവുസന്തതികൾക്കവകാശമില്ല. എന്നാലും നിനക്കു ഞാൻ വയറുനിറയെ ഭക്ഷണം തരും." കയ്യിലുണ്ടായിരുന്ന ചില്ലറത്തുട്ടുകൾ സ്വരുപിച്ച് അയാൾ ഒരു പൊതിചോറ് വാങ്ങി. അവനെ ഊട്ടി. ആർത്തിയോടെ അവനത് വാരിത്തിന്നുമ്പോൾ അയാളുടെ വിശപ്പ് അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തുകയായിരുന്നു.

"കുഞ്ഞേ, എന്നോട് ക്ഷമിക്കുക. എന്നെപ്പോലെ മറ്റൊരാളെ ഇനി ഈ തെരുവിന് ആവശ്യമില്ല." അയാളുടെ ബലിഷ്ഠമായ കരങ്ങൾ അവന്റെ കഴുത്തിൽ മുറുകുമ്പോൾ, ഒന്ന് നിലവിളിക്കുവാൻ പോലും വയ്യാത്ത വിധം, അവന്റെ വായ്ക്കുള്ളിൽ ഭക്ഷണശകലം നിറഞ്ഞിരുന്നു. ശ്വാസത്തിനായി പിടഞ്ഞ അവന്റെ കണ്ണുകൾ പുറത്തേക്കു തള്ളി. നിമിഷങ്ങൾക്കുള്ളിൽ അയാളുടെ കൈവെള്ളയിൽ ചേതനയറ്റ ഒരു ശരീരം...മാത്രം.

വായിൽനിന്നും തള്ളിനിന്ന വറ്റുചോറ് അയാളുടെ നേർക്ക് നീണ്ടുവരുന്നതായി അയാൾക്ക് അനുഭവപ്പെട്ടു. പുറത്തേക്ക് തുറിച്ചുനിന്ന കണ്ണുകൾ തൊടുത്ത ചോദ്യശരങ്ങൾക്കു മുമ്പിൽ അയാൾ നിശ്ശബ്ദനായി.... വീണ്ടുമൊര് ക്കൽ കൂടി അവൻ നേരെ നോക്കാൻ അയാൾ ധൈര്യപ്പെട്ടില്ല...... അവിടെ നിന്നെഴുന്നേറ്റു നടന്ന അയാൾ താല്ക്കാലികമായി വിശപ്പിനെ കീഴടക്കി..... വിശപ്പ് മരവിച്ച അവസ്ഥ... വിശപ്പ് വീണ്ടും തന്നെ കുറ്റവാളിയാക്കി.

* *

അവസാനം.... വീണ്ടും ആ നാലുചുമരുകൾക്കുള്ളിൽ ... കൊലയാളിയായി താൻ മടങ്ങിയെത്തി.... വീണ്ടും ഒരു നമ്പർ...... ഭക്ഷണസമയം - മണി മുഴങ്ങി. ... വിശപ്പ് വീണ്ടും ആക്രമണം ആരംഭിച്ചിരിക്കുന്നു. !!


# M.V. THOMAS CHICKEN MERCHANT

Market Road, Mannuthy
Phone : Shop : 3298088, Resi :3959088
Mobile :9388556037, 9847073164





# A.A.S. FISH STALL

General Market, Mannuthy
Phone : 2371905

# എന്റെ കളിത്തോഴി

എന്റെ മനസ്സിനെ ഈറനണിയിപ്പിച്ച
പുതുമഴയാണെൻ കളിത്തോഴി
എന്റെ ഹൃദയത്തിൽ നിന്നുത്ഭവിക്കും
നാദമാണെന്റെ കളിത്തോഴി
എന്റെ മനസ്സിന്റെ ഉള്ളറകളെ
തട്ടിയുണർത്തിയ അവളുടെ
വിരൽത്തുമ്പുകളിൽ ഞാനെന്റെ
വിരൽ കോർത്ത് മന്ത്രിക്കും
നീയെന്റെ ജീവന്റെ രാഗമാണ്
എന്റെ രാവിന്റെ പകലാണ്

അവളൊരു കുളിർ
കാറ്റായി എന്നിലേക്ക് വീശുമെങ്കിലും
അവൾ തൻ മാനസം ഒരു
ചുടുകാറ്റായി അലയടിച്ചിരുന്നു
ദു:ഖത്തിൻ ഒരായിരം മഞ്ഞിൻ തുള്ളി
അവളുടെയുള്ളിൽ ഉറഞ്ഞുകൂടിയിരുന്നു
അവളുടെ ഹൃദയത്തിൽ നഷ്ടബോധ-
ത്തിൻ കാലവർഷം പെയ്തൊഴിയുന്നത്
ഞാനറിഞ്ഞിരുന്നു.

ജീവിതത്തിന്റെ അരങ്ങിൽ നിന്നും
അവൾ എന്നെ തനിച്ചാക്കി
ഇറങ്ങിപ്പോയത് അഭിനയമില്ലാത്ത
ഒരു ലോകത്തേക്കാവാം
ഇന്നുമെന്റെ മുന്നിൽ അവളൊരപൂർ-
ണ്ണമാം കവിത മാത്രം.....

ചാന്ദിനി പി. ബി.
പൊസിഡ്വൺ '07



# അവൾക്കായ്



ജില്ലു വി. സാജൻ
ഓറിയോൺ 06

